**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി XIV
# (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ
## (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂലൈ 1-ാം തീയതി സമർപ്പിച്ചത്

(Presented on 1st July, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ

## (HOME AFFAIRS)

### ആനുകാലിക റിപ്പോർട്ട്

(2014 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH 2014)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

713/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vi |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 11 |

# വിഷയനിർണ്ണയ സമിതി XIV

## ആഭ്യന്തര കാര്യങ്ങൾ

## (2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

*ശ്രീ. രമേശ് ചെന്നിത്തല,
ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

#ശ്രീ. ബെന്നി ബെഹനാൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

---

*ശ്രീ. രമേശ് ചെന്നിത്തല 2014 ജനവരി 29-ന് സമിതിയിലെ അംഗത്വം രാജിവച്ചു. തുടർന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയെന്ന നിലയിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമായി.

#ശ്രീ. ബെന്നി ബെഹനാൻ 2014 ഏപ്രിൽ 29-ാം തീയതിയിലെ 535-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം സമിതി അംഗമായി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ 1-4-2013 മുതൽ 31-3-2014 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം രൂപീകരിക്കപ്പെട്ട 2011-13 കാലയളവിലെ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം വിഷയനിർണ്ണയ സമിതിയുടെ കാലാവധി 27-12-2013-ന് അവസാനിക്കുകയുണ്ടായി. ഇതേ തുടർന്ന് 2013 ഡിസംബർ 27-ാം തീയതിയിലെ 463-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട 2013-'16 കാലയളവിലേക്കുള്ള സമിതി 28-12-2013 മുതൽ നിലവിൽ വന്നു. സമിതിയംഗം ശ്രീ. രമേശ് ചെന്നിത്തല 1-1-2014-ന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ആയതിനെ തുടർന്ന് 29-1-2014-ന് സമിതിയിലെ അംഗത്വം രാജിവയ്ക്കുകയും ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി എന്ന നിലയിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമാകുകയും ചെയ്തു. സമിതിയിൽ നിലവിൽ ചെയർമാനും എക്സ്-ഒഫീഷ്യോ അംഗവും ഉൾപ്പെടെ ആകെ 10 അംഗങ്ങളാണ് ഉണ്ടായിരുന്നത്. 2014 ഏപ്രിൽ 29-ാം തീയതിയായി 535-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം ശ്രീ. ബെന്നി ബെഹനാനെ സമിതി അംഗമായി നാമനിർദ്ദേശം ചെയ്യുകയുണ്ടായി.

2011-13 കാലയളവിലെ സമിതി 2013 ഏപ്രിൽ 1 മുതൽ 2013 ഡിസംബർ 27 വരെയും 2013-16 കാലയളവിലെ സമിതി 2013 ഡിസംബർ 28 മുതൽ 2014 മാർച്ച് 31 വരെയുമുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 16 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ വീതം 2013-14 സാമ്പത്തിക വർഷത്തേയും 2014-15 സാമ്പത്തിക വർഷത്തേയും ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ടും 3 യോഗങ്ങൾ വിവിധ ബില്ലുകൾ പരിഗണിക്കുന്നതിനും 3 യോഗങ്ങൾ സമിതിയുടെ പരിഗണനയിലിരിക്കുന്നതായ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബില്ലിന്മേൽ തെളിവെടുപ്പ് നടത്തുന്നതുമായി ബന്ധപ്പെട്ടും ശേഷിച്ച 4 യോഗങ്ങളിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, എസ്. ആർ. ഒ. വിജ്ഞാപനങ്ങൾ എന്നിവ പരിഗണിക്കുന്നതിനും ഒരു യോഗം ചട്ടം 235 എ അനുസരിച്ചുമാണ് ചേർന്നിട്ടുള്ളത്. സമിതിയോഗങ്ങളിലെ ശരാശരി ഹാജർനില 49% ആയിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടേയും വിവരങ്ങളും രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും അതിന്മേൽ സർക്കാരിൽനിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ മറുപടികളും ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകളുടെയും ചട്ടം 236(6) പ്രകാരം

സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ പ്രവർത്തന റിപ്പോർട്ടുകളുടെയും വിവരങ്ങളും ചേർത്തിരിക്കുന്നു. റിപ്പോർട്ടിന്റെ മൂന്നാം ഭാഗത്ത് സമിതി പരിശോധിച്ച കരട് ചട്ടങ്ങൾ, സാധൂകരിച്ച എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, സമിതി പരിഗണിച്ച ബില്ലുകൾ, ചട്ടം 235 എ പ്രകാരം സമിതിയോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത വിഷയങ്ങൾ എന്നിവയുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 19-5-2014- ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**ഉമ്മൻ ചാണ്ടി,**
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി XIV.*

തിരുവനന്തപുരം,
2014 മേയ് 19.

# റിപ്പോർട്ട്

ഭാഗം 1

സമിതി 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 16-4-2013, 23-4-2013 എന്നീ തീയതികളിലും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 20-2-2014, 25-2-2014 എന്നീ തീയതികളിലും യോഗം ചേർന്ന് താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തി:

ധനാഭ്യർത്ഥന II — സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർത്ഥന III — നീതിന്യായ നിർവ്വഹണം

ധനാഭ്യർത്ഥന IV — തെരഞ്ഞെടുപ്പുകൾ

ധനാഭ്യർത്ഥന XII — പോലീസ്

ധനാഭ്യർത്ഥന XIII — ജയിലുകൾ

ധനാഭ്യർത്ഥന XIV — സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന XVIII — വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന XXIII — വാർത്താവിതരണവും പ്രചരണവും

ധനാഭ്യർത്ഥന XXIV — തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർത്ഥന XXV — പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2013-2014 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 6-5-2013-ന് ചേർന്ന സമിതി യോഗം അംഗീകരിക്കുകയും പരിശോധന സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് (മൂന്നാമത് റിപ്പോർട്ട്) 2013 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതിയുടെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2013 ജൂൺ 20-ാം തീയതിയും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2013 ജൂലൈ 8-ാം തീയതിയും സഭയിൽ സമർപ്പിച്ചു.

2014-2015 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 11-3-2014-ന് ചേർന്ന സമിതി യോഗം അംഗീകരിച്ചു.

ഭാഗം 2

**I. വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ചുവടെ ചേർത്തിട്ടുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

## (എ) 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശുപാർശ

2070-00-119-96—മലയാളം മിഷൻ

മലയാള ഭാഷയും സംസ്കാരവും വിദേശ മലയാളികളുടെ കുട്ടികൾക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട മലയാളം മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അധിക ധനാഭ്യർത്ഥനവഴി 2008-09 വർഷത്തിൽ അനുവദിച്ചിരുന്നു. 2009-10 വർഷത്തിൽ ഇതിനുവേണ്ടി 83,75,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വിദേശ രാജ്യങ്ങളിലുള്ള മലയാളികളുടെ കുട്ടികൾക്കും മിഷന്റെ സേവനം ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിലെ വിഹിതം 1 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2009-10-ലെ ബജറ്റിൽ തുക ലഭ്യമല്ലാതിരുന്നതിനാൽ ചെലവായ 9,35,595 രൂപ മറ്റു ശീർഷകങ്ങളിൽനിന്നും തുക കണ്ടെത്തി ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അധികമായി ശുപാർശ ചെയ്ത ഒരു കോടി രൂപ ലഭ്യമായിട്ടില്ല.

(ഗവ. കത്ത് നമ്പർ 17970/ഔ.ഭാ1/12/ഉ.ഭ.പ.വ തീയതി 26-11-2012)

ശുപാർശ

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

2009-10 സാമ്പത്തിക വർഷത്തിൽ 65,000 രൂപ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 60,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ കുറവ് വന്ന 5,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പിന്റെ 18-1-2010-ലെ ഉത്തരവു നമ്പർ സ.ഉ.(സാ.) 448/10/ധന. പ്രകാരം 30,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 17970/ഔ.ഭ 1/12/ഉ.ഭ.പ.വ. തീയതി 26-11-2012)

<u>ശുപാർശ</u>

45—<u>പി.ഒ.എൽ.</u>

ഔദ്യോഗിക ഭാഷാവകുപ്പിന്റെ വാഹനത്തിന് ഡീസൽ നിറയ്ക്കുന്നതിനുള്ള ചെലവ് വഹിക്കുന്ന ഈ ശീർഷകത്തിൽ 2009-10 വർഷത്തിൽ 1,45,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 79,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സിവിൽ സപ്ലൈസിന് ഇന്ധനം നൽകിയ വകയിൽ ധാരാളം കുടിശ്ശിക ഉള്ളതിനാൽ 61,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനകാര്യ വകുപ്പിന്റെ 18-1-2010-ലെ ഉത്തരവ് നമ്പർ സ.ഉ. (സാധാ.) 448/10/ധന. പ്രകാരം 50,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

(ഗവ. കത്ത് നമ്പർ 17970/ഔ.ഭ.1/12/ഉ.ഭ.പ.വ. തീയതി 26-11-2012)

<u>ശുപാർശ</u>

34—<u>മറ്റു ചെലവുകൾ</u>

ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിതനയം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ഭരണഭാഷാ സേവന പുരസ്കാരവും ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരവും നൽകുന്നുണ്ട്. ഇതിലേക്ക് ഒരു ലക്ഷം രൂപയെങ്കിലും വേണ്ടിവരും. കൂടാതെ ഔദ്യോഗിക ഭാഷാ പരിശീലന പരിപാടിയുടെ കോഴ്സ് ഫീസ് വർദ്ധിപ്പിക്കാത്തതുകൊണ്ട് ജീവനക്കാർക്കുള്ള പരിശീലന പരിപാടി ഐ.എം.ജി. നിർത്തിവച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അനുവദിച്ചിരിക്കുന്ന 9,78,000 രൂപയ്ക്ക് പുറമെ 20,22,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ധനകാര്യവകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല.

(ഗവ. കത്ത് നമ്പർ 17970/ഔ.ഭ 1/12/ഉ.ഭ.പ.വ. തീയതി 26-11-2012)

## (ബി) 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ഈ റിപ്പോർട്ടിൽ, റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച് അംഗീകരിച്ച ഖണ്ഡിക 1 മുതൽ 16 വരെയും 18 മുതൽ 29 വരെയും 39 മുതൽ 60 വരെയും 62 മുതൽ 69 വരെയും 72 മുതൽ 80 വരെയും ഖണ്ഡിക 86, 88, മുതൽ 92 വരെയുമുള്ള ശുപാർശ കളിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ വിവരം 8-7-2013-ന് സഭയിൽ സമർപ്പിച്ച സമിതിയുടെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട് [ചട്ടം 236(5)].

## (സി) 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ഈ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചട്ടം 236(5) പ്രകാരം തയ്യാറാക്കുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് പ്രത്യേകമായി സമർപ്പിക്കുന്നതാണ്.

## II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കാതിരുന്നത് സംബന്ധിച്ച് ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ

2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 32, ഖണ്ഡിക 33 മുതൽ 38 വരെയും ഖണ്ഡിക 71 എന്നിവയിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ 28-1-2014, 5-2-2014 എന്നീ തീയതികളിലായി സഭയിൽ സമർപ്പിച്ചു.

## III. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച പ്രവർത്തന റിപ്പോർട്ടുകൾ

(i) 2010-11 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ പ്രവർത്തന റിപ്പോർട്ട് (8-7-2013-ന് സഭയിൽ സമർപ്പിച്ചു).

(ii) 2010-11, 2012-13 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തന റിപ്പോർട്ടുകൾ (8-7-2013, 5-2-2014 എന്നീ തീയതികളിൽ യഥാക്രമം സഭയിൽ സമർപ്പിച്ചു).

(iii) 2010-11 വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച രാസ പരിശോധന ലബോറട്ടറി വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

(iv) 2010-11 സാമ്പത്തിക വർഷം പ്രത്യേക പ്രതിനിധി കേരള, ന്യൂഡൽഹി എന്ന് കണക്കിനത്തിൽ ലഭിച്ച ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

(v) 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച കേരള വിവരാവകാശ കമ്മീഷന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

(vi) 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച അച്ചടി വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന്സഭയിൽ സമർപ്പിച്ചു).

(vii) 2010-11, 2012-13 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണ (സ്പെഷ്യൽ) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട്.

(viii) 2010-11, 2012-13 സാമ്പത്തിക വർഷങ്ങളിൽ പബ്ലിക് അഡ്മിനിസ്ട്രേഷനുള്ള വാർഷിക വരിസംഖ്യ എന്ന കണക്കിനത്തിൽ ലഭ്യമായ വാർഷിക ബജറ്റ് വിഹിതം ചെലവഴിച്ചു സംബന്ധിച്ച പൊതുഭരണ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (8-7-2013-ന് സഭയിൽ സമർപ്പിച്ചു.)

(ix) 2010-11 സാമ്പത്തികവർഷം ലഭ്യമായ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഹൈക്കോടതിയുടേയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും പ്രവർത്തന റിപ്പോർട്ട് (5-2-2014-ന് സഭയിൽ സമർപ്പിച്ചു).

(x) 2011-12 സാമ്പത്തിക വർഷം ലഭ്യമായ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (8-7-2013-ന് സഭയൽ സമർപ്പിച്ചു).

(xi) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തന റിപ്പോർട്ട് (8-7-2013-ന് സഭയിൽ സമർപ്പിച്ചു).

(xii) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഇലക്ഷൻ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (8-7-2013-ന് സഭയിൽ സമർപ്പിച്ചു).

(xiii) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചതസംബന്ധിച്ച സാമ്പത്തികകാര്യ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (8-7-2013-ന് സഭയിൽ സമർപ്പിച്ചു).

(xiv) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച നോർക്ക വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (8-7-2013-ന് സഭയിൽ സമർപ്പിച്ചു).

(xv) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പൊതുഭരണ (ബജറ്റ് വിംഗ്) വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

(xvi) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ഔദ്യോഗികഭാഷാ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

(xvii) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച നിയമ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

(xviii) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

(xix) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

(xx) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വിജിലൻസ് വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

(xxi) 2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തന റിപ്പോർട്ട് (21-1-2014-ന് സഭയിൽ സമർപ്പിച്ചു).

## ഭാഗം 3

### I. ചട്ടങ്ങളുടെ പരിശോധന

(എ.) സമിതിയുടെ 29-6-2013, 8-7-2013, 21-10-2013, 30-1-2014, 12-2-2014 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങൾ താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

(i) ഭേദഗതിയോടെ അംഗീകരിച്ച കരട് ചട്ടങ്ങൾ

(1) The Members of the Kerala Legislative Assembly (Reimbursement of Advance Incurred for the Purchase of Books) Rules, 2013.

(2) The Kerala Jail Service (Amendment) Special Rules, 2012.

(3) The Kerala State and Subordinate Services (Amendment) Rules, 2012.

(4) The Special Rules for the various Technical Posts in the State Forensic Science Laboratory, 2010

(5) 2013-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ.

(6) The Public Service (Raising of Upper Age Limit for Appointment) Rules, 2013.

(ii) ഭേദഗതി കൂടാതെ അംഗീകരിച്ച കരട് ചട്ടങ്ങൾ

(1) The Members of the Kerala Legislative Assembly (Accident Insurance) Amendment Rules, 2013

(2) The Kerala Service (....Amendment) Rules, 2013 (Amendment to Appendix VII, KSR)

(3) The Kerala Service (....Amendment) Rules, 2013 (Amendment to Rule 90A, 93 & 103 of Part 1, KSR and Appendix VII)

(4). The Kerala Service (.... Amendment) Rules, 2013 (Amendment to Part IV)

(5) The Kerala Last Grade Service (.....Amendment) Special Rules, 2013

(6) The Kerala Govt. Law Officers (Appointment and Conditions of Service) and Conduct of Cases (Amendment) Rules, 2013

(7) The Kerala Service (.... Amendment) Rules, 2013 (Amendment to Appendix II, Part 1 KSR)

(8) The Kerala General Subordinate (Miscellaneous Post in the Secretariat) Amendment Special Rules.

(iii) 30-1-2014-ലെ സമിതി യോഗതീരുമാന പ്രകാരം പരിഗണന മാറ്റിവയ്ക്കപ്പെട്ട കരട് ചട്ടങ്ങൾ

(1) കേരള ഗവ. പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2009

കേരള ഗവ. പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച കരട് ചട്ടം നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി ആയത് നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുന്നതിന് തീരുമാനമെടുത്തു.

(2) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ

അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബോർഡിൽ ആഫീസർമാരുടേയും ആഫീസ് ജീവനക്കാരുടേയും നിയമനം നേരിട്ടു നടത്തുന്നതിന് ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ള 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ സംബന്ധിച്ച കരട് ചട്ടം, പ്രസ്തുത ഭേദഗതി നിർദ്ദേശം സ്വീകാര്യമല്ലാത്തതിനാൽ അംഗീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിക്കുകയുണ്ടായി.

(iv) 12-2-2014-ലെ സമിതിയോഗ തീരുമാനപ്രകാരം വിശദമായ പരിഗണനയ്ക്കായി മാറ്റിവയ്ക്കപ്പെട്ട കരട് ചട്ടങ്ങൾ

1. കേരള സർവ്വീസ് (.....അമെന്റ്മെന്റ്) റൂൾസ്, 2013

2. 2013-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ (ഭേദഗതി) ചട്ടങ്ങൾ.

ബി. 16-4-2013, 8-7-2013, 21-10-2013, 12-2-2014 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം സമിതിയുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കാതെ പുറപ്പെടുവിച്ചിട്ടുള്ള താഴെപ്പറയുന്ന ചട്ടങ്ങൾക്ക് സാധൂകരണം നൽകി:

(i) ഭേദഗതിയോടെ സാധൂകരിച്ച ചട്ടം

SRO No. 158/2013 - The Members of the Kerala Legislative Assembly (House Building Advance) Rules, 2013.

(ii) ഭേദഗതി കൂടാതെ സാധൂകരിച്ച ചട്ടങ്ങൾ

(1) SRO No.73/2013—2010-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഉപദേശക ബോർഡ് (ചെയർമാൻ, അംഗങ്ങൾ, ജീവനക്കാർ, എന്നിവരുടെ സേവന വ്യവസ്ഥ) ചട്ടങ്ങൾ.

(2) SRO No. 10/2013—2012-ലെ കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ്.

(3) SRO No. 2/13—കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2013.

(4) SRO No. 824/12—The Kerala Govt. Law Officers Appointment and Conditions of Service and Conduct of Cases (Second Amendment) Rules, 2012.

(5) SRO No. 181/2013—The Kerala Service ($5^{th}$ Amendment) Rules, 2013.

(6) SRO No. 321/13—The Kerala Judicial Services (Amendment) Rules, 2013.

(7) SRO No. 479/13—The Kerala State and Subordinate Services ($2^{nd}$ Amendment) Rules, 2013.

(8) SRO No. 695/13—2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ.

II. **ബില്ലുകളുടെ പരിശോധന**

2-4-2013, 30-1-2014, 5-2-2014 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗം യഥാക്രമം താഴെപ്പറയുന്ന ബില്ലുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

(1) 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ

(2-4-2013-ലെ യോഗം ഭേദഗതിയോടെ അംഗീകരിച്ചു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 3-4-2013-ന് സഭയിൽ സമർപ്പിച്ചു).

(2) 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ

(30-1-2014-ലെ യോഗം ഭേദഗതികളോടെ അംഗീകരിച്ചു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 3-2-2014-ന് സഭയിൽ സമർപ്പിച്ചു).

(3) 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

(5-2-2014-ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിച്ചു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 6-2-2014-ന് സഭയിൽ സമർപ്പിച്ചു).

III. **ചട്ടം 235 എ പ്രകാരമുള്ള ചർച്ച**

സമിതി 21-10-2013-ന് യോഗം ചേർന്ന് "രാസപദാർത്ഥ പരിശോധനശാല-അനിവാര്യമായ വികസന പ്രവർത്തനങ്ങൾ" എന്ന വിഷയം സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ അനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി.

**ഉമ്മൻ ചാണ്ടി,**
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി XIV.*

തിരുവനന്തപുരം,
2014 മേയ് 19.

അനുബന്ധം

## 2013 ഏപ്രിൽ 2-ാം തീയതിയിലെ യോഗനടപടികുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ ഒരു യോഗം 2013 ഏപ്രിൽ മാസം 2-ാം തീയതി, സഭാ സമ്മേളനത്തിനുശേഷം രാവിലെ 11.10-ന് നിയമസഭാ കോംപ്ലക്സിലെ V-ഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനായ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും താഴെ പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. സി. ദിവാകരൻ
4. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
5. ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. വി. ദിനേശ്, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

സമിതി 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

(i) In the enacting formula for the words "Sixty third" the words "Sixty fourth" shall be substituted.

(ii) In clause 1 (1) for the figure "2012" the figure "2013" shall be substituted.

സമിതി അംഗങ്ങളായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. സി. ദിവാകരൻ എന്നിവർ റിപ്പോർട്ടിന്മേൽ വിയോജനം രേഖപ്പെടുത്തി.

സമിതി യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 2 2013 ഏപ്രിൽ 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം വിഷയനിർണ്ണയ സമിതി 2013 ഏപ്രിൽ മാസം 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രത്യേക ക്ഷണിതാവായി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫും പങ്കെടുത്ത പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം.എൽ.എ.
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ,,
3. ശ്രീ. സി. ദിവാകരൻ, ,,
4. ശ്രീ. പി. സി. ജോർജ്, ,,
5. ശ്രീ. മാത്യു റ്റി. തോമസ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി & ഡയറക്ടർ, ഐ.എം.ജി.
2. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.
3. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ വകുപ്പ്.
4. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വിവരസാങ്കേതികവിദ്യാ വകുപ്പ്.
5. ശ്രീ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
6. ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്.
7. ശ്രീ. കെ. അജയകുമാർ, സെക്രട്ടറി, അച്ചടിയും സ്റ്റേഷനറിയും വകുപ്പ്.
8. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, നോർക്ക വകുപ്പ്.

9. ശ്രീ. പി. സി. ബിനോയ്, സെക്രട്ടറി, കെ. പി. എസ്. സി.

10. ശ്രീ. കെ. രാജേന്ദ്രപ്രസാദ്, സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ.

11. ശ്രീ. ടി. ജെ. മാത്യു, സെക്രട്ടറി, ഉദ്യോഗസ്ഥഭരണപരിഷ്ക്കാര വകുപ്പ് & വിവരപൊതുജനസമ്പർക്ക വകുപ്പ്.

12. ശ്രീ. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.

13. ശ്രീമതി പി. വി. ഓമന, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

14. ശ്രീ. ജോജിത് മാത്യു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

15. ശ്രീ. വി. കെ. ബാലകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

16. ശ്രീമതി റ്റി. ഡി. ഫ്രീഡ ജാസ്മിൻ, അഡീഷണൽ സെക്രട്ടറി, പി. & എ.ആർ.ഡി.

17. ശ്രീമതി ഡി. ശ്യാമ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

18. ശ്രീ. കെ. എസ്. അനിൽ കുമാർ, അഡീഷണൽ സെക്രട്ടറി, ഐ. ടി. വകുപ്പ്.

19. ശ്രീ. ആർ. എസ്സ്. കണ്ണൻ, അഡീഷണൽ സെക്രട്ടറി, നോർക്ക.

20. ശ്രീ. ഇ. എസ്. ജോൺസൺ, അഡീഷണൽ സെക്രട്ടറി & ഡി.ആർ.(എ), കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ.

21. ഡോ. മോട്ടിലാൽ, ചീഫ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.

**I. യോഗത്തിൽ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XIV, XXIII, XXIV എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു:**

## ധനാഭ്യർത്ഥന II

2013-00-101-99-01-4—മന്ത്രിമാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ്

ഈ ഇനത്തിൽ മുൻവർഷം 23,60,149 രൂപ ചെലവ് വന്നിട്ടില്ലതിനാൽ നടപ്പു വർഷം അനുവദിച്ച 11,88,000 രൂപയ്ക്ക് പുറമെ ഈ ഇനത്തിൽ 13,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന വകുപ്പിന്റെ ആവശ്യം പരിഗണിച്ച് ഈ ശീർഷകത്തിൽ 13,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-104-98—മന്ത്രിമാരുടേയും ചീഫ് വിപ്പിന്റെയും പ്രതിപക്ഷനേതാവിന്റെയും ഗാർഹിക ചെലവുകൾ

ഈ വർഷത്തെ ചെലവുകൾക്കും മുൻവർഷത്തെ ബാദ്ധ്യത തീർക്കുന്നതിനുമായി നടപ്പുവർഷത്തെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 95,80,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

ഈ ഹെഡ്ഡിൽ കോഫി ഹൗസിന് കഴിഞ്ഞ വർഷം കൊടുക്കാനുള്ള 10 ലക്ഷം രൂപ കൊടുക്കാനുള്ളതുൾപ്പെടെ ഇതിലേക്ക് 20,00,000 രൂപ അനുവദിക്കണമെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു. ആയതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക തീർക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 20,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-108-99—സഞ്ചാര ചെലവുകൾ

കഴിഞ്ഞ വർഷം ചെലവായ 2,02,00,000 രൂപ ഈ സാമ്പത്തിക വർഷവും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 42,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2051-00-102-99—കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ

04—യാത്രാചെലവ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷാജോലികൾക്കായി നിയോഗിക്കപ്പെടുന്ന ജീവനക്കാർ, ഇന്റർവ്യൂ നടത്തുന്നതിനായി കമ്മീഷൻ അംഗങ്ങൾ, വിഷയ വിദഗ്ദ്ധർ തടങ്ങിയവരുടെ യാത്രാചെലവുകൾക്കായി 25 ലക്ഷം രൂപ അനുവദിക്കണമെന്ന് യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയോട് ആവശ്യപ്പെട്ടു. നടപ്പുവർഷം അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ആയതിനാൽ ഈ ശീർഷകത്തിൽ 25,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

06—വാടക, കരം, നികുതി

ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിട്ടുള്ളതായി പി.എസ്.സി. സെക്രട്ടറി അറിയിച്ചു. കമ്മീഷന്റെ വിവിധ ജില്ലാ/മേഖലാ ഓഫീസുകൾ, ഗസ്റ്റ് ഹൗസ്, ചെയർമാന്റെ ഔദ്യോഗിക വസതി എന്നിവയുടെ വാടക ഒടുക്കുന്നതിലേക്കായി ബജറ്റ് വിഹിതമായി അനുവദിച്ച തുകയ്ക്ക് പുറമെ ഈ സാമ്പത്തിക വർഷം 15,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

28—തൊഴിൽപരമായ പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം (പി.പി.എസ്.എസ്.)

വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ ഈ സാമ്പത്തിക വർഷം നടത്താൻ കമ്മീഷൻ തീരുമാനിച്ചിട്ടുള്ളതായും ഈ സാഹചര്യത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 6,50,00,000 രൂപ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ വിവിധ തസ്തികകളുടെ ശാരീരികക്ഷമതാ പരിശോധന,

ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തിക വർഷം നടത്താൻ കമ്മീഷൻ തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ ഈ ശീർഷകത്തിൽ 1,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-86—പാർലമെന്ററികാര്യ വകുപ്പ്

34—മറ്റ് ചെലവുകൾ

2013-14 സാമ്പത്തിക വർഷത്തേക്ക് പാർലമെന്ററികാര്യ വകുപ്പിലെ വിവിധ ചെലവുകൾക്കായി 183 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 101.2 ലക്ഷം രൂപ മാത്രമാണ് ബജറ്റ് വിഹിതമായി ലഭിച്ചതെന്ന് ബന്ധപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. മന്ത്രിമാർ നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് ആരംഭിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക് പദ്ധതിയുടെ ഭാഗമായി സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി മുതൽ മുകളിലേക്കുള്ള എല്ലാ ഓഫീസർമാർക്കും ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിനും പുതിയ അസിസ്റ്റന്റുമാർക്ക് പരിശീലനം നൽകുന്നതിനുമായി 15 ലക്ഷം രൂപയും പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഴയ നിയമസഭാ മന്ദിരത്തെ ചരിത്രസ്മാരകമാക്കി നിലനിർത്തുന്നതിനായി തുടക്കമിട്ട 'Eternal Assembly' പദ്ധതിക്കായി 50 ലക്ഷം രൂപയും മെച്ചപ്പെട്ട പാർലമെന്ററി സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി മറ്റ് രാജ്യങ്ങളുടെയും സംസ്ഥാനങ്ങളുടെ നിയമസഭകൾ, അക്കാഡമിക് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻസ്, അന്താരാഷ്ട്ര നിലവാരമുള്ള പ്രസ്ഥാനങ്ങൾ, വ്യക്തികൾ എന്നിവയുമായി മെച്ചപ്പെട്ട ആശയവിനിമയബന്ധം സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്യുന്ന എക്സ്ചേയ്ഞ്ച് പ്രോഗ്രാമിനായി 50 ലക്ഷം രൂപയും പൊതുജനങ്ങളെയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യുവതലമുറയെയും കേരളത്തിന്റെ ചരിത്ര സംഭവങ്ങളെയും ചരിത്ര പുരുഷന്മാരേയും ആചാര്യന്മാരേയുംപ്പറ്റി അവബോധമുള്ളവരാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള ഒരു ലൈറ്റ് ആന്റ് സൗണ്ട് ഷോയുടെ പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപയും ഈ ശീർഷകത്തിൽ ആവശ്യമായിട്ടുള്ളതായി സമിതി വിലയിരുത്തി.

മേൽ വിവരിച്ച ആവശ്യങ്ങൾക്കായി 165 ലക്ഷം രൂപയും പാർലമെന്ററി കാര്യവകുപ്പ് സെക്രട്ടറിയുടെ ഉപയോഗത്തിലേക്ക് ഒരു കാർ വാങ്ങുന്നതിന് 8 ലക്ഷം രൂപയും മറ്റ് ഭരണനിർവ്വഹണ ചെലവുകൾക്കായി 10 ലക്ഷം രൂപയും ചേർത്ത് ആകെ 1,83,00,000 രൂപ ആവശ്യമായതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമെ 81,80,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-97—മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 2012-2013 വർഷത്തെ ചെലവ് 22,79,095 രൂപയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ വർഷത്തെ ബജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 12,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-092-88—സംസ്ഥാന വിവരാവകാശ കമ്മീഷൻ

02—വേതനം

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും 15 ലക്ഷം രൂപ അധികമായി ആവശ്യമാണെന്നും കമ്മീഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. കമ്മീഷനിലെ ഡ്രൈവർമാരുടെ ശമ്പളം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാലും മുൻവർഷം കമ്മീഷനിൽ 40 ലക്ഷം രൂപ വിവിധ തസ്തികകളിൽ വേതനത്തിനായി ചെലവ് വന്നിട്ടുള്ളതിനാലും നിലവിലെ ബജറ്റ് വിഹിതമായ 30 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

ചീഫ് ഇൻഫർമേഷൻ കമ്മീഷണറും കമ്മീഷണർമാരും ഉപയോഗിച്ചു വരുന്ന കാലപ്പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451—സംസ്ഥാന ആസൂത്രണ ബോർഡ്

സംസ്ഥാന ആസൂത്രണ ബോർഡിനുവേണ്ടി ഈ വർഷം പ്ലാനിലും നോൺ പ്ലാനിലും അനുവദിച്ച തുക പര്യാപ്തമാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)**

3451-00-101-69—സംസ്ഥാന പരിശീലന നയം—പരിശീലന പരിപാടി

2013-2014 വർഷത്തിലെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിന് 1881 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 800 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. വിവരാവകാശ നിയമത്തിന്റെ ഭാഗമായുള്ള ട്രെയിനിംഗ് പ്രോഗ്രാം, അസിസ്റ്റന്റുമാർക്കുവേണ്ടിയുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് പ്രോഗ്രാം എന്നിവ സംഘടിപ്പിക്കുന്നതിനും നിലവിലുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ പൂർത്തിയാക്കുന്നതിനുമായി 2 കോടി രൂപ ആവശ്യമാമെന്ന് ബന്ധപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് ബോധ്യപ്പെട്ട സമിതി ഈ ഇനത്തിൽ 10,81,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

3451-00-101-87—കേരള വിവരസാങ്കേതികവിദ്യ സർവ്വീസ് സൊസൈറ്റി—സഹായധനം

**സ്റ്റേറ്റ് ഡാറ്റാ സെന്റർ കോ ബാങ്ക്, തിരുവനന്തപുരം**

കേരള സംസ്ഥാന ഐ.ടി. മിഷൻ ആണ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രാജ്യത്ത് ആദ്യമായി ഒരു സംസ്ഥാനതല ഡാറ്റാ സെന്റർ സ്ഥാപിച്ചത്. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകൾ പോസ്റ്റ് ചെയ്യുക, അവയുടെ സർവറുകൾ കോ-ലൊക്കേറ്റ് ചെയ്യുക എന്നിവയാണ് ഇതിന്റെ

ഉദ്ദേശലക്ഷ്യങ്ങൾ. ഇതിന്റെ ആദ്യപടിയായി വിദേശ സർവറിൽ ഉണ്ടായിരുന്ന കേരള സർക്കാരിന്റെ വെബ്സൈറ്റുകൾ സംസ്ഥാന ഡാറ്റാ സെന്ററിലേക്ക് മാറ്റുകയും സംസ്ഥാനത്തിലെ വിവിധ വകുപ്പുകളുടേതായി ഏതാണ്ട് 250 വെബ്സൈറ്റുകൾ പോസ്റ്റുചെയ്യുകയും 250-ൽപ്പരം സർവറുകൾ കോ-ലൊക്കേറ്റ് ചെയ്യുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഡാറ്റാ സെന്ററിന്റെ നടത്തിപ്പിനായി 2012-2013 വർഷത്തിൽ അനുവദിച്ച തുകയായ 300 ലക്ഷം രൂപയിൽനിന്നും 100 ലക്ഷം രൂപ അധികമായി ചെലവുവന്നിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ III

2014-00-102-99—ഹൈക്കോടതി

21—മോട്ടോർ വാഹനങ്ങൾ-1—വാഹനം വാങ്ങൽ (ചാർജ്ജ്ഡ് നോൺ പ്ലാൻ)

ഹൈക്കോടതിയിൽ പുതിയ കാറുകൾ വാങ്ങുന്നതിനും കേരള ജുഡീഷ്യൽ അക്കാദമിയിൽ ഒരു ബസ് വാങ്ങുന്നതിനുമായി മൊത്തം 62,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിലേക്ക് കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിന് 2,75,06,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

സബോർഡിനേറ്റ് കോടതികളിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനായി 1,09,22,000 രൂപയും ഫോട്ടോകോപ്പിയർകൾക്കായി 30,75,000 രൂപയും ന്യായാധിപൻമാരുടെ ഫർണിച്ചറിനായി 1,50,00,000 രൂപയും കമ്പ്യൂട്ടർ ഫർണിച്ചറിനായി 73,62,000 രൂപയും ചേർത്ത് ആകെ 3,63,59,000 രൂപയിൽ 40 ലക്ഷം കിഴിച്ച് ബാക്കി തുക ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രൈബ്യൂണലുകൾ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

മോട്ടോർ അപകട നഷ്ടപരിഹാര ട്രൈബ്യൂണലുകളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനായി 8,10,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

സബോർഡിനേറ്റ് കോടതികളിൽ ഫർണിച്ചറിനായി 24,97,000 രൂപയും ഫോട്ടോ കോപ്പിയറുകൾക്കായി 4,50,000 രൂപയും കമ്പ്യൂട്ടർ ഫർണിച്ചറിനായി 8,45,000 രൂപയും ചേർത്ത് ആകെ 37,86,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-108-99—ക്രിമിനൽ കോടതികൾ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

ക്രിമിനൽ കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനായി 81,90,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ-1—വാഹനം വാങ്ങൽ

പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർക്കായി മൂന്ന് മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനായി 21,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

ഫർണിച്ചർ, കമ്പ്യൂട്ടർ തുടങ്ങിയ ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി നടപ്പുവർഷം 1,18,74,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-117-99—കുടുംബ കോടതികൾ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

കുടുംബ കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനായി 30,60,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

പുതുതായി ആരംഭിച്ച തലശ്ശേരി, വടകര, മൂവാറ്റുപുഴ എന്നീ കോടതികളിലേക്ക് മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനും നെടുമങ്ങാട് കുടുംബകോടതി യിലെ പഴയ സ്വിഫ്റ്റ് കാർ കണ്ടം ചെയ്ത് പുതിയത് വാങ്ങുന്നതിനുമായി 28,00,000 രൂപയും കൂടാതെ 2012-13-ൽ പ്രവർത്തനം ആരംഭിച്ച ഇരിഞ്ഞാലക്കുട, ആറ്റിങ്ങൽ, ചവറ കുടുംബകോടതികളിലേയും 2013-14-ൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 6 കുടുംബകോടതികളിലേയും (ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാല, കട്ടപ്പന) ജഡ്ജിമാർക്ക് മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനുമായി 56,00,000 രൂപയും ആവശ്യമായതിനാൽ പ്രസ്തുത ആവശ്യങ്ങളി ലേക്ക് ഈ ശീർഷകത്തിൽ ആകെ 84,00,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

നിലവിലുള്ള കോടതികളുടെ ഫർണിച്ചറിനായി 45,97,000 രൂപയും 2012-13-ൽ ആരംഭിച്ച 3 കോടതികൾക്കായി ഫർണിച്ചറുകൾ വാങ്ങുന്നതിന് 23,38,000 രൂപയും കോടതികൾക്ക് ഫോട്ടോകോപ്പിയറുകളും കമ്പ്യൂട്ടർ ഫർണിച്ചറുകളും വാങ്ങുന്നതിന് യഥാക്രമം 7,50,000 രൂപയും 6,05,000 രൂപയും ആവശ്യമുണ്ട്. കൂടാതെ 2012-13-ൽ പ്രവർത്തനം ആരംഭിച്ച കുടുംബകോടതികളിലേക്കും 2013-14-ൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 6 കുടുംബകോടതികൾക്കും ഫർണിച്ചറുകൾ വാങ്ങുന്നതിന് 48,00,000 രൂപയും ഫോട്ടോകോപ്പിയറുകൾക്കായി 9,00,000 രൂപയും ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മേൽ ആവശ്യങ്ങൾക്കായി ആകെ 1,39,90,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-93—കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി

21-2—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 2007 മോഡൽ അംബാസിഡർ കാർ അദ്ദേഹത്തിന്റെ നിയമ സേവനപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള അന്തർജില്ല ദൂരയാത്രകൾക്ക് അനുയോജ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതുകൊണ്ട് മെമ്പർ സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യത്തിനായി ഒരു പുതിയ കാർ വാങ്ങുന്നതിന് ഈയിനത്തിൽ 8 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ അധിക തുക അനുവദിക്കണമെന്ന് നിയമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 62 താലൂക്ക് ഓഫീസുകളിലെ 124 ജീവനക്കാർക്ക് ശമ്പളവും നിയമ സേവന പ്രവർത്തനങ്ങളും മീഡിയേറ്റർമാർക്കുള്ള ഫീസും നൽകുന്നത് ഈയിനത്തിൽ നിന്നുമായതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഇതിലേക്ക് പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും ആയതിനാൽ ഈ ശീർഷകത്തിൽ 2,13,45,000 രൂപകൂടി അനുവദിക്കാൻ ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2014-00-114—നിയമോപദേഷ്ടാക്കൾ

99—ലാ ഓഫീസർമാർ

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

അഡീഷണൽ അഡ്വക്കേറ്റ് ജനറൽ 1-ന് വാഹനം വാങ്ങുന്നതിന് ഭരണാനുമതി ആയിക്കഴിഞ്ഞ സാഹചര്യത്തിൽ ഇതിലേക്ക് ആവശ്യമായിവരുന്ന തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ളിക് പ്രോസിക്യൂട്ടർ മാർക്കുള്ള ഫീസും

21-1—വാഹനം വാങ്ങൽ

ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് ഔദ്യോഗിക വാഹനം നൽകുന്നതിന് അനുമതി നൽകിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ അധിക മായി 90,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

10-8-2012 തീയതിയിലെ സ.ഉ (കയ്യെഴുത്ത്) 173/2012/നിയമം, 12-10-2012 തീയ തിയിലെ സ.ഉ. (കയ്യെഴുത്ത്) 217/2012/നിയമം എന്നീ സർക്കാർ ഉത്തരവു കളിലൂടെ ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ഫീസ് 20,500 രൂപയിൽ നിന്നും 50,000 രൂപയായും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാരുടെ ഫീസ് 18,500 രൂപയിൽ നിന്നും 40,000 ആയും വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള വിഹിതം തീരെ പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 1,00,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-116-99—സർക്കാർ ഉദ്യോഗസ്ഥ തർക്കപരിഹാര മദ്ധ്യസ്ഥ കോടതി (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ)

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ എൽ.ടി.സി. വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, മറ്റിനങ്ങൾ, വാഹനം വാങ്ങൽ, സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ചെലവുകൾക്കായി 87,35,000 രൂപ അധികമായി ആവശ്യമുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയോട് ആവശ്യപ്പെട്ടു. പ്രസ്തുത ആവശ്യങ്ങളെക്കുറിച്ച് മനസ്സിലാക്കിയ സമിതി ട്രൈബ്യൂണലിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 87,35,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

രാജ്യത്തെ സബോർഡിനേറ്റ് കോടതികളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായുള്ള ഒരു സമഗ്ര പദ്ധതിയായി കേന്ദ്ര സർക്കാർ മുഴുവൻ ചെലവും വഹിച്ച് എൻ.ഐ.സി. മുഖാന്തിരം നടപ്പിലാക്കിവരുന്ന ഇ-കോർട്ട് പദ്ധതിയുടെ 2013-14 വർഷത്തെ നടത്തിപ്പിന് ഡീസൽ ജനറേറ്ററുകൾ വാങ്ങി സ്ഥാപിക്കൽ-1,25,44,000 രൂപ, ടെക്നിക്കൽ മാൻപവർ വിന്യസിക്കൽ-28,15,000 രൂപ, ഡാറ്റാ എൻട്രി-52,35,000 രൂപ, സൈറ്റ് ഒരു ക്കൽ/ലാന്റ്-20,84,000 രൂപ, ഹൈക്കോടതിയിലെയും ജില്ലാ കോടതികളിലെയും ടെക്നിക്കൽ മാൻപവർ 1,13,14,000 രൂപ എന്നിങ്ങനെ തുകകൾ ചേർത്ത് ആകെ 3,39,92,000 രൂപ ആവശ്യമായതിനാൽ പ്രസ്തുത തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങിസ്ഥാപിക്കൽ

ഇ-കോർട്ട് പദ്ധതി പ്രകാരമുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെ ലക്ഷ്യം കൈവരി ക്കാൻ കോടതികളിൽ ഇപ്പോഴുള്ള കമ്പ്യൂട്ടറുകൾ അപര്യാപ്തമാണെന്നും ആയതിനാൽ

സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ 609 കമ്പ്യൂട്ടർ പ്രിന്ററുകൾ, യു.പി.എസ്.കൾ എന്നിവ വാങ്ങിസ്ഥാപിക്കുന്നതിലേക്കായി 2,67,96,000 രൂപ ആവശ്യമാണെന്നും മനസ്സിലാക്കിയ സമിതി പ്രസ്തുത തുക ഈ ശീർഷകത്തിൽ അധികമായി അനുവദിക്കാൻ ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2014-00-800-89—പതിനൊന്നാം കമ്മീഷൻ ശുപാർശയിന്മേൽ സ്ഥാപിക്കപ്പെട്ട അതിവേഗ കോടതികൾ

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാരുടെയും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും വേതനം 1-8-2012 മുതൽ 18,500 രൂപയിൽ നിന്നും 40,000 രൂപയായി ഉയർത്തിയതിന്റെ 1-8-2012 മുതലുള്ള കുടിശ്ശിക തീർക്കുന്നതിനായി 57,19,000 (2012-13 കാലഘട്ടം) രൂപയും ഈ വർഷം വർദ്ധിപ്പിച്ച വേതനം നൽകുന്നതിലേക്കായി 98,04,000 രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 1,55,23,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-91—കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ—സഹായധനം

കമ്മീഷന്റെ ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനും ഇതിന്റെ മറ്റു ചെലവുകൾക്കുമായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. 1-4-2013 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 58/2013 നിയമം പ്രകാരം കമ്മീഷന്റെ ഓഫീസ് പുതിയ വാടക കെട്ടിടത്തിലേക്ക് മാറുന്നതിന് അനുമതിയായിട്ടുള്ളതായി മനസ്സിലാക്കിയ സമിതി അതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ പ്രത്യേക ധനസഹായം ഇനത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2014-00-114-92—സ്ഥിര ലോക് അദാലത്ത് (പി.എൽ.എ.)

കോഴിക്കോട് പെർമനെന്റ് ലോക് അദാലത്ത് 2-2-2013-ന് പ്രവർത്തനം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിലായി ആകെ 34,36,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

കോഴിക്കോട് സ്റ്റേഷനിലേക്ക് പൂൾ വാഹനം വാങ്ങുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുകയും ആയതിനാൽ ഈ വാഹനം വാങ്ങുന്നതിനായി 6,00,000 രൂപ ഈ സാമ്പത്തിക വർഷംതന്നെ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

ഷെട്ടി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ ജഡ്ജിമാർക്കും അഡീഷണൽ ജില്ലാ ജഡ്ജിമാർക്കും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 1,39,69,000 രൂപയും കേരള ഹൈക്കോർട്ട് കേസസ് (ലിനക്സ് വേർഷൻ) പ്രോഗ്രാം വാങ്ങുന്നതിനായി 13 ലക്ഷം രൂപയും ആവശ്യമുള്ളതായി സമിതിക്ക് ബോധ്യമായി. ആയതിനാൽ ഇതിലേക്കായി മൊത്തം 1,52,69,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIII

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

2220-60-106-95—വീഡിയോ വാൾ നെറ്റ്‌വർക്ക്

സർക്കാരിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച പരസ്യങ്ങളും ലഘുചിത്രങ്ങളും പൊതുജനങ്ങൾ അറിയേണ്ട വിവരങ്ങളും യഥാസമയം ജനങ്ങളിലെത്തിക്കുന്നതിന് പതിനാല് ജില്ലാ ആസ്ഥാനങ്ങളിലും വീഡിയോ വാൾ (എൽ.ഇ.ഡി. ഡിസ്പ്ലേ സ്ക്രീൻ) സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുകയും വീഡിയോ വാൾ സംവിധാനങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 400 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-109-99—ഫോട്ടോ പ്രചരണം

ഫോട്ടോഗ്രാഫി വിഭാഗത്തിലെ ആർക്കൈവ്സ് വിഭാഗത്തിന്റെ ശാക്തീകരണത്തിനുള്ള നടപടികളും നെഗറ്റീവ് ഫിലിം ശേഖരം ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണെന്ന് സമിതിയിൽ വിശദീകരിച്ച വകുപ്പ് സെക്രട്ടറി നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുക വകയിരുത്താത്തതിനാൽ പദ്ധതി പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് സമിതിയെ അറിയിച്ചു. സെക്രട്ടറി വിശദമാക്കിയ കാര്യങ്ങൾ സമിതിക്ക് ബോധ്യപ്പെടുകയും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷം 55 ലക്ഷം രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-109-98—വീഡിയോ പ്രചരണം

വകുപ്പിന്റെ കൈവശമുള്ളതും ഭാവിയിൽ ലഭ്യമാകുന്നതുമായ അപൂർവ്വമായ വീഡിയോ ശേഖരം ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടതുണ്ട്. പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും മന്ത്രിമാർക്കും ആവശ്യാനുസരണം എത്രയും വേഗത്തിൽ വീഡിയോ ഫൂട്ടേജുകൾ ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഇന്റർനെറ്റുവഴി വീഡിയോ നൽകാനും വീഡിയോ സെർച്ചിംഗ് ഏർപ്പെടുത്താനും ലക്ഷ്യമിടുന്ന ഈ പദ്ധതിക്ക് ഇതിനോടകംതന്നെ ഇതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കി. അതിനാൽ ഈ പദ്ധതി എത്രയുംവേഗം നടപ്പാക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-98-35—കേരള പ്രസ് അക്കാദമി—ധനസഹായം—മൂലധനആസ്തികൾ

2220-60-800-98-36—കേരള പ്രസ് അക്കാദമി—ധനസഹായം—ശമ്പളേതരം

ചരിത്ര പ്രാധാന്യമുള്ള മാഗസീനുകളുടെ ഡിജിറ്റൈസേഷൻ, സൗഹാർദ്ദ പരിസ്ഥിതി ക്യാമ്പസ്, ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ വികസനം തുടങ്ങിയവയ്ക്കായി വിഷൻ 2025 എന്ന പദ്ധതിക്ക് കേരള പ്രസ് അക്കാദമി തുടക്കമിട്ടിട്ടുണ്ട് എന്നും ഇതിനായി ആദ്യഘട്ടത്തിൽ 2.78 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും സമിതിയിൽ വെളിവാക്കപ്പെട്ടു. പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഇതിലേക്ക് 178 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

4220-60-101-63—ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണവും മീഡിയ സെന്ററുകളുടെ നിർമ്മാണവും

2013-14 സാമ്പത്തിക വർഷത്തെ ഗവർണ്ണറുടെ നയപ്രസംഗത്തിലും ബജറ്റ് പ്രസംഗത്തിലും തിരുവനന്തപുരത്തെ സ്റ്റേറ്റ് ഇൻഫർമേഷൻ സെന്ററിനെ സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബായി മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിലേക്കായി പ്രത്യേക തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി ജില്ലകളിലെ ഇൻഫർമേഷൻ സെന്ററുകൾ ആധുനികവത്ക്കരിച്ച് പദ്ധതിയുടെ പ്രയോജനം സംസ്ഥാന ത്തൊട്ടാകെ ലഭ്യമാക്കുന്നതിനും സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് സജ്ജമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4220-60-101-62—ന്യൂഡൽഹിയിലെ കേരള പവലിയന്റെ മെച്ചപ്പെടുത്തൽ

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിലെ കേരള പവലിയൻ മെച്ചപ്പെടുത്തുന്നതിനായി നടപ്പു വർഷം 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ന്യൂഡൽഹിയിലെ പ്രത്യേക സാഹചര്യവും സാധനസാമഗ്രികളുടെ വിലയും പരിഗണിക്കുമ്പോൾ ഈ തുക തികച്ചും അപര്യാപ്ത മാണെന്നും സമിതി വിലയിരുത്തി. ഒരു കോടി രൂപകൂടി ഈ പദ്ധതിക്കായി അധിക മായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4220-60-101-61—മീഡിയ സിറ്റി

മീഡിയ സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ മീഡിയ സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ഓഫീസ് പ്രവർത്തനങ്ങൾക്കും വിദേശത്ത് മൂന്ന് പേർക്ക് പഠനയാത്രയ്ക്കും മതിയാകുക യില്ല എന്ന് സമിതി അഭിപ്രായപ്പെടുകയും ആയതിനാൽ 90 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-01-001-97—സൂക്ഷ്മപരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണവും നവീകരണവും

ന്യൂസ് ചാനലുകൾ, വെബ് പോർട്ടലുകൾ എന്നിവയിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വരുന്ന വാർത്തകൾകൂടി യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് അനിവാര്യമായതിനാൽ ടി.വി. ചാനലുകളിലെ വാർത്തകളും മറ്റ് പരിപാടികളും യഥാസമയം റെക്കോർഡ് ചെയ്ത് തുടർനടപടിക്കായി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള പദ്ധതി പുറമേയുള്ള ഏജൻസികളുടെ സഹായത്തോടെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്ന് സമിതി മനസ്സിലാക്കുന്നു. അന്തിമഘട്ടത്തിലെത്തിയ പദ്ധതികൾ പൂർത്തിയാക്കുന്നതിനും ഡിജിറ്റൽ ആർക്കൈവ് സ്ഥാപിക്കുന്നതിനും നടപ്പുസാമ്പത്തികവർഷം 75 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-99—പ്രദർശന പരസ്യം

മാധ്യമ പ്രവർത്തകരേയും സ്ഥാപനങ്ങളേയും ബന്ധപ്പെട്ടുള്ള എല്ലാ നടപടികളും ഇ-ഗവേർണൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരികയാണെന്നും പരസ്യം നൽകൽ, പരസ്യതുക അനുവദിക്കൽ, പെൻഷൻ തുടങ്ങിയവ ഈ പദ്ധതിയിൽപ്പെടുത്താനും തുക വിതരണത്തിന് ഇ-ബാങ്കിംഗ് നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടെന്നും ഈ പദ്ധതി നടപ്പിലാകുന്നതോടെ മാധ്യമങ്ങളുമായും പ്രവർത്തകരുമായുള്ള എല്ലാ ഇടപാടുകളിലും വേഗതയും കൃത്യതയും ഉറപ്പാക്കാവുന്നതാണെന്ന് സമിതിയിൽ വിശദീകരിക്കപ്പെട്ടു.

ഈ സാഹചര്യത്തിൽ പരസ്യക്കൂലി നൽകുന്നതിന് 5 കോടി രൂപയും പരസ്യ വിഭാഗം ആധുനികവത്ക്കരിക്കുന്നതിന് 50 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 20 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-106-98—പ്രദർശനം

ജില്ലകളിലും തലസ്ഥാനത്തും വികസന സംരംഭങ്ങൾ സംബന്ധിച്ച പ്രദർശനം, ന്യൂഡൽഹിയിൽ ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പവലിയൻ ഒരുക്കൽ, ന്യൂഡൽഹിയിൽ റിപ്പബ്ലിക്ദിന പരേഡിൽ ടാബ്ലോ അവതരണം തുടങ്ങിയവയ്ക്കാണ് ഈ ശീർഷകത്തിൽനിന്നും തുക വിനിയോഗിക്കുന്നത്. 2013-14 സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-97—പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി സംഭാവന (അവശ പത്രപ്രവർത്തക പെൻഷൻ)

അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് സർക്കാരിന്റെ വിഹിതം നൽകാനാണ് ഈ തുക വകകൊളളിച്ചിരിക്കുന്നത്. ഇതിലേക്കായി നടപ്പുവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുകയും ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം—1993

കേരള സംസ്ഥാനത്തുനിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ വർക്കിംഗ് ജേർണലിസ്റ്റുകളായി സേവനമനുഷ്ഠിച്ചശേഷം ജോലിയിൽനിന്നും വിരമിക്കുന്നവരുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമം ലക്ഷ്യമാക്കി ഏർപ്പെടുത്തിയ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതിക്കായി നടപ്പു സാമ്പത്തികവർഷം അനുവദിച്ച തുകയ്ക്കു പുറമെ 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-89—പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതി

ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം—1999

ഈ പദ്ധതി പ്രകാരം 2011 ജൂലൈ വരെയുള്ള പെൻഷൻ മാത്രമാണ് ഇതുവരെ നൽകിയിട്ടുള്ളതെന്നും 2012 മാർച്ച് വരെ കുടിശ്ശിക 1.80 കോടി രൂപയോളം വരും എന്നും മനസ്സിലാക്കിയ സമിതി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും നടപ്പു സാമ്പത്തികവർഷത്തെ പെൻഷൻ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-75—കേരള പത്രപ്രവർത്തക ആരോഗ്യസുരക്ഷാ പദ്ധതി

സംസ്ഥാന പത്രപ്രവർത്തകക്ഷേമ പദ്ധതിയുടെ ഭാഗമായി പത്രപ്രവർത്തകരുടെ ആരോഗ്യ സംരക്ഷണം ഉദ്ദേശിച്ചിട്ടുള്ള ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4220-60-800-98—കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ നിർമ്മാണം

കോട്ടയത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ വികസനപ്രവർത്തനങ്ങൾക്കായി 50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ—XXIV

### പ്രവാസി മലയാളി ക്ഷേമ വകുപ്പ്

2230-01-103-11—മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുരധിവാസം

നിലവിലെ ജി.സി.സി. രാജ്യങ്ങളിലെ പ്രശ്നങ്ങൾ, സൗദിയിലെ നിതാഖത് നിയമം എന്നിവമൂലം കൂടുതൽ പ്രവാസികൾ മടങ്ങിയെത്തുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഇവരുടെ പുനരധിവാസത്തിനായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി 3,00,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2230-01-103-38—തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം

പ്രവാസികളുടെ യഥാർത്ഥ സ്ഥിതിവിവരക്കണക്കിന്റെ അഭാവം പല പ്രശ്നങ്ങളിലും ഇടപെടുന്നതിനും ക്ഷേമപദ്ധതികൾ രൂപീകരിക്കുന്നതിനും പലവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ മുഖേന പ്രവാസികളുടെ കണക്കെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാൽ ഈ ആവശ്യത്തിന് ഈ ശീർഷകത്തിൽ 29,99,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-43—പ്രവാസി ക്ഷേമനിധി

അംഗങ്ങളുടെ അംശാദായത്തിനാനുപാതികമായി സർക്കാർ വിഹിതം അടയ്ക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 99,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-74—പ്രവാസി മലയാളികളെ അടിയന്തരമായി തിരിച്ചു കൊണ്ടുവരുവാനുള്ള നിധി

ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്ന തുക അനുവദിച്ചെങ്കിലും ജി.സി.സി. രാജ്യങ്ങളിലെ ഇപ്പോഴത്തെ സ്ഥിതിയും സൗദി അറേബ്യയിലെ നിതാഖത് നിയമം ശക്തിപ്പെടുത്തലിന്റെയും സാഹചര്യത്തിൽ കൂടുതൽ പ്രവാസി മലയാളികളെ തിരിച്ചെത്തിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 83,00,000 രൂപകൂടി അനുവദിക്കാൻ ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-54—പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള സർവ്വേ

പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കേണ്ടത് നിലവിലെ സാഹചര്യത്തിൽ അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ—XIV

2058-00-001-93—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ (പ്ലാൻ)

കോഴിക്കോട് മേഖലാ സ്റ്റേഷനറി ആഫീസിന് പുതിയ കെട്ടിടം പണി പൂർത്തിയാക്കുന്നതിനും വയനാട് ജില്ലാ സ്റ്റേഷനറി ആഫീസിന് വേണ്ടി കെട്ടിടം പണിയുന്നതിനും 3.65 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതിലേക്ക് ബജറ്റിൽ തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുകയും ആയതിനാൽ ഈ ആവശ്യങ്ങളിലേക്ക് വകുപ്പ് ആവശ്യപ്പെട്ട 3.65 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2058-00-001-99—നടത്തിപ്പ്

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിനായി 2012-13 വർഷം 1,000 രൂപ സപ്ലിമെന്ററി ഗ്രാന്റായി അനുവദിച്ചിരുന്നുവെങ്കിലും മതിയായ തുക ലഭിക്കാത്തതിനാൽ പ്രസ്തുത തുക സറണ്ടർ ചെയ്യുകയുണ്ടായതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി നടപ്പുവർഷം 10,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

19—യന്ത്രങ്ങളും ഉപകരണങ്ങളും

ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ, ഇലക്ട്രോണിക് വെയിംഗ് ബാലൻസ് തുടങ്ങിയവ വാങ്ങി നൽകുന്നതിന് വിവിധ ആഫീസുകളിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്നതായി സമിതി മനസ്സിലാക്കിയ സമിതി ഇതിലേക്കായി ഈ ഇനത്തിൽ 10,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

24—സാധനസാമഗ്രികൾ

2012-13 സാമ്പത്തിക വർഷം പേപ്പറുകളും സ്റ്റേഷനറി സാധനങ്ങളും വാങ്ങിയ വകയിൽ വിവിധ കമ്പനികൾക്ക് ഏകദേശം 2 കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ടെന്ന് സമിതി മനസ്സിലാക്കുകയുണ്ടായി. പ്രസ്തുത കുടിശ്ശിക തീർക്കാനുള്ളതിനാലും കമ്പ്യൂട്ടർ കടലാസിന്റെയും ഫോട്ടോകോപ്പിയിംഗ് പേപ്പറിന്റെയും ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്തും ഈ ശീർഷകത്തിൽ 18,57,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-103-97—സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം പർച്ചേസ് ഓഫ് മെഷീൻ (പ്ലാൻ)

സർക്കാർ പ്രസ്സുകളിൽ ലോട്ടറി ടിക്കറ്റുകൾ പ്രിന്റു ചെയ്യുന്നതിനുള്ള അത്യാധുനിക സുരക്ഷാസംവിധാനങ്ങൾ ഉള്ള രണ്ടു മെഷീനുകൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4058-00-103-99—ഗവ. പ്രസ്സിനുവേണ്ടി കെട്ടിടം നിർമ്മിക്കൽ (പ്ലാൻ)

അച്ചടി വകുപ്പ് ഡയറക്ടറേറ്റിന് പുതിയതായി പണിയുന്ന കെട്ടിടത്തിന്റെ ഫർണിഷിംഗിനായി 40,00,000 രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-003-97-31—സഹായധനം—ശമ്പളം (പദ്ധതിയേതരയിനം)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പദ്ധതിയേതര ചെലവുകളായ ശമ്പളം, എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന 437.45 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 912.55 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-003-89—ഐ.എം.ജി.യുടെ അടിസ്ഥാന സൗകര്യ വികസനം

ബാർട്ടൻ ഹില്ലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 6.5 കോടി രൂപയിൽ അധിക കേന്ദ്രസഹായമായി ലഭിക്കേണ്ടുന്ന 30% തുക യഥാസമയം ലഭിക്കാതെ വരുന്നപക്ഷം അതുകൂടി സംസ്ഥാന ഗ്രാന്റായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**II. ചട്ടങ്ങളുടെ പരിഗണന (ഫയൽ നമ്പർ 1409/സബ്സി. ഡി2/13/ലെജി)**

സമിതിയുടെ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് പുറപ്പെടുവിക്കപ്പെട്ട The Members of the Kerala Legislative Assembly (House Building Advance) Rules, 2013 (SRO No.158/2013) സമിതി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു.

(1) Amendment of Rule 6,—

In rule 6, sub rule (3) shall be omitted.

(2) Amendment of Rule 7,—

In rule 7,—

(i) for sub rule (1), the following sub rule shall be substituted, namely:—

"(1) The repayment of advance by the borrower will be determined by the sanctioning authority in the manner specified under these rules and will be indicated in the order of sanctioning the loan subject to the condition that the recovery towards principal and interest together shall not exceed 180 monthly instalments";

(ii) in sub rule (3), for the figure '52', the figure `150' shall be substituted.

(3) Amendment of Rule 8,—

In sub rule (2) of rule 8, for the figure '8', the figure '30' shall be substituted.

സമിതി ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.

## 2013 ഏപ്രിൽ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം വിഷയനിർണ്ണയ സമിതി 2013 ഏപ്രിൽ മാസം 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രത്യേക ക്ഷണിതാവായി നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയും പങ്കെടുത്ത പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം.എൽ.എ.
2. ശ്രീ. സി. ദിവാകരൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി & ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്
2. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരം & വിജിലൻസ് വകുപ്പ്.
3. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയം ഭരണ വകുപ്പ് & ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
4. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
5. ശ്രീ. കെ. സുരേഷ് കുമാർ, സെക്രട്ടറി, ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ്.
6. ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ, ഡി. ജി. പി.
7. ശ്രീമതി ആർ. ശ്രീലേഖ, എ.ഡി.ജി.പി., വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ.
8. ശ്രീ. പി. ചന്ദ്രശേഖരൻ, കമാൻഡന്റ് ജനറൽ, അഗ്നിശമനരക്ഷാസേനാ വകുപ്പ്
9. ശ്രീ. ജോജിത് മാത്യു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

10. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

11. ശ്രീ. കെ. ജി. ശിവദാസൻ, ചീഫ് കെമിക്കൽ എക്സാമിനർ

12. ഡോ. പി. നസീർ, ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്.

13. ശ്രീ. സി. വി. ജയകുമാർ, അഡീഷണൽ രജിസ്ട്രാർ, കേരള ലോകായുക്ത.

14. ശ്രീ. സി. ചന്ദ്രമോഹനൻ, ഓഫീസ് ഓഫ് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം.

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള IV, XII, XIII, XIV, XVIII, XXV എന്നീ ധനാഭ്യർത്ഥനകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന IV—തെരഞ്ഞെടുപ്പുകൾ

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും

2012-13 വർഷത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക പ്രതിഫലം ഫണ്ടിന്റെ അഭാവത്തിൽ നൽകാൻ കഴിഞ്ഞില്ലെന്നു സമിതി മനസ്സിലാക്കുന്നു. 6,18,15,000 രൂപയുടെ പ്രസ്തുത ബാധ്യത തീർക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുള്ള അധിക ചെലവുകൾക്കുംകൂടി ഈ ശീർഷകത്തിൽ 8,16,84,600 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-109-99—പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തെരഞ്ഞെടുപ്പ് നടത്തിപ്പ്

ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 3,00,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21.1.—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

കമ്മീഷനിലെ കാലപ്പഴക്കംചെന്ന അംബാസഡർ കാർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്ന സാഹചര്യത്തിൽ കമ്മീഷന്റെ ആവശ്യത്തിലേക്ക് പുതിയ കാർ വാങ്ങേണ്ടതായുണ്ടെന്നും എന്നാൽ 2013-2014-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മേൽ ശീർഷകം ഉൾപ്പെടുത്തുകയോ തുക അനുവദിക്കുകയോ ഉണ്ടായിട്ടില്ലെന്നു മനസ്സിലാക്കിയ സമിതി ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഈ ശീർഷകം ഉൾപ്പെടുത്തി 8 ലക്ഷം രൂപ പ്രസ്തുത ആവശ്യത്തിലേക്ക് വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

# ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

2055—പോലീസ്

01—ശമ്പളം

2013-14 വർഷം ശമ്പള ഇനത്തിൽ 2,38,509.64 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 1,90,263.22 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്നും 31-3-2013-ന് അവസാനിച്ച സാമ്പത്തിക വർഷം ശമ്പളയിനത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 1,56,156.76 ലക്ഷം രൂപയ്ക്ക് പുറമെ 1,95,934.44 ലക്ഷം രൂപ അധികം ചെലവ് വന്നിട്ടുണ്ടെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിയിൽ വെളിപ്പെടുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട തുകയിൽ കുറവ് വരുത്തിയ 482,46,42,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

അപകടകരവും സാഹസികവും സമ്മർദ്ദപൂർണ്ണവുമായ പല സാഹചര്യങ്ങളിലും ജോലിയെടുക്കേണ്ടിവരുന്ന സേനാംഗങ്ങൾ പലവിധ ആരോഗ്യ പ്രശ്നങ്ങളാലും ദുരിത മനുഭവിക്കുന്നുണ്ട്. നിലവിലുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുകകൾ നൽകുന്ന തിനും വർദ്ധിച്ചുവരുന്ന ചികിത്സാചെലവ് കണക്കിലെടുത്തും ഈ ശീർഷകത്തിൽ 1,27,49,000 രൂപകൂടി അധികമായി അനുവദിക്കണണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

02—വേതനം

വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർമാർ, ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന താത്ക്കാലിക ജീവനക്കാർ മുതലായവരുടെ വേതനം നൽകുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. പോലീസ് റിക്രൂട്ട് ട്രെയിനിംഗുമായി ബന്ധപ്പെട്ട് ധാരാളം ക്യാമ്പ് ഫോളോവർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തടസ്സം കൂടാതെയുള്ള വേതന വിതരണം ഉറപ്പുവരുത്തുന്നതിന് 4,97,95,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04–1—യാത്രാബത്ത

ട്രെയിൻ/ബസ് യാത്രാ നിരക്കുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്നും തീവ്രവാദ പ്രവർത്തനം തടയൽ, സമൂഹശ്രദ്ധ പിടിച്ചുപറ്റുന്ന വൻ കുറ്റകൃത്യങ്ങളുടെ അന്വേഷണം, ഇന്ത്യ റിസർവ് ബറ്റാലിയന്റെ പരിശീലനം മുതലായവയ്ക്കായി സംസ്ഥാനത്തിനകത്തും പുറത്തും നിരന്തരം യാത്ര ചെയ്യേണ്ടിവരുന്നതിനാൽ യാത്രാബത്ത അനുവദിക്കുന്ന വിഹിതത്തിലും കൂടുതൽ ചെലവാകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ ആവശ്യപ്പെട്ട 4,196.47 ലക്ഷം രൂപയിൽ ശേഷിക്കുന്ന 1,333.94 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05–01—വെള്ളക്കരം

നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതമായി 190.68 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 126.62 ലക്ഷം രൂപയാണ് ഈയിനത്തിൽ അനുവദിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തി. വെള്ളക്കരം യഥാസമയം അടയ്ക്കാതിരിക്കുന്നത് ജലവിതരണം തടയുന്നതിനും പലിശയും പിഴപ്പലിശയും ഉൾപ്പെടെ അധിക തുക നൽകാനും ഇടയാക്കുമെന്നതിനാൽ, ഈ ശീർഷകത്തിൽ കുറവുവന്ന 64.06 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-02—കറണ്ട് ചാർജ്ജ്

ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്ന 852.54 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 189.84 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-03—ടെലിഫോൺ ചാർജ്ജ്

കൂടുതൽ പോലീസ് ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷൻ നൽകുന്നതിനായി നിലവിലെ വിഹിതത്തിനുപുറമെ 178.74 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-04—മറ്റിനങ്ങൾ

ഈ ശീർഷകത്തിൽ 583.98 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 521.35 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഓഫീസ് സ്റ്റേഷനറി, ഫർണിച്ചർ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ഫാക്സ്, സിറോക്സ് മെഷീൻ എന്നിവയുടെ ഉപയോഗത്തിനുള്ള സാധനങ്ങൾ മുതലായവ വാങ്ങുന്നതും കൂടാതെ വാഹനങ്ങൾ, ബോട്ടുകൾ മുതലായവയുടെ ഇൻഷ്വറൻസ് തുകയുടെ ചെലവും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നുത്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെ ഉപകരണങ്ങൾ വിലയേറിയവയാണ്. ഇത് പരിപാലിക്കുന്നതിന് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 62.63 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

12 —സ്കോളർഷിപ്പും സ്റ്റൈപ്പന്റും

ആയിരക്കണക്കിന് ഒഴിവുകൾ നികത്തുന്നതിന് റിക്രൂട്ട്മെന്റ് കഴിഞ്ഞ് ട്രെയിനിംഗ് നടത്തുമ്പോൾ ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിന് കഴിഞ്ഞ സാമ്പത്തികവർഷം 5,880.29 ലക്ഷം രൂപയാണ് ചെലവായത് എന്ന് മനസ്സിലാക്കിയ സമിതി നടപ്പുവർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 396 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ, അധികമായി 4,54,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

18—കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി

ജില്ലാ പോലീസ് യൂണിറ്റ്, ബറ്റാലിയനുകൾ എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങളും മറ്റും യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും ഫണ്ടിന്റെ അഭാവത്താൽ അറ്റകുറ്റപ്പണികൾ വൈകുന്നത് കെട്ടിടങ്ങൾ

ജീർണ്ണിച്ച് നശിച്ച് സർക്കാരിന് വൻനഷ്ടം ഉണ്ടാകാനിടയുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. വസ്തുവകകൾ ചുറ്റുമതിൽ/വേലികെട്ടി സംരക്ഷിക്കേണ്ടത് അവ അന്യാധീനപ്പെടുന്നത് തടയുന്നതിന് അത്യാവശ്യമായതിനാൽ, ഈ ഇനത്തിൽ 428.95 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

19—യന്ത്രോപകരണങ്ങൾ

പോലീസ് സേനയുടെ ആധുനികവത്കരണത്തിനായി വാങ്ങുന്ന ചില ഉപകരണങ്ങൾ കേന്ദ്രഫണ്ടിൽ നിന്നും വാങ്ങാൻ സാധിക്കാത്തതിനാലും, പരിശീലനത്തിനായുള്ള തിരകളുടെ ആവശ്യം, ആധുനിക വെടിക്കോപ്പുകൾ, പോലീസ് ആശുപത്രികളിലെ ഉപകരണങ്ങൾ, ഫോറൻസിക് സയൻസ് ലാബിലേക്കുള്ള ഉപകരണങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, കൂടാതെ ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ശബരിമല ക്ഷേത്രം എന്നിവയുടെ സുരക്ഷയ്ക്കായുള്ള ഉപകരണങ്ങൾ എന്നിവയ്ക്കെല്ലാംകൂടി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാലും ഈ ശീർഷകത്തിൽ 27,57,80,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21.1—വാഹനങ്ങൾ വാങ്ങൽ

നടപ്പു സാമ്പത്തിക വർഷം പോലീസ് വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് 517.96 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷം പോലീസ് വകുപ്പിലെ നിരവധി വാഹനങ്ങൾ കണ്ടം ചെയ്യേണ്ടതായും അതിനുപകരമായി പുതിയ വാഹനങ്ങൾ വാങ്ങേണ്ടതായുമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ആകെ 917.96 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

21.2—വാഹനങ്ങളുടെ അറ്റകുറ്റപ്പണി

വാഹനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനായി അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 111.94 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

ഈ ശീർഷകത്തിൽ 596.36 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 288.71 ലക്ഷം രൂപമാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രത്യേകം ശീർഷകം ലഭ്യമല്ലാത്ത ആവശ്യങ്ങൾക്ക് ഈ ശീർഷകത്തിൽ നിന്നാണ് തുക കണ്ടെത്തുന്നത് എന്നതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട തുകയിൽ ബാക്കിയുള്ള 307.65 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി.ഒ.എൽ.

വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണിയും ക്രമസമാധാന പ്രശ്നങ്ങളും അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനവും മറ്റുംമൂലം വാഹനങ്ങളുടെ ഉപയോഗം

വൻതോതിൽ വർദ്ധിച്ചുവരികയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പെട്രോളിംഗ് നടത്തുവാനായി ബോട്ടുകൾ നിരന്തരം ഉപയോഗിക്കേണ്ട തായുണ്ടെന്നും മാത്രമല്ല ഇന്ധന വില അടിക്കടി വർദ്ധിക്കുന്നതിനാൽ നടപ്പുവർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 1,542.08 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2055-00-101-98—<u>സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.</u>

19—<u>യന്ത്രോപകരണങ്ങൾ</u>

ആന്റി നക്സൽ ഓപ്പറേഷൻ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 7.5 കോടി രൂപകൂടി വകയിരു ത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-114-99—<u>വിവരസാങ്കേതികവിദ്യ</u>

പോലീസ് ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ്വർക്കുകളുടെയും അറ്റകുറ്റപ്പണികൾക്കും 7000 ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് വാങ്ങി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-99—<u>പോലീസ് സേന നവീകരിക്കുന്നതിന്</u>

പോലീസ് സേനയുടെ നവീകരണത്തിനായി കഴിഞ്ഞ വർഷം വകയിരുത്തിയിരുന്ന തുക ഫലപ്രദമായി ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല എന്ന കാര്യം സമിതി വിലയിരു ത്തുകയും നടപ്പുവർഷം പ്ലാൻ ഇനത്തിൽ 42,09,00,000 രൂപയും (കേന്ദ്ര വിഹിതം 35,94,00,000 രൂപയും സംസ്ഥാനവിഹിതം 16,15,00,000 രൂപയും) നോൺ പ്ലാൻ ഇന ത്തിൽ 46,09,00,000 രൂപയും (കേന്ദ്ര വിഹിതം 27,77,00,000 രൂപയും സംസ്ഥാന വിഹിതം 18,12,00,000 രൂപയും) ആയി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4055-00-207-97(01)—<u>വൻകിട മരാമത്ത് പണികൾ</u>

62. ശ്രീകാര്യം, കരമന, തുമ്പ, പൊൻമുടി, നെയ്യാറ്റിൻകര, എഴുകോൺ, തെന്മല, മൂഴിയാർ, പുളികീഴ്, പെരിനാട്, വിയ്യപുരം, ആരൂർ, കുറത്തിക്കാട്, കരിയിലക്കുളങ്ങര, പള്ളിക്കത്തോട്, തലയോലപറമ്പ്, ഉദയംപേരൂർ, തടിയിട്ടപറമ്പ്, തൃത്താല, എടക്കര, കരിപ്പൂർ, വാഴക്കാട്, ചോമ്പാല, കണ്ണവം എന്നീ 24 പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിട നിർമ്മാണത്തിന് 7.2 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4055- 00-800-96—<u>പോലീസ് ആസ്ഥാന മന്ദിര നിർമ്മാണം</u>

കേരള പോലീസ് ആസ്ഥാനമന്ദിരം 13 നിലകളിലായി പണിപൂർത്തിയാക്കാൻ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ 7 നിലകൾ പൂർത്തിയാക്കി ഫണ്ടിന്റെ

ആട്ടാവത്താൽ പണി നിർത്തിവെച്ചിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. തിരുവനന്തപുരം സിറ്റിയിലുള്ള വിവിധ പോലീസ് ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിൽ കൊണ്ടുവന്ന് വാടകയിനത്തിൽ വരുന്ന അധികച്ചെലവ് ഒഴിവാക്കുന്നതിനും അതുമൂലമുള്ള ഭരണപരമായ സൗകര്യവും കണക്കിലെടുത്താണ് ഈ കെട്ടിടം ആസൂത്രണം ചെയ്തിരുന്നതെന്നും എന്നാൽ ആവശ്യമായ ഫണ്ട് ലഭ്യമല്ലാതെവരികയാൽ പണി മുടങ്ങിക്കിടക്കുകയാണെന്നും 2013-14 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂയെന്നും വിലയിരുത്തിയ സമിതി ഇതിന്റെ പണി ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ നടപ്പുവർഷം തന്നെ 5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

**സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സാങ്കേതികവിദ്യ നിലവാരം ഉയർത്തൽ**

ഈ പദ്ധതി പ്രകാരമുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 65 ലക്ഷം രൂപ കൂടി അധികമായി വിലയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ സൈബർ പോലീസ് സ്റ്റേഷനുകൾ**

വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം പരിഗണിച്ച് സംസ്ഥാനത്ത് രണ്ട് സൈബർ പോലീസ് സ്റ്റേഷനുകൾകൂടി ആരംഭിക്കുന്നതിനാവശ്യമായ തുക കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കോട്ടയത്ത് എഫ്. എസ്. എൽ. സ്ഥാപിക്കൽ**

കോട്ടയം ആസ്ഥാനമായി ഒരു എഫ്. എസ്. എൽ. സ്ഥാപിക്കുന്നതിനായി 369.16 ലക്ഷം രൂപ നടപ്പുവർഷം വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കോട്ടയം ജില്ലാ പോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം**

കോട്ടയം ജില്ലാപോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന് 3.67 കോടി രൂപ 4055-207-97-(01)-മേജർ വർക്സ് എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**സ്റ്റുഡന്റ് പോലീസ് സ്കീം**

സംസ്ഥാന സ്കൂൾ കുട്ടികൾക്ക് ട്രാഫിക് നിയമത്തിലുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും പ്രായോഗിക പരിശീലനത്തിനും പോലീസിനെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ മനസ്സിലാക്കുന്നതിനുമായി ഉദ്ദേശിച്ചു നടപ്പാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് സ്കീമിനായി 2055-00-800-84-പോലീസ് വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ 3,00,00,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ—XIII

2056—ജയിലുകൾ

2056-00-001–99—ഭരണവും നടത്തിപ്പും—മേൽനോട്ടം

2012-2013 സാമ്പത്തിക വർഷം അലോട്ട്മെന്റിന്റെ അപര്യാപ്തതമൂലം ഏകദേശം 3 കോടി 70 ലക്ഷം രൂപയുടെ ബില്ലുകൾ പെന്റിംഗിലാണെന്നതും തടവുകാരുടെ എണ്ണത്തിലുള്ള വർദ്ധനവും മരുന്നും ചികിത്സാ ചെലവും ആഹാരസാധനങ്ങളുടെയും മറ്റ് ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന അടിക്കടി വർദ്ധനവും ഇന്ധനച്ചെലവും മറ്റും കണക്കാക്കുമ്പോൾ വകയിരുത്തപ്പെട്ട തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 6,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ—XIV

2070-00-003-89—ഐ.എം.ജി.യുടെ അടിസ്ഥാന സൗകര്യ വികസനം

ഐ.എം.ജി. ബാർട്ടൻഹിൽ വികസനത്തിനുള്ള 6.5 കോടി രൂപയും കോഴിക്കോട് റീജിയണൽ സെന്ററിന്റെ ഹോസ്റ്റൽ പണിയാനുള്ള 5 കോടി രൂപയും ചേർത്ത് ആകെ 1150 ലക്ഷം രൂപ ഒറ്റത്തവണ അധിക കേന്ദ്രസഹായമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ബാർട്ടൻഹില്ലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 12.22 കോടിയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നതായും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും ഇതിലേക്കായി 5.90 കോടി രൂപ ഐ.എം.ജി.യുടെ പക്കലിപ്പോൾ ഉണ്ടെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 6.5 കോടി രൂപയിൽ അധിക കേന്ദ്രസഹായമായി ലഭിക്കേണ്ടുന്ന 30% തുക യഥാസമയം ലഭിക്കാതെ വരുന്നപക്ഷം അതുകൂടി സംസ്ഥാന ഗ്രാന്റായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-003-97-31—സഹായധനം—ശമ്പളം (പദ്ധതിയേതരയിനം)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പദ്ധതിയേതര ചെലവുകളായ ശമ്പളം, എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയവക്കായി വകയിരുത്തിയിരിക്കുന്ന 437.45 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 912.55 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-003-99—ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം

ഐ.എ.എസ്. പ്രൊബേഷനേഴ്സിന്റെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് എൽ.ബി.എസ്.എൻ.എ.എ., സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഐ.എം.ജി. എന്നീ സ്ഥാപനങ്ങൾക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ചുള്ള തുക അനുവദിക്കേണ്ടതു

ണ്ടെന്നും ഈ വർഷം ആറ് ഐ.എ.എസ്. ഉദ്യോഗസ്ഥരെ കേരളത്തിന് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള ചെലവുകൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ അധികമായി 16,50,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

ഔദ്യോഗിക ഭാഷ വകുപ്പു സെക്രട്ടറിയ്ക്ക് ഒരു പുതിയ കാർ വാങ്ങുന്നതിലേക്കായി 12,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

34—മറ്റ് ചെലവുകൾ

ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി സാംസ്കാരിക പരിപാടികൾ, ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം എന്നിവ സംസ്ഥാനത്തെ മുഴുവൻ ജീവനക്കാർക്കും ലഭ്യമാക്കൽ, ഭരണഭാഷാ സഹായ ഗ്രന്ഥങ്ങൾ വാങ്ങി സംസ്ഥാനതല ഓഫീസുകൾ, ജില്ലാതല ഓഫീസുകൾ, ജില്ലാ കലക്ടറേറ്റ് തുടങ്ങിയ ഓഫീസുകളിൽ വിതരണം ചെയ്യൽ, ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭരണഭാഷാ സംബന്ധമായ ലഘുലേഖകൾ, പുസ്തകങ്ങൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യൽ, ഭരണഭാഷാ വർഷാചരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയവ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു.

2012-13 വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചത് 27,28,000 രൂപയാണെന്നും പ്രസ്തുത തുകയിൽ 26,36,308 രൂപ ചെലവായിട്ടുണ്ടെന്നും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന 1,31,000 രൂപ തികച്ചും അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി ഇതു സംബന്ധിച്ച തുടർപരിപാടികൾ നടപ്പിലാക്കുന്നതിലേക്കായി 1 കോടി 50 ലക്ഷം രൂപ കൂടി നടപ്പുവർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

## വിജിലൻസ്

2070-00-104-99—വിജിലൻസ്

04-4—അവധിയാത്രാനുകൂല്യം

അവധിയാത്രാനുകൂല്യം ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും കൂടാതെ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും കൂടി കുടിശ്ശികയായിട്ടുള്ള

10 ലക്ഷത്തോളം രൂപയുടെ ബില്ലുകൾ മാറി നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാനും തീരുമാനിക്കുകയും ചെയ്തു.

06—വാടക, കരം, നികുതി

2013-14 സാമ്പത്തിക വർഷത്തേക്കുള്ള വിഹിതമായ 30,00,000 രൂപ തികച്ചും അപര്യാപ്തമാണെന്നും സ്പെഷ്യൽ സെൽ എറണാകുളം, പത്തനംതിട്ട, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ഓഫീസുകളുടെ കുടിശ്ശിക ഇനത്തിൽ 15,00,000 രൂപ നൽകാനുള്ളതിനാലും നടപ്പുവർഷം 15,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

ഐ.എം.ജി. യുടെ 7-3-2013-ാം തീയതിയിലെ 1961/FA1/2012/IMG നമ്പർ കത്ത് പ്രകാരം 8,55,084 രൂപ നൽകാനുള്ളതിനാലും, State Whistle Blower Protection Policy പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾക്ക് 2013-14 സാമ്പത്തികവർഷത്തേക്ക് അനുവദിച്ചിരിക്കുന്ന 2,36,000 രൂപ പര്യാപ്തമല്ലാത്തതിനാലും 10,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21—മോട്ടോർ വാഹനങ്ങൾ

അന്വേഷണ ഉദ്യോഗസ്ഥർക്ക് യാത്രാസൗകര്യം നൽകുന്നതിലേക്ക് വകുപ്പിൽ 56 വാഹനങ്ങൾ വാങ്ങേണ്ടത് അത്യാവശ്യമാണെന്ന് സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. 2013-14 സാമ്പത്തിക വർഷത്തെ ബജറ്റിൽ വാഹനം വാങ്ങൽ എന്ന ശീർഷകം ഉൾപ്പെടുത്തുകയോ ഇതിൽ തുക അനുവദിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 2070-00-104-99-21-1 എന്ന ശീർഷകം ഉൾപ്പെടുത്തി അതിൽ 2.98 കോടി രൂപ ഈ ആവശ്യത്തിലേക്ക് അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിജിലൻസ് വകുപ്പിന്റെ കണക്കിനങ്ങൾ നിലവിൽ 'സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും' എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിജിലൻസിന്റെ കണക്കിനങ്ങൾക്ക് ഒരു പ്രത്യേക ധനാഭ്യർത്ഥന നമ്പർ അനുവദിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-88—സ്പെഷ്യൽ ജഡ്ജികൂടിയായ എൻക്വയറി കമ്മീഷണർ, തിരുവനന്തപുരം

99—വിവരസാങ്കേതികവിദ്യ

ഈ ഇനത്തിൽ 1,00,000 രൂപ ആവശ്യപ്പെട്ടെങ്കിലും 1000 രൂപ മാത്രമണ് അനുവദിച്ചത് എന്ന് മനസ്സിലാക്കിയ സമിതി കമ്പ്യൂട്ടറുകളുടെ വാർഷിക റിപ്പയറിംഗിനും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുമായി അധിക തുക ആവശ്യ

മായതിനാൽ അധികമായി 99,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-37—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

06—വാടക, കരം, നികുതി

13-12-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 3646/2012/ആഭ്യന്തരം പ്രകാരം അനുവദിച്ച ജഡ്ജിയുടെ ഔദ്യോഗിക വസതിയുടെ വാടക നൽകുന്നതിലേക്ക് 1,64,000 രൂപ ഈ ശീർഷകത്തിൽ കൂടുതലായി ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1,64,000 രൂപകൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-99—വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം

01-3—വീട്ടുവാടക അലവൻസ്

വഞ്ചിയൂർ ജില്ലാ കോടതി സമുച്ചയത്തിൽ പ്രവർത്തിച്ചുവന്നിരുന്ന വിജിലൻസ് ട്രൈബ്യൂണൽ ഓഫീസ് സർക്കാർ നിർദ്ദേശപ്രകാരം വാടകയ്ക്ക് എടുത്ത തിരുവനന്തപുരത്ത് തൈക്കാടുള്ള റ്റി.സി.24/3577(1) എന്ന കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആയതിലേക്ക് വരുന്ന വാടക പ്രതിമാസം 32,000 രൂപ ക്രമത്തിൽ 2012 ഡിസംബർ മാസം മുതൽ കൊടുത്തുതീർക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-55—കേരള ലോകായുക്ത, 1998

05-4—മറ്റിനങ്ങൾ

പുതുതായി സ്ഥാനമേൽക്കുന്ന ലോകായുക്ത, ഉപലോകായുക്ത എന്നിവർക്ക് ഔദ്യോഗിക വസതികൾ നവീകരിക്കുന്നതിനായി നിയമ പ്രകാരം 4 ലക്ഷം രൂപയും 3 ലക്ഷം രൂപയും യഥാക്രമം നൽകേണ്ടതുണ്ട്. കൂടാതെ ലോകായുക്തയുടെയും ഒരു ഉപലോകയുക്തയുടെയും ഓഫീസ് മുറികളിൽ 2001-ൽ സ്ഥാപിച്ച ശീതീകരണ യന്ത്രങ്ങളുടെ കാലാവധി കഴിഞ്ഞതിനാൽ ആയവ മാറ്റിസ്ഥാപിക്കുന്നതിനായി 3,25,000 രൂപയുടെയും ചെലവും പ്രതീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി ആകെ 10,25,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

2013-14 വർഷത്തേക്ക് 6,00,000 രൂപ ആവശ്യപ്പെട്ടതിൽ 20,000 മാത്രമേ അനുവദിച്ചിട്ടുള്ളൂ. 29-11-2012-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർടി.) നമ്പർ 202/2012/വി.ജി. പ്രകാരം അഡ്വക്കേറ്റ് ശ്രീമതി രേണു ഡി.പി.യെ ഹൈക്കോടതിയിൽ ലോകായുക്തയുടെ സ്റ്റാന്റിംഗ് കൗൺസിലായി കേരള ലോകായുക്ത സീനിയർ ഗവൺമെന്റ് പ്ലീഡർമാരുടെ നിബന്ധനകൾക്ക് [ജി.ഒ.(പി) നമ്പർ 109/2000/വി.ജി.

തീയതി 5-12-2000] വിധേയമായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും പ്രതിഫലം 9-1-2013 മുതൽ പ്രതിമാസം 35,000 രൂപയായി നിജപ്പെടുത്തിയിട്ടുള്ളതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ 4,20,000 രൂപകൂടി "34—മറ്റ് ചെലവുകൾ" ഇനത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-107-99—ഹോം ഗാർഡ്സ്

പോലീസിനേയും അഗ്നിശമനസേനയേയും സഹായിക്കുന്ന ഹോംഗാർഡുകളുടെ ഇപ്പോഴത്തെ ദിവസവേതനം 350 രൂപയാണ്. ഇതിലേക്ക് നിലവിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്നും മാത്രമല്ല ഇവരുടെ എണ്ണം മൂവായിരത്തിൽ നിന്നും അയ്യായിരമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതായും മനസ്സിലാക്കിയ സമിതി അധികമായി ഈ സാമ്പത്തിക വർഷം 12,00,00,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2070-00-108-90— ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നി പ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

കേന്ദ്ര സർക്കാർ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 2011-12 സാമ്പത്തിക വർഷത്തിൽ 17,73,19,000 രൂപ അനുവദിച്ചതിൽ 4,05,74,775 രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 5,00,00,000 രൂപ അനുവദിച്ചതിൽ 20,03,750 രൂപയും ചെലവഴിച്ചതായും എന്നാൽ ഭരണപരമായ കാലതാമസംമൂലം അനുവദിച്ച തുക മുഴുവനായും ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇതിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത തുക 2013-14 വർഷത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-92—അഗ്നിശമനവും അടിയന്തിര സർവ്വീസുകളേയും ശക്തിപ്പെടുത്തൽ (75% സെൻട്രലി സ്പോൺസേർഡ് സ്കീം)

കേന്ദ്ര സർക്കാർ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ രാജ്യത്തെ അഗ്നിശമന സേനയേയും അടിയന്തര സർവ്വീസുകളേയും ശക്തിപ്പെടുത്തുന്നതിനായി 200 കോടി രൂപ അനുവദിച്ചതിൽ കേരളത്തിന് വിഹിതമായി 3,32,50,000 രൂപ ലഭിക്കുകയുണ്ടായെന്നും ഈ പദ്ധതിക്കായി 2010-11 സാമ്പത്തിക വർഷം 14,27,046 രൂപയും 2011-12 സാമ്പത്തിക വർഷം 52,32,503 രൂപയും ചെലവഴിച്ചെന്നും എന്നാൽ 2012-13 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 2,63,67,000 രൂപ അനുവദിച്ചെങ്കിലും ഭരണപരമായ കാലതാമസംമൂലം തുക ചെലവഴിക്കുന്നതിന് വകുപ്പിന് കഴിഞ്ഞില്ലെന്നും സമിതി മനസ്സിലാക്കി. ഈ പദ്ധതിയുടെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 2,63,67,000 രൂപ 2013-14 സാമ്പത്തിക വർഷത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-94—അഗ്നിശമന സേനാ വകുപ്പിന്റെ നവീകരണം

പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ യഥാക്രമം 222,25,00,000 രൂപയും 2,00,00,000 രൂപയും ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടെങ്കിലും 1,10,00,000 രൂപയും 1000 രൂപയും മാത്രമേ വകയിരുത്തിയിട്ടുള്ളു എന്ന് സമിതി മനസ്സിലാക്കി. മനില റോപ്പ്, ഫോം കോമ്പൗണ്ട് മുതലായ അഗ്നി പ്രതിരോധത്തിനും രക്ഷാപ്രവർത്തനത്തിനും ഉപയോഗിക്കുന്ന അവശ്യസാധനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 221,15,00,000 രൂപ പ്ലാൻ ഇനത്തിലും 200,00,000 രൂപ നോൺപ്ലാൻ ഇനത്തിലും അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-96—മറ്റ് ചെലവുകൾ

96—മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ ഫയർ ആന്റ് റസ്ക്യു സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശാദായം, ജീവനക്കാരുടെ പ്രശസ്ത സേവ നത്തിനുള്ള പാരിതോഷികം എന്നിവയ്ക്കാണ് തുക വകയിരുത്തുന്നത്. ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം നൽകുന്നതിന് 10,00,000 രൂപ നിർദ്ദേശി ച്ചതിൽ 1,00,000 രൂപ മാത്രം വകയിരുത്തിയിട്ടുള്ളത് അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സ്മിതി 5,00,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്ത ണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2070-00-108-97—പരിശീലനം

ഈ ശീർഷകത്തിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ പ്രവർത്തനത്തിനുള്ള തുകയാണ് വകയിരുത്തുന്നത്. ഈ ശീർഷകത്തിൻകീഴിൽ വരുന്ന ചില കണക്കിനങ്ങളിൽ 2013-14 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. അക്കാഡമിയുടെ സുഗമമായ പ്രവർത്തന ത്തിനായി വിവിധ ഇനങ്ങളിലായി 43,75,000 രൂപ കൂടി അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-98— പ്രതിരോധവും നിയന്ത്രണവും—ജില്ലാ ജീവനക്കാർ നടപ്പുവർഷത്തെ ചെലവുകൾ വഹിക്കുന്നതിലേക്ക് അനുവദിക്കപ്പെട്ട തുക പര്യാപ്ത മല്ലാത്തതിനാൽ 1,58,65,000 രൂപ കൂടി അധികമായി ഈ ശീർഷക ത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-99—അഗ്നി പ്രതിരോധവും നിയന്ത്രണവും ഭരണ നടത്തിപ്പും

05-4—മറ്റിനങ്ങൾ

സംസ്ഥാനമൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിന് വേണ്ട സാധനങ്ങൾ വാങ്ങുന്നതിനും മതിയായ തുക ലഭ്യമാക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കി.

യൂണിഫോം സാധനങ്ങൾ വാങ്ങി നൽകേണ്ടതും ജീവനക്കാരന്റെ സുരക്ഷ ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ ബാദ്ധ്യതയായതിനാൽ ഈ ശീർഷകത്തിൽ അധികമായി 1,17,85,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

രക്ഷാപ്രവർത്തനം നടത്തുന്നതിന് ആവശ്യമായ ആധുനിക വാഹനങ്ങളും യന്ത്ര സാമഗ്രികളും വാങ്ങുന്നതിലേക്ക് മതിയായ ഫണ്ട് അനുവദിക്കാതെ കഴിഞ്ഞ കുറെ വർഷമായി ടോക്കൺ പ്രൊവിഷൻ മാത്രമാണ് വയ്ക്കാറുള്ളതെന്നും ഇതിലേക്ക് 2013-14 സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. വാഹനങ്ങളുടെയും യന്ത്ര സാമഗ്രികളുടെയും അഭാവത്തിൽ ഈ സേവന മേഖലയുടെ പ്രവർത്തനശേഷി കുറഞ്ഞുവരാൻ ഇടയാകുമെന്നതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 106,31,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXV

2225-04-102-93—ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി

ന്യൂനപക്ഷ വിഭാഗങ്ങളിൽ വലിയൊരു വിഭാഗം വസിക്കുന്നത് ജല ലഭ്യത കുറഞ്ഞ ഉയർന്ന പ്രദേശങ്ങളിലോ ശുദ്ധജലം ലഭ്യമല്ലാത്ത തീരപ്രദേശങ്ങളിലോ ആണ്. ആഗോള തലത്തിൽത്തന്നെ ജല ലഭ്യത കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ, സംസ്ഥാനത്തെ എല്ലാ ന്യൂനപക്ഷ ബ്ലോക്കുകളിലും പ്രദേശങ്ങളിലും കുഴൽകിണറുകൾ കുഴിക്കുക, നിലവിലുള്ള സംവിധാനത്തിന്റെ ദീർഘിപ്പിക്കുക, പുതിയ ജലസംഭരണികൾ സ്ഥാപിക്കുക, ബുസ്റ്റിംഗ് അപ് എന്നിവവഴി ഒരു പരിധിവരെയെങ്കിലും കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സാധിക്കുമെന്നും ഇതിലേക്ക് പത്ത് കോടി രൂപയിലധികം വേണ്ടിവരുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ, ഈ ശീർഷകത്തിൽ അധികമായി 6,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-277–93—ന്യൂനപക്ഷവുമായി ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണം ചെയ്യുവാൻ താല്പര്യപ്പെടുന്ന യോഗ്യരായ ഗവേഷർക്കുള്ള ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്

ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 5,00,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04–283–99—ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് ഭവനപദ്ധതി

വിവാഹമോചിതരും വിധവകളും ഉൾപ്പെടെയുള്ള കേരളത്തിലെ 1000 ന്യൂനപക്ഷ വനിതകൾക്കെങ്കിലും ഒരു വർഷം വീട് നൽകുന്നതിന് ഒരു വീടിന് രണ്ട് ലക്ഷം രൂപ എന്ന കണക്കിൽ 20 കോടി രൂപ കുറഞ്ഞത് ആവശ്യമായി വരും. ശാരീരികമോ

മാനസികമോ ആയ വൈകല്യമുള്ള മക്കളുള്ളവർ, പ്രായമായ പെൺമക്കൾ ഉള്ളവർ എന്നിവർക്ക് പദ്ധതിയിൽ പരിഗണന നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 15,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4225-04-190-99— കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനം

കോർപ്പറേഷന്റെ അടച്ചുതീർത്ത മൂലധനം 10 കോടി രൂപയായതിനാൽ 1.6 കോടി രൂപ അധികമായി വകയിരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1,60,00,000 രൂപ കൂടി അധികമായി ഈ ഇനത്തിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-80-190-95— കേരള സംസ്ഥാന മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷ (ക്ലിപ്തം) നുള്ള സഹായധനം

2013-14 സാമ്പത്തികവർഷം മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു.

1. ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് പ്രോഗ്രാം : 5 കോടി രൂപ
2. പബ്ലിക് അവയർനസ്സ് പ്രോഗ്രാം : 1 കോടി രൂപ
3. ഡാറ്റാ ബാങ്ക് സർവ്വേ : 1 കോടി രൂപ
4. മാര്യേജ് അസിസ്റ്റൻസ് : 1 കോടി രൂപ
5. സ്കോളർഷിപ്പ് : 1 കോടി രൂപ
6. മെഡിക്കൽ അസിസ്റ്റൻസ് : 1 കോടി രൂപ

ആയതിനാൽ ആകെ 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4225-80-190-95—കേരള സംസ്ഥാന മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ ക്ലിപ്തം

കോർപ്പറേഷന്റെ പ്രാരംഭ പ്രവർത്തനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി 2013-14 സാമ്പത്തിക വർഷത്തിൽ വകകൊള്ളിച്ചിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ മൂലധന സഹായമായി 5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

## 2013 മേയ് 6-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതി 2013 മേയ് 6-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ.
2. ശ്രീ. പി. സി. ജോർജ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

സമിതി 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

കൂടാതെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 2013 മേയ് 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റി 2013 മേയ് 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. പി. സി. ജോർജ്
2. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമ വകുപ്പ്.
2. ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ, ഡി.ജി.പി.
3. ശ്രീ. വി. എൻ. ജിതേന്ദ്രൻ, ഡയറക്ടർ ഓഫ് സോഷ്യൽ ജസ്റ്റിസ്
4. ശ്രീ. പി. അശോക് കുമാർ, എ.ഐ.ജി.പി.
5. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീ. പി. എസ്. കൃഷ്ണകുമാർ, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബില്ലിലെ വ്യവസ്ഥകളിന്മേൽ വ്യക്തികളിൽ നിന്നും സംഘടനകൾ, സ്ത്രീകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ എന്നിവയുടെ ഭാരവാഹികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിന്റെ പ്രാരംഭമായി സമിതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ നിന്നുള്ളവരിൽനിന്നും തെളിവെടുപ്പ് നടത്തുന്നതിനായി 2013 മേയ് മാസം 30-ാം തീയതി വ്യാഴാഴ്ച ഉച്ചക്കുശേഷം 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ ബാങ്ക്വറ്റ് ഹാളിൽ യോഗം കൂടുന്നതിന് തീരുമാനിച്ചു. ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് മറ്റ് ജില്ലകളിൽ നിന്നുള്ളവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുംകൂടി സ്വരൂപിക്കുന്നതിലേക്കായി സമിതി എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ആസ്ഥാനങ്ങളിലും യോഗം ചേർന്ന് തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിച്ച സമിതി പ്രസ്തുത ജില്ലകളിലെ തെളിവെടുപ്പ് യോഗങ്ങളുടെ സമയക്രമം പിന്നീട് നിശ്ചയിക്കാവുന്നതാണെന്നും തീരുമാനിച്ചു. കൂടാതെ ബില്ലിലെ വ്യവസ്ഥകളിന്മേൽ വനിതാ എം.എൽ.എ. മാരുടെ അഭിപ്രായം തേടുന്നതിന് നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ ഇതിനായി ഒരു യോഗം തിരുവനന്തപുരത്ത് വച്ച് കൂടുന്നതിനും യോഗത്തിൽ തീരുമാനിച്ചു.

30-5-2013-ന് ചേരുന്ന തെളിവെടുപ്പ് യോഗവിവരം അറിയിച്ചുകൊണ്ട് പത്രപ്പരസ്യം നൽകുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിന് നിർദ്ദേശം നൽകുകയും ചെയ്തു.

സമിതി യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 6 2013 മേയ് 30-ാം തീയതിയിലെ യോഗനടപടികുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2013 മേയ് മാസം 30-ാം തീയതി, വ്യാഴാഴ്ച ഉച്ചക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ സമിതി അദ്ധ്യക്ഷന്റെ അസാന്നിധ്യത്തിൽ സമിതിയിലെ എക്സ്-ഓഫീഷ്യോ അംഗം ആഭ്യന്തരവും വിജിലൻസും .വകുപ്പുമന്ത്രി ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പി. സി. ജോർജ്
2. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീ. ടി. പി. സെൻകുമാർ, എ.ഡി.ജി.പി.
3. ശ്രീ. വി.കെ. രാജേന്ദ്രൻ, എസ്.പി. സ്പെഷ്യൽ സെൽ, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
4. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
5. ഡോ. പി. പ്രതാപൻ, അഡീഷണൽ ഡയറക്ടർ, സോഷ്യൽ ജസ്റ്റിസ് വകുപ്പ്
6. ശ്രീ. പി. എസ്. കൃഷ്ണകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

ഹാജരായ വ്യക്തികളും വിവിധ സംഘടനാ പ്രതിനിധികളും:

1. ഡോ. കെ.ജി. വിജയലക്ഷ്മി, ചെയർപേഴ്സൺ, ഡബ്ല്യു. എച്ച്.ഐ., സന്ദീപനി സ്കൂൾ, തിരുവനന്തപുരം.
2. ശ്രീമതി ഗോമതി നായർ, മെമ്പർ നാഷണൽ മിഷൻ ഫോർ എംപവർമെന്റ് ഓഫ് വിമൺ, പാട്രൺ ഓഫ് ഓൾ ഇൻഡ്യ വിമൺസ് കോൺഫറൻസ്, ന്യൂഡൽഹി.
3. കുമാരി മീനു മോഹൻ, റിസർച്ച് സ്കോളർ, ഡിപ്പാർട്ട്മെന്റ് ഓഫ് ..ലാ, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം.

4. കുമാരി രാധു, ടി.വി., റിസർച്ച് സ്കോളർ, ഡിപ്പാർട്ട്മെന്റ് ഓഫ് ലാ, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം

5. കുമാരി അശ്വതി ജി. കൃഷ്ണൻ, റിസർച്ച് സ്കോളർ, ഡിപ്പാർട്ട്മെന്റ് ഓഫ് ലാ, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം

6. ശ്രീ. മോഹനൻപിള്ള, ജനറൽ സെക്രട്ടറി, കുടുംബ സംരക്ഷണവേദി സ്റ്റേറ്റ് കമ്മിറ്റി, ആലപ്പുഴ

7. ശ്രീ. ജലാലുദ്ദീൻ, പുരുഷാവകാശ സഹായ സമിതി, തൃശ്ശൂർ

8. ശ്രീമതി രാജമ്മ, കോവളം.

9. ശ്രീമതി സുകുമാരി, ബി.എസ്., ഹരിജന വാർദ്ധക്യ വനിതാസമിതി, കോവളം

10. ശ്രീമതി വിജയമ്മ, ജെ., വെമ്പായം.

11. ശ്രീ. ടി. ജി. രാജു, കുടംബസംരക്ഷണ വേദി, ആലപ്പുഴ

12. ശ്രീ. വിജയകുമാർ, കുടംബസംരക്ഷണ വേദി, പാലക്കാട്

13. ശ്രീ. കെ. എസ്. സന്തോഷ്, കുടംബസംരക്ഷണ വേദി, എറണാകുളം

14. ശ്രീ. സാബു സ്റ്റീഫൻ, യൂണിവേഴ്സിറ്റി ഓഫ് കേരള

15. ഡോ. എസ്. അജിത, അസിസ്റ്റന്റ് പ്രൊഫസർ ഓഫ് പബ്ളിക്ക് അഡ്മിനിസ്ട്രേഷൻ, യൂണിവേഴ്സിറ്റി ഓഫ് കേരള

16. ഡോ. റായ്മോൾ രവി, കെ., ലക്ചറർ പൊളിറ്റിക്കൽ സയൻസ്, യൂണിവേഴ്സിറ്റി ഓഫ് കേരള

17. ശ്രീമതി ജയന്തി, എസ്., പ്രിൻസിപ്പൽ, സി.ബി.എസ്.ഇ. സ്കൂൾ വഞ്ചിയൂർ

18. ശ്രീ. സുധീർ, എസ്., കൊല്ലം

19. ശ്രീമതി രജിത, ജി., സഖി വിമൺ റിസോഴ്സ് സെന്റർ, തിരുവനന്തപുരം

20. ശ്രീമതി ആർ. പാർവ്വതി ദേവി, തിരുവനന്തപുരം

21. ശ്രീ. വിൻസെന്റ് ചിറയത്ത്, ട്രഷറർ, പുരുഷാവകാശ സംരക്ഷണ സമിതി, തൃശ്ശൂർ

22. ശ്രീ. പി. ആർ. ഗോകുൽ, സെക്രട്ടറി, പുരുഷാവകാശ സംരക്ഷണ സമിതി, തൃശ്ശൂർ

23. ശ്രീ. ശ്രീകുമാർ, കെ., കമ്മിറ്റി മെമ്പർ, പുരുഷാവകാശ സംരക്ഷണ സമിതി, തൃശ്ശൂർ

24. ശ്രീമതി സീറ്റാ ദാസൻ, കേരളാ സ്ത്രീവേദി

25. ശ്രീമതി മേഴ്സി അലക്സാണ്ടർ, സഖി

26. ശ്രീമതി ജുസൈന ഫാത്തിമ എസ്, കൊല്ലം

27. ശ്രീമതി സബീറ, എ., കൊല്ലം

28. ശ്രീമതി നജിയ, എ., കൊല്ലം

29. ശ്രീമതി സീനത്ത് നിസാം, കൊല്ലം

30. ശ്രീ. വി. നിസാമുദ്ദീൻ, കൊല്ലം

31. ശ്രീ. എ. സന്തോഷ് കുമാർ

2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിന്റെ ഭാഗമായി ചേർന്ന പ്രസ്തുത യോഗം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലുള്ള വ്യക്തികളിൽ നിന്നും സ്ത്രീക്ഷേമത്തിനായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ, സംഘടനകൾ എന്നിവയുടെ ഭാരവാഹികളിൽ നിന്നും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് തെളിവെടുപ്പ് നടത്തി.

കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബില്ലിന് രൂപം കൊടുക്കുന്നതിനുമുമ്പ് ഈ ബില്ലിനെക്കുറിച്ച് നിയമ സമാധാനപാലനരംഗത്ത് പ്രവൃത്തിക്കുന്ന വ്യക്തികൾ, സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നവർ, സ്ത്രീ ശാക്തീകരണത്തിനു വേണ്ടി പ്രവർത്തിക്കുന്നവർ, എൻ.ജി.ഒ സംഘടനകൾ, സാമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ, പോലീസിലെ വനിതാ നേതാക്കൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി ചർച്ച ചെയ്തശേഷമാണ് സുപ്രധാനമായുള്ള ഈ ബില്ലിന് രൂപം കൊടുത്തതെന്നും എന്നാൽ ഈ ബില്ല് നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ഭരണപ്രതിപക്ഷ ഭേദമന്യേ വിഷയനിർണ്ണയ സമിതിക്കു വിടുന്ന ഈ ബില്ലിന്മേൽ വിഷയനിർണ്ണയ സമിതി പൊതുജനങ്ങളിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് തീരുമാനമായതിനെ തുടർന്നാണ് ബില്ലിന്മേൽ വിഷയനിർണ്ണയ സമിതി തെളിവെടുക്കുന്നതിന് യോഗം ചേർന്നിരിക്കുന്നതെന്ന് യോഗത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ച ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ആമുഖമായി പറഞ്ഞു. അതേ തുടർന്ന് യോഗത്തിൽ ഹാജരായ സമിതിയംഗങ്ങളും പ്രസ്തുത ബില്ലിനെക്കുറിച്ചും ബില്ലിലെ വ്യവസ്ഥകളിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞുകൊണ്ടും സംസാരിച്ചു.

യോഗത്തിൽ തുടർന്ന് സിമിതി, ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഓരോരുത്തരായി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നതിനായി ആരാഞ്ഞു.

ബില്ലിന്റെ പേര് 'കേരള പ്രൊട്ടക്ഷൻ ഓഫ് പ്രൈവസി ആന്റ് ഡിഗ്നിറ്റി' എന്നതാകുമ്പോൾ വളരെ പരമ്പരാഗത രീതിയിൽ സ്ത്രീകളെ കാണുന്നതായി വരുന്നുവെന്നതിനാൽ ഈ ബില്ലിന്റെ പേര് 'കേരള പ്രൊഹിബിഷൻ ഓഫ് ഹരാസ്സ്മെന്റ് ഓഫ് വിമൺ ആക്ട് 2013' എന്ന മാറ്റം വരുത്തണമെന്നും സ്ത്രീകൾ സംരക്ഷിക്കപ്പെടേണ്ടവർ ആണെന്ന രീതിയിലുള്ള പ്രൊട്ടക്ഷൻ എന്ന വാക്ക് ഈ ബില്ലിൽ ആവശ്യമില്ലെന്നും പകരം സേഫ്റ്റി എന്ന വാക്കാണ് വേണ്ടതെന്നും ഇപ്പോൾ പ്രധാനപ്പെട്ട പ്രശ്നമായിരിക്കുന്നത് പൊതു സ്ഥലങ്ങളിലെ പീഡനങ്ങളായതിനാൽ പൊതുസ്ഥലം എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്താണെന്ന് നിയമത്തിൽ നിർവ്വചനം നൽകേണ്ടതാണെന്നും ഒരു നിയമം കൊണ്ടുവരുമ്പോൾ പ്രൊഹിബിഷനോടൊപ്പംതന്നെ പ്രിവൻഷനുംകൂടി ശ്രദ്ധകൊടുക്കേണ്ടതാണെന്നും വരുംകാലങ്ങളിൽ ലാപ്ടോപ്പും മറ്റാധുനിക ഉപകരണങ്ങളുമൊക്കെ കുട്ടികൾക്ക് പ്രോജക്ട് ചെയ്യാൻ സഹായകമായി വേണ്ടിവരുമെന്നതുകൊണ്ട് ഇതു ദുരുപയോഗം ചെയ്യാതിരിക്കാനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താനുമുള്ള ഉത്തരവാദിത്വം സ്ഥാപന മേധാവിക്കാണെന്നും അതിൽ വീഴ്ച വരുത്തിയാൽ ശിക്ഷിക്കപ്പെടാനുള്ള വകുപ്പുകൾകൂടി

ഈ നിയമത്തിൽ ഉൾപ്പെടുത്തണമെന്നും ശ്രീമതി ആർ. പാർവ്വതി ദേവി, തിരുവനന്തപുരം സമിതിയോടു ആവശ്യപ്പെട്ടു. ശിക്ഷയുടെ കാര്യത്തിൽ ഓരോ കുറ്റകൃത്യത്തിന്റെയും തീവ്രത അനുസരിച്ച് ശിക്ഷയുടെ കാലാവധി വ്യക്തമാക്കണം, മൊബൈൽ ദുരുപയോഗത്തിനെതിരെ ചുമത്തുന്ന പിഴ വളരെ കുറവാണെന്നും ശ്രീമതി പാർവ്വതി അഭിപ്രായപ്പെട്ടു. കൂടാതെ, സ്പെഷ്യൽ കോടതികൾ നിയമത്തിന്റെ പരിധിയിൽ വരുത്തികൊണ്ടും അന്വേഷണത്തിന്റെയും വിചാരണയുടെയും എല്ലാ ഘട്ടങ്ങളിലും ഈ കോടതികൾ ഉണ്ടായിരിക്കേണ്ടതാണെന്നും അഭിപ്രായപ്പെടുകയും ചെയ്തതോടൊപ്പം നിയമത്തിൽ പറയുന്ന കാര്യങ്ങൾ പ്രായോഗികമായി എങ്ങനെ നടപ്പിലാക്കണമെന്നതു കൂടി ആലോചിക്കേണ്ടതാണെന്ന് ശ്രീമതി പാർവ്വതി സമിതിയെ അറിയിച്ചു.

സുപ്രീംകോടതിയുടെ "വർക്ക് പ്ലെയിസ് ഹരാസ്മെന്റ്" നിയമത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും ഈ ബില്ലിലും വന്നിട്ടുണ്ടെങ്കിലും സ്ത്രീകൾക്കെതിരെയുള്ള അസഭ്യഭാഷാ പ്രയോഗത്തെക്കുറിച്ച് ഈ ബില്ലിൽ പരാമർശിക്കുന്നില്ലെന്ന് ഡോ. കെ. ജി. വിജയലക്ഷ്മി, ചെയർപേഴ്സൺ, നാഷണൽ നെറ്റ് വർക്കിംഗ് ഓർഗനൈസേഷൻ സമിതിയിൽ അറിയിച്ചു. സ്കൂൾ കരിക്കുലത്തിൽ സ്ത്രീകൾക്ക് ബഹുമാനം നൽകുന്ന രീതിയിൽ മാതൃത്വത്തിന്റെയും സ്ത്രീത്വത്തിന്റെയും പ്രാധാന്യം ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സ്ത്രീപീഡനങ്ങൾക്കുള്ള ശിക്ഷ നടപ്പാക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നത് കേസിന്റെ ഗൗരവം കുറഞ്ഞുപോകാൻ ഇടയാക്കുമെന്നതിനാൽ കേസ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും കഠിനമായ ശിക്ഷ തന്നെ നടപ്പിലാക്കണമെന്നും ശ്രീമതി വിജയലക്ഷ്മി കൂട്ടിചേർത്തു.

ഈ ബില്ലിൽ പീഡനത്തിനിരായാകുന്ന സ്ത്രീകളുടെ പുനരധിവാസത്തെക്കുറിച്ച് ഒന്നും തന്നെ പറയുന്നില്ലെന്നും പുനരധിവാസകേന്ദ്രങ്ങളെക്കുറിച്ചും അവിടെ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ചും ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണെന്നും ശ്രീമതി ഗോമതി നായർ, മെമ്പർ, നാഷണൽ മിഷൻ ഫോർ എംപവർമെന്റ് ഓഫ് വിമൺ, പാട്രൺ ഓഫ് ഓൾ ഇന്ത്യ വിമൺസ് കോൺഫറൻസ് ന്യൂഡെൽഹി നിർദ്ദേശം ഉന്നയിച്ചു. കുറ്റകൃത്യത്തിനെതിരെ കടുത്ത ശിക്ഷതന്നെ നൽകണമെന്നും പീഡനത്തിന് ഇരയാകുന്ന സ്ത്രീ മരണപ്പെടുകയാണെങ്കിൽ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണമെന്നും ശ്രീമതി റായിമോൾ രവി. കെ., ലക്ചറർ, പൊളിറ്റിക്കൽ സയൻസ് കേരള യൂണിവേഴ്സിറ്റി അഭിപ്രായപ്പെട്ടതിന് സെക്ഷൻ 14-ൽ ഇതുസംബന്ധിച്ച് വ്യവസ്ഥചെയ്തിട്ടുണ്ടെന്ന് ആഭ്യന്തരവകുപ്പുമന്ത്രി മറുപടി നൽകുയും ചെയ്തു.

ഏതൊരു നിയമത്തിന്റെയും കാലികമായ പ്രസക്തി ഉറപ്പുവരുത്തുന്നത് ആ നിയമത്തിലെ ചട്ടങ്ങളാണ്. ഓരോ കാലഘട്ടത്തിലും വരുന്ന മാറ്റത്തിനനുസരിച്ച് യുക്തമായിട്ടുള്ള മാറ്റങ്ങൾ നിയമത്തിൽ കൊണ്ടുവരാൻ സാധിക്കണമെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നൽകുന്ന വ്യവസ്ഥകൂടി കൊണ്ടുവരേണ്ടതുണ്ടെന്നും എന്നാൽ ഈ ബില്ലിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലെന്നും കുമാരി. മീനുമോഹൻ, റിസർച്ച് സ്കോളർ, കേരള യൂണിവേഴ്സിറ്റി, കാര്യവട്ടം സമിതിയിൽ ചൂണ്ടിക്കാണിച്ചു. പിഴശിക്ഷ പരമാവധി 25,000 രൂപ ആണെന്നും ഇന്നത്തെ സാഹചര്യമനുസരിച്ച് ഇതു വളരെ തുച്ഛമായ ഒരു തുകയാണെന്നും പരാതിയിന്മേൽ എത്ര സമയത്തിനുള്ളിൽ നടപടി എടുക്കണമെന്നോ എത്ര സമയത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണമെന്നോ എന്നൊന്നും വ്യവസ്ഥകൾ ചെയ്തിട്ടില്ലെന്നും കുമാരി മീനുമോഹൻ സമിതിയെ അറിയിച്ചു.

ഇത്തരം കേസുകളുടെ അന്വേഷണത്തിനായി പ്രത്യേക കോടതി രൂപീകരിക്കുന്നതായിരിക്കും നല്ലതെന്ന് ശ്രീ. സാബു സ്റ്റീഫൻ, സ്റ്റുഡന്റ് യൂണിവേഴ്സിറ്റി, കേരളയും അഭിപ്രായപ്പെട്ടു. നിലവിലുള്ള കോർട്ടു സിസ്റ്റത്തിൽ നിന്നും വിഭിന്നമായി പ്രതികളിൽ നിന്നും വാദികളിലും സാക്ഷികളിലും നിന്നും പരാമാവധി ഒരു ദിവസത്തിനുള്ളിൽ തന്നെ മൊഴിരേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവർക്ക് നൽകുന്ന ശിക്ഷയും, അതുപോലെ പ്രതികളിൽ നിന്നും ഈടാക്കുന്ന പിഴയും വളരെ കുറവാണെന്ന് ശ്രീമതി രജിത, ജി., സഖി വിമൺ റിസോഴ്സ് സെന്റർ, തിരുവനന്തപുരം അഭിപ്രായപ്പെട്ടു. ഈ ബില്ലിൽ എങ്ങനെയെല്ലാം പരാതി സമർപ്പിക്കാം എന്നതിനെക്കുറിച്ച് ഒന്നും വ്യക്തമാക്കുന്നില്ലെന്നും കേസ് രജിസ്റ്റർ ചെയ്യാൻ തയ്യാറാകാത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് വർമ്മ കമ്മീഷൻ റിപ്പോർട്ടിൽ വന്നതാണെങ്കിലും സ്റ്റേറ്റ് ആക്ടിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടില്ലെന്നും അതുപോലെ റേപ്പ് നടന്നാൽ അതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കണമെന്നത് സംബന്ധിച്ചും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ശ്രീമതി രജിത കൂട്ടിച്ചേർത്തു.

ബില്ലിൽ നിർവചനം കൊടുത്തിരിക്കുന്നതിൽ 'വനിത' എന്ന വാക്കിനു പകരം 'സ്ത്രീ' എന്ന വാക്കിൽ സ്ത്രീയുടെ വ്യക്തിത്വം, അഭിമാനം, അന്തസ്സ് എന്നിവ പൂർണ്ണമായി ഉൾക്കൊള്ളുന്നതിനാൽ 'സ്ത്രീ' എന്ന വാക്കുതന്നെ ചേർക്കേണ്ടതാണെന്ന് ശ്രീമതി ജുസൈന ഫാത്തിമ കൊല്ലം അഭിപ്രായപ്പെട്ടു. കൂടാതെ പീഡനം എന്ന നിർവ്വചനത്തിൽ ശാരീരികവും മാനസികവുമായ എന്ന വാക്കുകൾ കൂടി ചേർക്കേണ്ടതാണെന്നും മദ്യം തുടങ്ങിയ ലഹരി പദാർത്ഥങ്ങളാണ് പീഡനങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നതെന്നും ആയതിനാൽ ഇവയുടെ ഉപയോഗം കർശനമായി നിയന്ത്രിക്കണമെന്നും അതുപോലെ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന ദൃശ്യ മാധ്യമങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തണമെന്നും അവർ സമിതിയിൽ ആവശ്യപ്പെട്ടു.

ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെ അന്തസ്സും അഭിമാനവും പരിരക്ഷിക്കാതെ വന്നാൽ ആ സ്ത്രീക്കെതിരെ കേസെടുക്കുവാൻ കഴിയുമോ എന്ന ശ്രീ. വിൻസെന്റ് ചിറയത്തിന്റെ ചോദ്യത്തിന്, ആരിൽ നിന്നും പീഡനം നേരിടേണ്ടിവന്നാലും അതായത് മറ്റൊരു സ്ത്രീയിൽ നിന്നായാലും പുരുഷനിൽ നിന്നായാലും അവർ ശിക്ഷിക്കപ്പെടുമെന്ന് സമിതി മറുപടി നൽകി. നമ്മുടെ രാജ്യത്ത് ധാരാളം നിയമങ്ങളുണ്ടെന്നും ഈ നിയമങ്ങളൊക്കെ നിലനിൽക്കുമ്പോൾ തന്നെ കുട്ടികളുടെ നേരേയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണെന്നും അതിനുദാഹരണമായി അടുത്ത കാലത്തുണ്ടായ ഒരു സംഭവം ചൂണ്ടിക്കാണിച്ച ശ്രീമതി സിറ്റാ ദാസൻ, കേരള സ്ത്രീവേദി, കുറ്റവാളികളെ ആറുമാസത്തിനുള്ളിൽ തന്നെ ശിക്ഷിക്കുന്നതിനായി നിയമം കൊണ്ടുവരണമെന്നും നിയമങ്ങൾ കർശനമായി തന്നെ നടപ്പിലാക്കണമെന്നും സമിതിയിൽ അഭിപ്രായപ്പെട്ടു.

യോഗാനന്തരം സമിതി ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് എഴുതി സമർപ്പിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഓരോരുത്തരിൽ നിന്നും സ്വീകരിച്ചു. തുടർന്ന് സമിതി യോഗത്തിൽ ഹാജരായി തെളിവു നൽകിയവർക്കെല്ലാം നന്ദി രേഖപ്പെടുത്തുകയുണ്ടായി.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.

# 2013 ജൂൺ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2013 ജൂൺ 24-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 1.30 മണിക്ക് (നിയമസഭാ സമ്മേളനാനന്തരം) നിയമസഭാ കോംപ്ലക്സിലെ 5-ഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അസാന്നിധ്യത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പി. സി. ജോർജ്
2. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
3. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, പാർലമെന്ററി കാര്യവകുപ്പ്.
2. ശ്രീ. കെ. അജയകുമാർ, സെക്രട്ടറി, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പ്.
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
4. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, വിവര പൊതുജന സമ്പർക്ക വകുപ്പ് & നോർക്ക വകുപ്പ്.
5. ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്.
6. ശ്രീ. പി. വിജയാനന്ദ്, എ.ഡി.ജി.പി.
7. ശ്രീ. മനോജ് എബ്രഹാം, ഐ.ജി.പി., ഹെഡ് ക്വാർട്ടേഴ്സ്.
8. ശ്രീ. യോഗേഷ് ഗുപ്ത, ഐ. ജി. പി. (അഡ്മിനിസ്ട്രേഷൻ)
9. ശ്രീമതി എസ്. ശ്രീകല, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
10. ശ്രീ. കെ. എസ്. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ഐ.റ്റി. വകുപ്പ്
11. ശ്രീമതി ആർ. പത്മജ, ജോയിന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

12. ശ്രീ. ഐ. മുഹമ്മദ് സക്കീർ, ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്.

13. ശ്രീ. എൻ. സുനിൽ കുമാർ, ഡയറക്ടർ, പ്രിന്റിംഗ് വകുപ്പ്.

14. ശ്രീ. എസ്. എസ്. കുമാർ, കൺട്രോളർ ഓഫ് സ്റ്റേഷനറി.

I. **സമിതി 2012-13, 2009-10 എന്നീ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

(i) 2012 – 13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധ സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്
(ഫ. നമ്പർ 3076/സബ്.സി.ഡി2/2012/ലെജി)

ഖണ്ഡിക നമ്പർ 1, 5
ഗവ. കത്ത് നമ്പർ 25332/ബി.ഡബ്ല്യു/12/പൊ. ഭ. വ. തീയതി 13-6-2013

ഖണ്ഡിക നമ്പർ 2, 3, 5
ഗവ. കത്ത് നമ്പർ 54679/സ്.പെ.ഇ1/12/പൊ. ഭ.വ. തീയതി 19-6-2013

ഖണ്ഡിക നമ്പർ 6, 27, 28, 29
ഗവ. കത്ത് നമ്പർ 7523/പാർല.1/13/നിയമം. തീയതി 11-6-2013

ഖണ്ഡിക നമ്പർ 7, 8, 9
ഗവ. കത്ത് നമ്പർ 561/എ2/12/പാ. ക. വ. തീയതി 5-4-2013

ഖണ്ഡിക നമ്പർ 10
ഗവ. കത്ത് നമ്പർ 42578/സി.ഡി.എൻ$_5$/13/പൊ.ഭ.വ. തീയതി 22-6-2013

ഖണ്ഡിക നമ്പർ 11 മുതൽ 15 വരെ
ഗവ. കത്ത് നമ്പർ 3957/സി.$_1$/13/വി.സ.വ. തീയതി 20-6-2013

ഖണ്ഡിക നമ്പർ 16, 59 മുതൽ 60 വരെ.
ഗവ. കത്ത് നമ്പർ 12632/എ.ആർ.13/(1)/12/ഉ.ഭ.പ.വ.തീയതി 8-3-2013

ഖണ്ഡിക നമ്പർ 18 മുതൽ 26 വരെ
ഗവ. കത്ത് നമ്പർ 59968/സി3/12/ആഭ്യന്തരം തീയതി 21-6-2013

ഖണ്ഡിക നമ്പർ 39 മുതൽ 52 വരെ
ഗവ. കത്ത് നമ്പർ 60057/ഇ4/12/ആഭ്യന്തരം തീയതി 21-6-2013

ഖണ്ഡിക നമ്പർ 53 മുതൽ 58 വരെ

ഗവ. കത്ത് നമ്പർ 22815/എച്ച്3/13/ഉ.ഭ.പ.വ. തീയതി 7-6-2013

ഖണ്ഡിക നമ്പർ 62 മുതൽ 69 വരെ

ഗവ. കത്ത് നമ്പർ 8258/സി1/12/വി. ജി. തീയതി 21-6-2013

ഖണ്ഡിക നമ്പർ 72 മുതൽ 80 വരെ

ഗവ. കത്ത് നമ്പർ 59930/എഫ$_2$/12/ആഭ്യന്തരം തീയതി 20-6-2013

ഖണ്ഡിക നമ്പർ 86

ഗവ. കത്ത് നമ്പർ 3333/ബി$_3$/12/നോർക്ക തീയതി 11-1-2013

ഖണ്ഡിക നമ്പർ 88 മുതൽ 92 വരെ

ഗവ. കത്ത് നമ്പർ 512810/എം.ഡബ്ല്യു.1/12/പെ.ഭ.വ. തീയതി 20-6-2013

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 82 മുതൽ 85 വരെയുള്ള ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതിക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി വിശദീകരണം ആരാഞ്ഞു.

വിവര പൊതുജന സമ്പർക്ക വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 82 മുതൽ 85 വരെയുള്ള ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വകുപ്പു സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടികൾ അംഗീകരിക്കുന്നതിന് സമിതി തീരുമാനിച്ചു. അതോടൊപ്പം സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള സ്റ്റേറ്റ്മെന്റ് നിയമസഭാ സെക്രട്ടേറിയറ്റിന് അടിയന്തരമായി ലഭ്യമാക്കണമെന്ന് വകുപ്പുസെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

കൂടാതെ, ഖണ്ഡിക 31 മുതൽ 38 വരെയുള്ള ശുപാർശകൾക്കുള്ള മറുപടി ലഭ്യമാക്കുന്നതിനായും ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

(ii) 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 15497/സബ്.സി.ഡി2/2009/ലെജി)

ഖണ്ഡിക നമ്പർ 39 മുതൽ 42 വരെ

ഗവ. കത്ത് നമ്പർ 17970/ഔ.ഭ1/12/ഉ.ഭ.പ.വ. തീയതി 26-11-2012

**II. സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിച്ചു:**

1. The Members of the Kerala Legislative Assembly (Reimbursement of Amount Incurred for the Purchase of Books) Rule, 2013

(ഫയൽ നമ്പർ 2044/സബ്.സി.ഡി$_2$/2013/ലെജി.)

പ്രസ്തുത കരട് ചട്ടം താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

(i) In item (iv) of rule 4, for the figure and word, "4 months" the figure and word "9 months" shall be substituted.

(ii) For rule 6, the following shall be substituted, namely:—

" 6. *Sanctioning Authority.*—(1) An application under these rules by the Chief Minister or a Minister or the Leader of Opposition or the Government Chief Whip shall be furnished to the Secretary, General Administration Department and an application by the Speaker or the Deputy Speaker or a Member other than those mentioned above shall be furnished to the Secretary Kerala Legislative Assembly.

(2) On receipt of an application for reimbursement, the Secretary, General Administration Department or the Secretary, Kerala Legislative Assembly, as the case may be, shall verify the facts stated in the application with reference to the enclosures and the records available, and may issue orders sanctioning the admissible amount".

(iii) In rule 7, in the marginal heading for the words, *"Drawal of reimbursement"* the words "*Drawal of the amount*" shall be substituted.

2. The Members of the Kerala Legislative Assembly (Accident Insurance) Amendment Rules, 2013

(ഫയൽ നമ്പർ 2353/സബ്.സി.ഡി2/2013/ലെജി.)

പ്രസ്തുത കരട് ചട്ടം ഭേദഗതി കൂടാതെ അംഗീകരിക്കുന്നതിന് സമിതി തീരുമാനിച്ചു.

തുടർന്ന് സമിതി 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും 2012-13 വർഷത്തെ ധനാഭ്യർത്ഥകളുടെ പരിശോധനാ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ളതും അന്നേദിവസം സമിതി പരിഗണിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങൾകൂടി പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശത്തോടെ ആയത് അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.

# 2013 ജൂലൈ 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2013 ജൂലൈ മാസം 8-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം നിയമസഭാ സമ്മേളനാനന്തരം 12.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ബി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനായ ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. സി. ദിവാകരൻ
4. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
5. ശ്രീ. രമേശ് ചെന്നിത്തല.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. എൽ. രാധാകൃഷ്ണൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവകുപ്പ്.
2. ഡോ. അലക്സാണ്ടർ ജേക്കബ്, ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്.
3. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
4. ശ്രീ. എം. ഗിരീഷ്കുമാർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (എഫ്.ആർ.), ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.
5. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
6. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
7. ശ്രീമതി ജി. ഇന്ദു, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.
8. ശ്രീ. എൻ. പരമേശ്വര കുമാർ, അഡീഷണൽ സെക്രട്ടറി, ആഭ്യന്തരവകുപ്പ്.

**(എ) സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും അതത് കരട് ചട്ടങ്ങളുടെ ചുവടെ ചേർത്തിട്ടുള്ള രീതിയിൽ അംഗീകരിക്കുകയും ചെയ്തു:**

1. The Kerala Jail Service (Amendment) Special Rules, 2012.
   (ഫ. നമ്പർ 194/സബ്.സി.ഡി2/2013/ലെജി.)
   ഗവൺമെന്റ് കത്ത് നമ്പർ 56154/ബി3/2011/ആഭ്യന്തരം തീയതി 10-1-2013 & 27-2-2013.

പ്രസ്തുത കരട് ചട്ടം താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

(i) Rule 1 (1) shall be amended as follows:—

"These rules may be called the Kerala Jail Service (Amendment) Special Rules, 2013."

(ii) For rule 2, the following shall be substituted, namely:—

"2. *Amendment of the rules*.—In the Kerala Jail Service Special Rules, 1958, in the table under rule 3, in the entries against category "(9)" in column (1) after the entry "By Transfer" in column (2), after the entry "(1) Degree of a recognized University" in column (3), the following "Note" shall be inserted, namely:—

"*Note:*—In case of persons who entered the Jail Service on or before the 17th February, 2010 a pass in the S.S.L.C. or its equivalent examination is sufficient."

2. The Kerala Service (........ Amendment) Rules, 2013 (Amendment to Appendix VII, KSR)

ഗവ. കത്ത് നമ്പർ 86829/റൂൾസ് ബി1/2011/Fin. തീയതി 8-1-2013.
(ഫ. നമ്പർ 304/സബ്.സി.ഡി2/2013/ലെജി.)

ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

3. The Kerala Service (........ Amendment) Rules, 2013 (Amendment to rule 90A, 93 & 103 of part I KSR and Appendix VII)

ഗവ. കത്ത് നമ്പർ 21229/റൂൾസ് ബി1/2012/Fin. തീയതി 13-2-2013.
(ഫ. നമ്പർ 632/സബ്.സി.ഡി2/2013/ലെജി.)

ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

4. The Kerala Service (........ Amendment) Rules, 2013

(Amendment to Part III)

ഗവ. കത്ത് നമ്പർ 8352/Pen B4/2012/Fin. തീയതി 14-6-2013
(ഫ. നമ്പർ 2678/സബ്.സി.ഡി2/2013/ലെജി.)

ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

5. The Kerala Last Grade Service (........ Amendment) Special Rules, 2013

ഗവ. കത്ത് നമ്പർ 7904/ആർ2/2011/ഉ.ഭ.പ.വ. തീയതി 5-2-2013
(ഫ. നമ്പർ 589/സബ്.സി.ഡി2/2013/ലെജി.)

ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

**(ബി) സമിതിയുടെ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് വിജ്ഞാപനം ചെയ്ത ചുവടെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ സമിതി പരിഗണിക്കുകയും അവയ്ക്ക് സാധൂകരണം നൽകുകയും ചെയ്തു:**

(1) 2010-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഉപദേശക ബോർഡ് (ചെയർമാൻ, അംഗങ്ങൾ, ജീവനക്കാർ എന്നിവരുടെ സേവന വ്യവസ്ഥ) ചട്ടങ്ങൾ—എസ്.ആർ.ഒ.നമ്പർ 73/2013—തിരുത്തൽ വിജ്ഞാപനം ഗവ. കത്ത് നമ്പർ 81236/എസ്.എസ്.എ5/2013/ആഭ്യന്തരം തീയതി 2-3-2013.

(ഫ. നമ്പർ 11506/സബ്.സി.ഡി2/2011/ലെജി.)

(2) 2012-ലെ കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ്—എസ്.ആർ.ഒ. നമ്പർ 10/2013.

ഗവ. കത്ത് നമ്പർ 28296/ബി3/2011/ആഭ്യന്തരം തീയതി 1-3-2013
(ഫ. നമ്പർ 990/സബ്.സി.ഡി2/2013/ലെജി.)

(3) കേരള സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, 2013—എസ്.ആർ.ഒ. നമ്പർ 2/2013.

ഗവ. കത്ത് നമ്പർ 89631/റൂൾസ് എ1/2010/ഫിൻ. തീയതി 1-2-2013.
(ഫ. നമ്പർ 980/സബ്.സി.ഡി2/2012/ലെജി.)

(4) The Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases (Second Amendment)

Rules, 2012—എസ്.ആർ.ഒ. നമ്പർ 824/2012.
ഗവ. കത്ത് നമ്പർ 22102/ബി4/2012/നിയമം തീയതി 8-1-2013.
(ഫ. നമ്പർ 196/സബ്.സി.ഡി2/2013/ലെജി.)

തുടർന്ന് സമിതി താഴെപ്പറയുന്ന ചട്ടം പരിഗണനയ്ക്കെടുക്കുകയും വിശദമായി ചർച്ച ചെയ്യുകയും ചെയ്തു:

കേരള സർവ്വീസ് ($5^{th}$ അമെന്റ്മെന്റ്) റൂൾസ്, 2013

എസ്.ആർ.ഒ. നമ്പർ 181/2013.
ഗവ. കത്ത് നമ്പർ 7550/Pen B4/2013/Fin. തീയതി 26-3-2013.
(ഫ. നമ്പർ 1320/സബ്.സി.ഡി2/2013/ലെജി.)

ദേശീയ പെൻഷൻ സമ്പ്രദായം 1-4-2013 മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം III-ൽ ഭേദഗതി നിർദ്ദേശിക്കുന്ന പ്രസ്തുത ചട്ടത്തിലെ ഉള്ളടക്കത്തിൽ സമിതി അംഗങ്ങളായ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. സി. ദിവാകരനും വിയോജിപ്പുള്ളതായി അറിയിച്ചു.

പ്രസ്തുത ചട്ടം ഭേദഗതി കൂടാതെ സാധൂകരിക്കുന്നതിന് സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 1.15 മണിക്ക് പിരിഞ്ഞു.

## 9 2013 ആഗസ്റ്റ് 7-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2013 ആഗസ്റ്റ് മാസം 7-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ V-D കോൺഫറൻസ് ഹാളിൽ സമിതി അദ്ധ്യക്ഷന്റെ അസാന്നിധ്യത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. റ്റി. എ. അഹമ്മദ് കബീർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി ജെ. മേരിഗ്രേസി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവിഅമ്മ, അണ്ടർ സെക്രട്ടറി.

2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബില്ലിന്മേൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ വച്ച് തെളിവെടുപ്പ് യോഗം നടത്തുന്നതിനുള്ള തീയതിയും മറ്റും തീരുമാനിക്കുന്നതിനായി ചേർന്ന യോഗം പ്രസ്തുത വിഷയത്തിന്മേൽ ഒരു മാസത്തിനുശേഷം യോഗം ചേർന്നു തീരുമാനമെടുക്കുന്നതിന് തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11.45 മണിക്ക് പിരിഞ്ഞു.

## 10 2013 ഒക്ടോബർ 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതി 2013 ഒക്ടോബർ മാസം 21-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-D സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിധ്യത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. സി. ദിവാകരൻ
2. ശ്രീ. പി. സി. ജോർജ്
3. ശ്രീ. മാത്യു റ്റി. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എൽ. രാധാകൃഷ്ണൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. കെ. എസ്. ബാലസുബ്രമണ്യൻ, ഡി. ജി. പി.
4. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. എൻ. ഗിരീഷ്കുമാർ, ഒ.എസ്.ഡി., (എഫ്.ആർ.) ധനകാര്യ വകുപ്പ്.
6. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
7. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
8. ശ്രീ. സണ്ണി സാമുവൽ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
9. ശ്രീ. പി. ജെ. വിൻസന്റ്, അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്.
10. ശ്രീമതി എസ്. സുഖി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
11. ശ്രീമതി ജെ. ജയ, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
12. ശ്രീമതി കെ. എ. ശ്രീലത, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
13. ഡോ. കെ. പി. ജയകുമാർ, ഡയറക്ടർ, എഫ്.എസ്.എൽ., പൊലീസ് വകുപ്പ്.
14. ശ്രീ. നാസർ ഹുസൈൻ, എച്ച്., സെക്രട്ടറി, കെ.എ.ഡബ്ല്യൂ.എഫ്.സി.
15. ശ്രീ. കെ. ജി. ശിവദാസൻ, ചീഫ് കെമിക്കൽ എക്സാമിനർ.

**I. സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും അതത് കരട് ചട്ടങ്ങളുടെ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തീരുമാനം കൈകൊള്ളുകയും ചെയ്തു:**

(1) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി)ചട്ടങ്ങൾ.

(ഫയൽ നമ്പർ 1650/സബ്.സി.ഡി.$_2$ /2013/ലെജി.)

ഗവ. കത്ത് നമ്പർ 12544/12/കെ.എൽ.ബി.എഫ്2/നിയമം തീയതി 17-4-2013

പ്രസ്തുത കരട് ചട്ടം വിശദമായി പരിശോധിക്കുന്നതിനായി അടുത്ത യോഗത്തിലേക്ക് മാറ്റിവയ്ക്കുന്നതിന് സമിതി തീരുമാനിച്ചു.

(2) The Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases (Amendment) Rules, 2013

(ഫയൽ നമ്പർ 3049/സബ്.സി.ഡി2/2013/ലെജി.)

ഗവ. കത്ത് നമ്പർ 21986/$B_1$/2012/Law തീയതി 6-7-2013.

ഭേദഗതി കൂടാതെ അംഗീകരിച്ചു.

(3) The Kerala State Subordinate Service (Amendment) Rules 2012.

(ഫയൽ നമ്പർ 3721/സബ്.സി.ഡി2/2013/ലെജി.)

ഗവ. കത്ത് നമ്പർ 1097/ആർ1/2012/ഉ.ഭ.പ.വ. തീയതി 26-7-2013.

കരട് ചട്ടത്തിന്റെ പേരിനൊപ്പം ചേർത്തിട്ടുള്ള വർഷം '2012' എന്നത് '2013' എന്ന് ഭേദഗതി ചെയ്യണമെന്ന നിർദ്ദേശത്തോടെ ചട്ടം അംഗീകരിച്ചു.

(4) The Kerala Service (Amendment) Rules,

Amendment to Appendix II, Part I, KSR.

(ഫയൽ നമ്പർ 3283/സബ്.സി.ഡി2/2013/ലെജി.)

ഗവ. കത്ത് നമ്പർ 76551/$RA_2$/12/Fin. തീയതി 10-7-2013.

ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

(5) ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ വിവിധ തസ്തികകളിലേക്കുള്ള സ്പെഷ്യൽ റൂൾസ്

(ഫയൽ നമ്പർ 2089/സബ്.സി.ഡി2/2011/ലെജി.)

ഗവ. കത്ത് നമ്പർ 29818/$കെ_2$/2004/ആഭ്യന്തരം തീയതി 13-9-2013

പ്രസ്തുത കരട് ചട്ടം താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ സമിതി അംഗീകരിച്ചു:

(1) കരട് ചട്ടത്തിന്റെ ചുരുക്ക പേരിനൊപ്പവും ചേർത്തിട്ടുള്ള വർഷം '2010' എന്നത് '2013' എന്ന് ഭേദഗതി ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

(2) ചട്ടം 6-ലെ പട്ടികയിൽ—

(i) കാറ്റഗറി 3(a)യിലെ Assistant Director (Physics) തസ്തികയിലേക്ക് 'By Promotion' മുഖേനയുള്ള നിയമനത്തിന് കോളം (3)-ൽ നിലവിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്കുപകരം "Five Years Experience as Scientific Assistant (Physics) under category 4(a)" എന്നും

(ii) കാറ്റഗറി 3(b)യിലെ Assistant Director (Chemistry) തസ്തികയിലേക്ക് 'By Promotion' മുഖേനയുള്ള നിയമനത്തിന് കോളം (3)-ൽ നിലവിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്കുപകരം "Five Years Experience as Scientific Assistant (Chemistry) under category 4(b)" എന്നും

(iii) കാറ്റഗറി 3(c) യിലെ Assistant Director (Biology) തസ്തികയിലേക്ക് 'By Promotion' മുഖേനയുള്ള നിയമനത്തിന് കോളം (3)ൽ നിലവിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്കുപകരം "Five Years Experience as Scientific Assistant (Biology) under category 4(c)" എന്നും

(iv) കാറ്റഗറി 3(d) യിലെ Assistant Director (Documents) തസ്തികയിലേക്ക് 'By Promotion' മുഖേനയുള്ള നിയമനത്തിന് കോളം (3)-ൽ നിലവിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്കുപകരം "Five Years Experience as Scientific Assistant (Documents) under category 4(d)" എന്നും

(v) കാറ്റഗറി 3(e) യിലെ Assistant Director (Polygraph) തസ്തികയിലേക്ക് 'By Promotion' മുഖേനയുള്ള നിയമനത്തിന് കോളം (3)-ൽ നിലവിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്കുപകരം "Five Years Experience as Scientific Assistant (Polygraph) under category 4(e)" എന്നും

(vi) കാറ്റഗറി 3(f) യിലെ Assistant Director (Serology) തസ്തികയിലേക്ക് 'By Promotion' മുഖേനയുള്ള നിയമനത്തിന് കോളം (3) ൽ നിലവിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്കുപകരം "Five Years Experience as Scientific Assistant (Biology) under category 4(c)" എന്നും

(vii) കാറ്റഗറി 3(g) യിലെ Assistant Director (Ballistics) തസ്തികയിലേക്ക് 'By Promotion' മുഖേനയുള്ള നിയമനത്തിന് കോളം (3) ൽ നിലവിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്കുപകരം "Five Years Experience as Scientific Assistant (Physics) under category 4(a)" എന്നും

(viii) കാറ്റഗറി 3(h) യിലെ Assistant Director (Documents-Civil) തസ്തികയിലേക്ക് 'By Promotion' മുഖേനയുള്ള നിയമനത്തിന് കോളം (3) ൽ നിലവിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്കുപകരം "Five Years Experience as Scientific Assistant (Documents) under category 4(d)" എന്നും

ഭേദഗതി വരുത്താൻ സമിതി നിർദ്ദേശിച്ചു.

**II. സമിതിയുടെ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് വിജ്ഞാപനം ചെയ്ത ചുവടെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ സമിതി പരിഗണിക്കുകയും അവയ്ക്ക് സാധൂകരണം നൽകുകയും ചെയ്തു:**

(1) കേരള ജുഡീഷ്യൽ സർവ്വീസസ് (അമെന്റ്മെന്റ്) റൂൾസ്, 2013
(എസ്.ആർ.ഒ. നമ്പർ 321/13)
(ഫയൽ നമ്പർ 2921/സബ്.സി.ഡി$_2$/2013/ലെജി.)
ഗവ. കത്ത് നമ്പർ 34603/സി$_3$/2013/ആഭ്യന്തരം തീയതി 26-6-2013.
ഗവ. കത്ത് നമ്പർ 71865/സി$_3$/2013/ആഭ്യന്തരം തീയതി 23-8-2013.

(2) The Kerala State and Subordinate Services (2nd Amendment Rules, 2013)
(എസ്.ആർ.ഒ. നമ്പർ 479/13)
(ഫയൽ നമ്പർ 4211/സബ്.സി.ഡി$_2$/2013/ലെജി.)
ഗവ. കത്ത് നമ്പർ 901/ ആർ$_1$/2013/ഉ.ഭ.പ.വ. തീയതി 31-7-2013.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 അനുസരിച്ച് നിയമസഭയുടെ ഒരു ആക്ട്മൂലം സർക്കാരിനോ മറ്റു സ്റ്റാറ്റ്യൂട്ടറി അതോറിറ്റിക്കോ ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരം നൽകുന്നിടത്തും പാർലമെന്റിന്റെ ഒരു ആക്ട്മൂലം ചട്ടങ്ങൾ ഉണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരം ഏല്പിച്ചു കൊടുക്കുന്നിടത്തും എല്ലാ സംഗതികളിലും അങ്ങനെയുള്ള ചട്ടങ്ങളെല്ലാം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്കായി കരടു രൂപത്തിൽ വയ്ക്കേണ്ടതാണ്. എന്നാൽ സന്ദർഭത്തിന്റെ അടിയന്തിര സ്വഭാവം അങ്ങനെ ആവശ്യമായി വരുന്ന പക്ഷവും പൊതുതാൽപര്യാർത്ഥം പെട്ടന്നുള്ള നടപടി എടുക്കേണ്ട തായും വരുന്ന സംഗതിയിൽ ഏതെങ്കിലും നിയമപ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ച് പ്രസ്തുത ചട്ടത്തിന്റെയോ ചട്ടങ്ങളുടേയോ കരട് രൂപങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കാതെ ചട്ടമോ ചട്ടങ്ങളോ പുറപ്പെടുവിക്കാവുന്നതാണ് എന്ന ക്ലിപ്ത നിബന്ധനയും ചട്ടത്തിൽ ഉണ്ട്.

ഇപ്രകാരം നൽകിയിരുന്ന ക്ലിപ്ത നിബന്ധനയുടെ ആനുകൂല്യം ഉപയോഗിച്ച് കരട് ചട്ടം സമിതിയുടെ മുമ്പാകെ വയ്ക്കാതെ എസ്.ആർ.ഒ. വിജ്ഞാപനമായി ഇറക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കേരള ജുഡീഷ്യൽ സർവ്വീസസ് (അമെന്റ്മെന്റ്) റൂൾസ് 2013 (എസ്.ആർ.ഒ. നമ്പർ 321/13) പരിഗണിക്കവേ സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ വളരെ അടിയന്തിര ഘട്ടത്തിലൊഴികെ എല്ലായ്പ്പോഴും ചട്ടം കരട് രൂപത്തിൽ തന്നെ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് പ്രസ്തുത വകുപ്പിൽ കർശന നിർദ്ദേശം നൽകുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

III. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം "രാസപദാർത്ഥ പരിശോധനശാല—അനിവാര്യമായ വികസന പ്രവർത്തനങ്ങൾ" എന്ന വിഷയത്തിൻമേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി.

കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ ക്രൈം കേസിൽപ്പെട്ട തൊണ്ടി സാധനങ്ങളുടേയും കേരളത്തിലെ മദ്യശാലകളിൽനിന്നും ശേഖരിക്കുന്ന മദ്യത്തിന്റെയും പരിശോധനയാണ് നടത്തുന്നത് എന്നും വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് ഒരു ആസ്ഥാന ലബോറട്ടറിയും എറണാകുളത്തും കോഴിക്കോട്ടും ഓരോ മേഖലാ ലബോറ ട്ടറികളും പ്രവർത്തിക്കുന്നുണ്ടെന്നും ചീഫ് കെമിക്കൽ എക്സാമിനർ വിശദമാക്കി. നിലവിൽ ഒരു ലക്ഷത്തോളം സാമ്പിളുകൾ പരിശോധനയ്ക്കായി കെട്ടികിടക്കുന്നു ണ്ടെന്നും ഡിസ്റ്റിലറി സാമ്പിളുകൾ അടിയന്തിരമായി പരിശോധിച്ചു ഫലം നൽകേണ്ടതു ള്ളതിനാൽ ക്രൈം കേസ്സുകളിലെ തൊണ്ടി സാധനങ്ങൾ പരിശോധിക്കാൻ വളരെ വൈകുന്നുണ്ടെന്നും ജോലിഭാരത്തിനനുസരിച്ച് ജീവനക്കാരില്ലാത്തതാണ് ഇതിന് ഒരു പ്രധാന കാരണമെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. ഡിസ്റ്റിലറി സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഡിസ്റ്റിലറി ഡിവിഷനുകൾ ആരംഭിക്കേണ്ടതാണെന്നും ലബോറട്ടറികളിലെ ആധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണെന്നും ആദ്യഘട്ടമെന്നനിലയിൽ എറണാകുളം ലബോറട്ടറി യിൽ ഡിസ്റ്റിലറി ഡിവിഷൻ തുടങ്ങണമെന്നും ലബോറട്ടറിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കണ മെന്നും അദ്ദേഹം സമിതിയിൽ ആവശ്യപ്പെട്ടു.

കൂടാതെ മദ്യശാലകളിൽനിന്നും എക്സൈസ്/പൊലീസ് ഉദ്യോഗസ്ഥർ ശേഖരിച്ച് നൽകുന്ന സാമ്പിളുകളുടെ പരിശോധനയ്ക്കായി മൂന്ന് ലബോറട്ടറികളിലും ഓരോ എക്സൈസ് മിസല്ലേനിയസ് ഡിവിഷൻ ആരംഭിക്കണമെന്നും ഇതിലേക്കായി ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതിനുപുറമേ, വിഷം കഴിച്ചോ അമിതമായി മരുന്നുകഴിച്ചോ അത്യാസന്ന നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച രോഗിക്ക് ചികിത്സ നൽകുന്നതിലേക്ക്, ഏത് വിഷ പദാർത്ഥമാണ് കഴിച്ചതെന്ന് അറിയേണ്ടതുള്ളതിനാൽ ഇതിനായി രോഗിയുടെ രക്തമോ, മൂത്രമോ, വയറു കഴുകിയ ദ്രാവകമോ പരിശോധിച്ച് ഫലം നൽകുന്നതിനുള്ള സൗകര്യവും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കീഴിലുള്ള മൂന്ന് ലബോറട്ടറികളിലും ഓരോ എമർജൻസി ടോക്സിക്കോളജി ഡിവിഷൻ മതിയായ ജീവനക്കാരെ നൽകികൊണ്ട് ആരംഭിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും ചീഫ് കെമിക്കൽ എക്സാമിനർ സമിതിയെ അറിയിച്ചു.

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുടെ വികസനത്തിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉന്നയിച്ച മേൽപ്പറഞ്ഞ ആവശ്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റിന് ശുപാർശ നൽകാൻ സമിതി തീരുമാനിക്കുകയും ഇതു സംബന്ധിച്ച ശുപാർശകൾ ഉൾക്കൊള്ളിച്ച് കരട് റിപ്പോർട്ട് തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിന് നിർദ്ദേശം നൽകുകയും ചെയ്തു.

സമിതിയുടെ പരിഗണനയിലുള്ള 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബില്ലിൻമേൽ നവംബർ മാസം 1-ാം തീയതി എറണാകുളം കളക്ടറേറ്റിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന തെളിവെടുപ്പുയോഗം മാറ്റിവയ്ക്കാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.

## (18) 2014 ജനുവരി 30-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 ജനുവരി മാസം 30-ാം തീയതി വ്യാഴാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുമായ ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ എന്നിവരും താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ.
3. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.
4. ശ്രീ. മാത്യു റ്റി. തോമസ്, എം. എൽ. എ.
5. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എൽ. രാധാകൃഷ്ണൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്.
3. ഡോ. രാജു നാരായണസ്വാമി, സെക്രട്ടറി, അച്ചടിയും സ്റ്റേഷനറിയും വകുപ്പ്.
4. ശ്രീ. കെ. അജയകുമാർ, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
5. ശ്രീ. റ്റി. പി. സെൻകുമാർ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ജയിൽ വകുപ്പ്.
6. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
7. ശ്രീ. കെ. ബി. സന്തോഷ് കുമാർ, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണവകുപ്പ്.
8. ശ്രീ. ഗിരീഷ്കുമാർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (എഫ്.ആർ.), ധനകാര്യവകുപ്പ്.
9. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, മെമ്പർ സെക്രട്ടറി, മൈനോറിറ്റി കമ്മീഷൻ.
10. ശ്രീ. ബി. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, ആഭ്യന്തരവകുപ്പ്.
11. ശ്രീ. പി. ജെ. വിൻസെന്റ്, അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്.
12. ശ്രീ. ജെ. ബെൻസി, ജോയിന്റ് സെക്രട്ടറി, പൊതുഭരണവകുപ്പ്.
13. ശ്രീമതി ആർ. പത്മജ, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
14. ശ്രീ. എൻ. സുനിൽകുമാർ, ഡയറക്ടർ, അച്ചടിവകുപ്പ്.
15. ശ്രീ. കെ. പി. മണിലാൽ, സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്.

**I. സമിതി 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:**

(1) നിയമ പ്രഖ്യാപന വാക്യത്തിൽ "അറുപത്തിനാലാം സംവത്സരത്തിൽ" എന്ന വാക്കുകൾക്ക് പകരം "അറുപത്തിയഞ്ചാം സംവത്സരത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) ഖണ്ഡം 1 (1) താഴെ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"1. (1) ഈ ആക്ടിന് 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം".

(3) 9-ാം ഖണ്ഡത്തിൽ,—

(i) (ബി) ഉപഖണ്ഡത്തിൽ "സംരക്ഷണത്തിനും" എന്ന വാക്കിന് ശേഷം "ശാക്തീകരണത്തിനും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (സി) ഉപഖണ്ഡത്തിൽ "ശ്രദ്ധയിൽകൊണ്ടുവരുകയും" എന്ന വാക്കിന് ശേഷം "പരിഹാര നടപടികൾ നിർദ്ദേശിക്കുകയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (ജി) ഉപഖണ്ഡത്തിൽ "എന്നിവ നടത്തുക" എന്നീ വാക്കുകൾക്ക് പകരം "എന്നിവ നടത്തുകയും സെമിനാറുകൾ, സിമ്പോസിയം, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ്.

(4) 14-ാം ഖണ്ഡത്തിൽ, (ബി) ഉപഖണ്ഡത്തിലെ "അന്വേഷണത്തിൽ ആ വ്യക്തിയെ കേൾക്കുന്നതിനും അയാളുടെ പ്രതിരോധത്തിനുള്ള തെളിവുകൾ ഹാജരാക്കുന്നതിനും" എന്നീ വാക്കുകൾക്ക് ശേഷം "അയാൾ അപേക്ഷയിന്മേൽ അപ്രകാരം ആവശ്യപ്പെടുന്നുവെങ്കിൽ നടപടികൾ 'ഇൻ ക്യാമറ' ആയി നടത്തുന്നതിനും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

സമിതിയംഗങ്ങളായ സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്, മാത്യു റ്റി. തോമസ് എന്നിവർ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജനം രേഖപ്പെടുത്തി.

**II. സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും അതത് ചട്ടങ്ങളുടെ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:**

(1) കേരളാ ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2009.

പ്രസ്തുത കരട് ചട്ടം നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുകയും ആയതിനാൽ കരട് ചട്ടം നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

(2) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ

ആഫീസർമാരുടെയും ആഫീസ് ജീവനക്കാരുടെയും നിയമനം നേരിട്ട് നടത്തുന്നത് സംബന്ധിച്ച ഭേദഗതി നിർദ്ദേശം സ്വീകാര്യമല്ലെന്നും ഇപ്പോഴുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യമില്ലെന്നും സമിതി അറിയിച്ചു. ആയതിനാൽ ഇത് സംബന്ധിച്ച കരട് ചട്ടം അംഗീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് സമിതി 2013-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഉൾപ്പെടെ യോഗത്തിന്റെ കാര്യപരിപാടിയിൽപ്പെട്ട ശേഷിച്ച ചട്ടങ്ങളുടെ പരിഗണന അടുത്ത യോഗത്തിലേക്ക് മാറ്റി വയ്ക്കുന്നതിനും സമിതിയുടെ അടുത്ത യോഗം 12-2-2014-ന് ഉച്ചയ്ക്കുശേഷം 2.30 മണിക്ക് ചേരുന്നതിനും സമിതി തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 6.40-ന് പിരിഞ്ഞു.

## 2014 ഫെബ്രുവരി 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം (XIV–ാം നമ്പർ) വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 ഫെബ്രുവരി മാസം 5-ാം തീയതി, ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.25-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ.
3. ശ്രീ. സി. ദിവാകരൻ, എം. എൽ. എ.
4. ശ്രീ. പി. സി. ജോർജ്, എം. എൽ. എ.
5. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം. എൽ. എ.
6. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.
2. ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്.
3. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
4. ശ്രീമതി രാരി രാജൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

സമിതി 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 6.35-ന് പിരിഞ്ഞു.

12

## 2014 ഫെബ്രുവരി 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 ഫെബ്രുവരി 12-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ V-D സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. സി. ദിവാകരൻ
4. ശ്രീ. പി. സി. ജോർജ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. എൽ. രാധാകൃഷ്ണൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
2. ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ്, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. കെ. അജയകുമാർ, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്.
4. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്
5. ശ്രീ. പി. സി. ബിനോയ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. ശ്രീ. റ്റി. പി. സെൻകുമാർ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ജയിൽ
7. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
8. ശ്രീ. എം. ഗിരീഷ്കുമാർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (എഫ്.ആർ.) ധനകാര്യ വകുപ്പ്
9. ശ്രീ. ബി. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
10. ശ്രീ. ജി. ശിവപ്രസാദ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
11. ശ്രീ. പി. ജെ. വിൻസെന്റ്, അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്.

**I. സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഓരോന്നിലും ചുവടെ ചേർത്ത പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:**

(1) 2013-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ

(ഫയൽ നമ്പർ 4786/സബ്.സി.ഡി2/2011/ലെജി.)

പ്രസ്തുത കരട് ചട്ടം താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിക്കുന്നതിന് സമിതി തീരുമാനിച്ചു.

അദ്ധ്യായം ഒന്ന്

ചട്ടം 1-ൽ ചുരുക്കപ്പേരിലെ വർഷം '2013' എന്നത് '2014' എന്ന് മാറ്റേണ്ടതാണ്.

ചട്ടം 2 (1)(എ) താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്:

"(എ) 'ആക്റ്റ്' എന്നാൽ 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ് (2010-ലെ 9-ാം ആക്ട്) എന്നർത്ഥമാകുന്നു."

അദ്ധ്യായം നാല്

ചട്ടം 8-ൽ ഉപചട്ടം (2)-ലെ 'വിധേയമാക്കേണ്ടതാണ്' എന്നത് 'വിധേയമാക്കാവുന്നതാണ്' എന്ന് മാറ്റേണ്ടതാണ്.

അദ്ധ്യായം ഒൻപത്

(i) ചട്ടം 74 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"74. ചട്ടങ്ങളെപ്പറ്റിയുള്ള അറിവ്.—തന്റെ ആഫീസിനെ സംബന്ധിക്കുന്ന എല്ലാ ചട്ടങ്ങളും നിബന്ധനകളും എല്ലാ സബോർഡിനേറ്റ് ജീവനക്കാരനും സ്വയം പൂർണ്ണമായി അറിഞ്ഞിരിക്കേണ്ടതാണ്. ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഉദാസീനത പൊറുക്കുന്നതിന് അജ്ഞത എന്ന പദം അംഗീകരിക്കാവുന്നതല്ല. പബ്ലിക് സർവന്റുമാരുടെ പെരുമാറ്റം നിയന്ത്രിച്ചുകൊണ്ട് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ചട്ടങ്ങളും ജയിൽ സബോർഡിനേറ്റ് ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്."

(ii) ചട്ടം 81-ലെ 'തുല്യതോ ഉയർന്ന ഗ്രേഡിലുള്ളതോ ആയ' എന്ന വാക്കുകൾക്ക് പകരം 'തുല്യമായതോ ഉയർന്നതോ ആയ ഗ്രേഡിലുള്ള' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) ചട്ടം 92 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"92. ദുർനടത്ത ഉടനടി റിപ്പോർട്ട് ചെയ്യണമെന്ന്.—ദയയുടേയോ അനുഭാവത്തിന്റേയോ പേരിൽ ആക്ടിലേയോ ചട്ടങ്ങളിലേയോ വ്യവസ്ഥകളോടുള്ള ബോധപൂർവ്വമായ അനാദരവോ ലംഘനമോ മേലുദ്യോഗസ്ഥർക്ക് ഉടനടി റിപ്പോർട്ട് ചെയ്യുന്നതിൽ ഒരു ജയിൽ ഉദ്യോഗസ്ഥൻ വീഴ്ച വരുത്താൻ പാടില്ലാത്തതാണ്."

(iv) ചട്ടം 98(3)-ലെ 'ജയിൽ കോൺട്രാക്റ്റിൽ' എന്ന വാക്കുകൾക്ക് പകരം 'ജയിലുകളുമായി ബന്ധപ്പെട്ട കരാറുകളിൽ' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## അദ്ധ്യായം പത്ത്

(i) ചട്ടം 105 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്.

"105. ജോയിന്റ് സൂപ്രണ്ട്.—ഓരോ ജയിലിലും ആവശ്യത്തിനുള്ള ജോയിന്റ് സൂപ്രണ്ടുമാരെ സർക്കാർ നിയമിക്കേണ്ടതാണ്."

(ii) 'ജയിലർ' എന്ന് പ്രയോഗിച്ചിരിക്കുന്നിടത്തൊക്കെ 'ജോയിന്റ് സൂപ്രണ്ട്' എന്ന് പകരം ചേർക്കേണ്ടതാണ്.

## അദ്ധ്യായം പതിനൊന്ന്

(i) ചട്ടം 121-ലെ നിലവിലുള്ള രണ്ടു ഖണ്ഡികകൾക്കും ഉപചട്ടം (1) ഉപചട്ടം (2) എന്നീ ക്രമത്തിൽ നമ്പരുകൾ നൽകേണ്ടതാണ്.

(ii) 'ഡെപ്യൂട്ടി ജയിലർ' എന്ന് പ്രയോഗിച്ചിരിക്കുന്നിടത്തൊക്കെ 'ഡെപ്യൂട്ടി സൂപ്രണ്ട്' എന്ന് പകരം ചേർക്കേണ്ടതാണ്.

## അദ്ധ്യായം പന്ത്രണ്ട്

'അസിസ്റ്റന്റ് ജയിലർ' എന്ന് പ്രയോഗിച്ചിരിക്കുന്നിടത്തൊക്കെ 'അസിസ്റ്റന്റ് സൂപ്രണ്ട്' എന്ന് പകരം ചേർക്കേണ്ടതാണ്.

## അദ്ധ്യായം പതിമൂന്ന്

(i) 'വാർഡർ' എന്ന് പ്രയോഗിച്ചിരിക്കുന്നിടത്തൊക്കെ 'അസിസ്റ്റന്റ് പ്രിസൺ ഓഫീസർ' എന്ന് പകരം ചേർക്കേണ്ടതാണ്.

(ii) ചട്ടം 144(ബി)-യിൽ 'റിപ്പോർട്ട് ചെയ്യുക' എന്ന വാക്കുകൾക്ക് പകരം 'റിപ്പോർട്ട് ചെയ്യുകയും ചെയ്യുക' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## അദ്ധ്യായം പതിനാല്

ചട്ടം 164(കെ)-യുടെ പ്രാരംഭത്തിൽ 'അനിവാര്യമായ സ്ഥലങ്ങളിൽ ലഭ്യമാണെങ്കിൽ' എന്ന് ചേർക്കേണ്ടതാണ്.

## അദ്ധ്യായം പതിനാറ്

ചട്ടം 195-ന് നൽകിയിരിക്കുന്ന ഉപചട്ടം '(1)' എന്ന അക്കം നീക്കം ചെയ്യേണ്ടതാണ്.

## അദ്ധ്യായം പതിനേഴ്

ചട്ടം 201-ന് നൽകിയിരിക്കുന്ന ഉപചട്ടം '(1)' എന്ന അക്കം നീക്കം ചെയ്യേണ്ടതാണ്.

## അദ്ധ്യായം പതിനെട്ട്

(i) ചട്ടം 203-ന്റെ മാർജിനൽ ശീർഷകം 'ജോലിസമയത്ത് യൂണിഫോം ധരിക്കണമെന്ന്' എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

(ii) ചട്ടം 204-ന്റെ മാർജിനൽ ശീർഷകം 'പ്രിസൺ ഉദ്യോഗസ്ഥർ വിസിൽ ധരിക്കണമെന്ന്' എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

(iii) ചട്ടം 205-ന്റെ മാർജിനൽ ശീർഷകം 'ചീഫ് വാർഡർമാർക്കും ഹെഡ് വാർഡർമാർക്കും ചൂരൽവടിയും വാർഡർമാർക്ക് ലാത്തി അല്ലെങ്കിൽ ബാറ്റണും നൽകണമെന്ന്' എന്ന് ഭേദഗതി ചെയ്യേണ്ടതും ഉപചട്ടം (2)-ലെ 'ഫാറം നമ്പർ 4 പ്രകാരമുള്ള' എന്ന ഭാഗം നീക്കം ചെയ്യേണ്ടതുമാണ്.

## അദ്ധ്യായം ഇരുപത്

ചട്ടം 234-ന്റെ അവസാനമുള്ള 'അറിയിക്കുകയും ചെയ്യേണ്ടതാണ്' എന്നത് 'അറിയിക്കുകയോ ചെയ്യേണ്ടതാണ്' എന്ന് മാറ്റേണ്ടതാണ്.

## അദ്ധ്യായം ഇരുപത്തിയൊന്ന്

(i) ചട്ടം 267-ൽ "കഠിന തടവിന് വിധിക്കപ്പെട്ടതായി കണക്കാക്കി കൈകാര്യം ചെയ്യേണ്ടതാണ്'' എന്നതിനു പകരം ''കഠിന തടവിന് വിധിക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണ്" എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

(ii) ചട്ടം 272-ന് കീഴിൽ വരുന്ന മൂന്നു ഖണ്ഡികകൾക്കും യഥാക്രമം ഉപചട്ടം (1), (2), (3) എന്നീ ക്രമത്തിൽ അക്കങ്ങൾ നൽകേണ്ടതാണ്.

(iii) ചട്ടം 273(V)-ൽ 'സെൻട്രൽ ജയിൽ മെഡിക്കൽ ഓഫീസർ' എന്ന വാക്കുകൾക്കുശേഷം 'തുറന്ന ജയിൽ സൂപ്രണ്ട്' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) ചട്ടം 282(3)-ലെ "ഉപവകുപ്പ് (2) പ്രകാരമുള്ള" എന്നതിനു പകരം "ഉപചട്ടം (2) പ്രകാരമുള്ള" എന്ന് ചേർക്കേണ്ടതാണ്.

## അദ്ധ്യായം ഇരുപത്തിമൂന്ന്

(i) ചട്ടം 305(V)-ലെ "എന്നാൽ പുകവലി അനുവദിക്കാവുന്നതാണ്" എന്ന ഭാഗം നീക്കം ചെയ്യേണ്ടതാണ്.

(ii) ചട്ടം 310(3)-ലെ "ആശുപത്രിയിലേക്ക് മാറ്റേണ്ടതാണ്" എന്ന വാക്കുകൾക്ക് ശേഷം വരുന്ന ഭാഗം ഉപചട്ടം (4) ആയി അക്കം ചെയ്യേണ്ടതാണ്.

## അദ്ധ്യായം ഇരുപത്തിനാല്

(i) ചട്ടം 322 ഉപചട്ടം (1)(i)-ലെ 'ബി' ഇനം താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്:

"(ബി) താഴെപ്പറയുന്ന കുറ്റം ചുമത്തപ്പെടാതെയും ശിക്ഷിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന ഒരു പാർലമെന്റ് അംഗത്തിനോ ഒരു നിയമസഭാംഗത്തിനോ സാമൂഹ്യപദവിയാലും വിദ്യാഭ്യാസത്താലും ജീവിതശൈലിയാലും ഉയർന്ന ജീവിതരീതി അവലംബിക്കുന്നവർക്കോ തടവിലാക്കപ്പെടുമ്പോൾ ക്ലാസ്-എ യ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ii) ചട്ടം 322 ഉപചട്ടം (1)(i)-ലെ 'ബി' ഇനത്തിലെ ഉപഇനം (iii) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"(iii) 1988-ലെ അഴിമതി നിവാരണ ആക്ട് (1988-ലെ 49-ാം കേന്ദ്ര ആക്ട്), 1956-ലെ സ്ത്രീകളിലും കുട്ടികളിലുമുള്ള വ്യഭിചാര വ്യാപാരം തടയൽ ആക്ട് (1956-ലെ 104-ാം കേന്ദ്ര ആക്ട്), 1954-ലെ ഭക്ഷ്യത്തിൽ മായംചേർക്കൽ തടയൽ ആക്ട് (1954-ലെ 37-ാം കേന്ദ്ര ആക്ട്), 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ട് (2007-ലെ 34-ാം ആക്ട്), 1985-ലെ നർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോഫിക് സബ്സ്റ്റൻസ് ആക്ട് (1985-ലെ 61-ാം കേന്ദ്ര ആക്ട്) എന്നിവ പ്രകാരം;"

(iii) ചട്ടം 322 ഉപചട്ടം (5) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്.

"(5) ശിക്ഷാതടവുകാരുടെ പ്രത്യേക ക്ലാസിൽ ഉൾപ്പെടുന്ന ഒരാളിന്റെ വസ്ത്രവും ഭക്ഷണവും യഥാക്രമം ചട്ടം 748, ചട്ടം 766 എന്നിവ അധികരിച്ചായിരിക്കുകയും മറ്റ് വിഭാഗങ്ങൾക്ക് ചുവടെ പ്രതിപാദിക്കും പ്രകാരം അവകാശമുണ്ടായിരിക്കുന്നതുമാണ്:"

(iv) ചട്ടം 322 ഉപചട്ടം (5) (ജി)-യിൽ "സാമഗ്രികൾ" എന്ന വാക്കിനുശേഷം 'എ' ക്ലാസ് എന്ന് കൂട്ടിച്ചേർക്കുക.

(v) ചട്ടം 323-ന് നൽകിയിരിക്കുന്ന ഉപചട്ടം (1) എന്ന അക്കം ഒഴിവാക്കുക.

## അദ്ധ്യായം ഇരുപത്തിയഞ്ച്

ചട്ടം 324-ൽ "ബോർസ്റ്റൽ സ്കൂളിലേക്ക്" എന്നതിന് പകരം "ബോർസ്റ്റൽ സ്കൂളുകളിലേക്ക്" എന്ന് ചേർക്കുക.

## അദ്ധ്യായം ഇരുപത്തിയേഴ്

ചട്ടം 335-ന് നൽകിയിരിക്കുന്ന ഉപചട്ടം (1) എന്ന അക്കം ഒഴിവാക്കുക.

## അദ്ധ്യായം ഇരുപത്തിയെട്ട്

(i) ചട്ടം 355-ന്റെ പ്രാരംഭത്തിൽ "ചട്ടം" എന്ന വാക്ക് കൂട്ടിച്ചേർക്കുക.

(ii) ചട്ടം 356-ന്റെ പ്രാരംഭത്തിലുള്ള "ചട്ടത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള" എന്ന വാക്കുകളും പിന്നീടുവരുന്ന "ടെലഗ്രാംവഴി" എന്ന വാക്കുകളും ഒഴിവാക്കുക.

(iii) ചട്ടം 362-ന്റെ പ്രാരംഭത്തിലുള്ള "മേൽപ്പറഞ്ഞ" എന്ന വാക്ക് നീക്കം ചെയ്യുക.

## അദ്ധ്യായം ഇരുപത്തിയൊൻപത്

ചട്ടം 386-ന് നൽകിയിരിക്കുന്ന ഉപചട്ടം (1) എന്ന അക്കം ഒഴിവാക്കുക.

## അദ്ധ്യായം മുപ്പത്

(i) ചട്ടം 397-ലെ 'ബി' ക്ലോസിൽ "മുപ്പത് ദിവസത്തെ" എന്ന വാക്കുകൾക്കുപകരം "അറുപത് ദിവസത്തെ" എന്ന വാക്കുകൾ ചേർക്കുക.

(ii) ചട്ടം 397-ലെ 'എൽ' ക്ലോസിൽ ഇനം (ii) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"(ii) ഇന്ത്യൻ ശിക്ഷാനിയമം 392 മുതൽ 402 വരെ വകുപ്പുകളനുസരിച്ചും ബലാൽസംഗ കുറ്റത്തിനും ശിക്ഷിക്കപ്പെട്ട തടവുകാർ, വധശിക്ഷയ്ക്ക് ശിക്ഷിക്കപ്പെട്ട തടവുകാർ;"

(iii) ചട്ടം 400-ന്റെ ഉപചട്ടം (11)-ന് നൽകിയിരിക്കുന്ന മാർജിനൽ ശീർഷകം നീക്കം ചെയ്യേണ്ടതാണ്.

## അദ്ധ്യായം മുപ്പത്തിമൂന്ന്

ചട്ടം 432-ന്റെ (2)-ാം ഉപചട്ടത്തിനെ 433-ാം ചട്ടമായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത 433-ാം ചട്ടത്തിന് "പണമോ വസ്തുക്കളോ കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്ക് പാരിതോഷികം നൽകൽ" എന്ന മാർജിനൽ ശീർഷകം നൽകേണ്ടതുമാണ്.

## അദ്ധ്യായം മുപ്പത്തിയഞ്ച്

(i) ചട്ടം 441-ന് "അവധി ദിവസങ്ങളോടനുബന്ധിച്ച വിടുതൽ" എന്ന മാർജിനൽ ശീർഷകം നൽകേണ്ടതും ചട്ടത്തിലെ "434-ാം ചട്ടം ബാധകമല്ലാത്തതുമാണ്" എന്നത് "444-ാം ചട്ടം ബാധകമല്ലാത്തതുമാണ്" എന്ന് ഭേദഗതി ചെയ്യേണ്ടതുമാണ്.

(ii) ചട്ടം 446-ന്റെ ഉപചട്ടം (4)-ന് (എ), (ബി) എന്ന ക്രമത്തിൽ നൽകിയിട്ടുള്ള ഇനങ്ങൾ യഥാക്രമം (i), (ii) എന്ന് പുനരക്കം ചെയ്യേണ്ടതാണ്.

(iii) ചട്ടം 448-ന്റെ (1)-ാം ഉപചട്ടത്തിലെ "436-ാം ചട്ടത്തിൽ" എന്നത് "442-ാം ചട്ടത്തിൽ" എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

(iv) ചട്ടം 458-ന്റെ പ്രാരംഭത്തിലുള്ള ഭാഗത്തിന് ഉപചട്ടം (1) എന്ന് അക്കം ചെയ്യേണ്ടതും അപ്രകാരം അക്കം ചെയ്ത ഉപചട്ടത്തിലെ "ഫാറം 23-ൽ" എന്നതിനുപകരം "താഴെപ്പറയുന്ന ഫാറത്തിൽ" എന്ന് ചേർക്കേണ്ടതുമാണ്.

## അദ്ധ്യായം മുപ്പത്തിയേഴ്

(i) ചട്ടം 473-ലെ പ്രാരംഭത്തിലുള്ള "റൂൾ 466-ൽ" എന്നത് "ചട്ടം 472-ൽ" എന്നാക്കിമാറ്റുക.

(ii) ചട്ടം 475 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

"475. ആഹാരവും വസ്ത്രവും.—(1) സാധാരണ വിചാരണ തടവുകാരുടെ ആഹാരം ശിക്ഷാതടവുകാർക്ക് നിഷ്കർഷിച്ചിട്ടുള്ള നിരക്കിലുള്ളതായിരിക്കുന്നതാണ്. വിചാരണ തടവുകാർക്ക് സ്വകാര്യ ഉറവിടങ്ങളിൽനിന്നും ആഡംബരമാകാത്ത തരത്തിലുള്ള വസ്ത്രവും കിടക്കസാധനങ്ങളും ആഹാരസാധനങ്ങൾ ഒഴികെയുള്ള മറ്റത്യാവശ്യ വസ്തുക്കളും വാങ്ങുന്നതിനും സ്വീകരിക്കുന്നതിനും അനുവദിക്കാവുന്നതാണ്:

എന്നാൽ മെഡിക്കൽ ഓഫീസറുടെ ശുപാർശ പ്രകാരം ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങളിൽ ആഹാരസാധനങ്ങളും അനുവദിക്കാവുന്നതാണ്:

(2) വിചാരണ തടവുകാർക്ക് കുളിക്കുന്നതിന് ആവശ്യമുള്ള എണ്ണ, ടൂത്ത്പേസ്റ്റ്, ടൂത്ത് പൗഡർ എന്നിവ സ്വന്തം ചെലവിൽ ആയതിനുള്ള അവസരം ദുരുപയോഗം ചെയ്യാതെ സൂപ്രണ്ട് നിഷ്ക്കർഷിച്ചിരിക്കുന്ന സമയത്ത് മാത്രം സ്വീകരിക്കുവാൻ അവസരമുണ്ടായിരിക്കുന്നതാണ്:"

അദ്ധ്യായം നാൽപ്പത്

(i) ചട്ടം 512-ലെ "കീറിമുറിച്ച് പരിശോധിക്കേണ്ടതും" എന്നത് "പോസ്റ്റുമോർട്ടം ചെയ്യേണ്ടതും" എന്നാക്കിമാറ്റേണ്ടതാണ്.

(ii) ചട്ടം 516 (v)-ലെ "495-ാം ചട്ടം" എന്നത് "491-ാം ചട്ടം" എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

അദ്ധ്യായം നാൽപ്പത്തിരണ്ട്

ചട്ടം 543-ലെ "100 രൂപയുടെ മരുന്നുകൾ" എന്നത് "ഒരാൾക്ക് 1,000 രൂപയുടെ മരുന്നുകൾ" എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

അദ്ധ്യായം നാൽപ്പത്തിനാല്

ചട്ടം 598-ന്റെ മാർജിനൽ ശീർഷകത്തിലെ "ചട്ടം 59-ലെ" എന്നത് "ചട്ടം 591-ലെ" എന്നാക്കിമാറ്റേണ്ടതാണ്.

അദ്ധ്യായം നാൽപ്പത്തിയേഴ്

ചട്ടം 651-ന്റെ മാർജിനൽ ശീർഷകത്തിനും (1) മുതൽ (5) വരെയുള്ള ഉപചട്ടങ്ങൾക്കും പകരം താഴെപ്പറയുന്ന മാർജിനൽ ശീർഷകവും ഉപചട്ടവും ചേർക്കേണ്ടതും (6) മുതൽ (14) വരെയുള്ള ഉപചട്ടങ്ങൾ (2) മുതൽ (10) വരെയുള്ള ഉപചട്ടമായി പുനരക്കം ചെയ്യേണ്ടതുമാണ്.

"651. ശവസംസ്ക്കാരം.—(1) മരണപ്പെടുന്ന തടവുകാരുടെ ശവസംസ്ക്കാരം നടത്തുന്നതിനായി പൊതുശ്മശാനം ഉപയോഗിക്കേണ്ടതും അതിനോടനുബന്ധിച്ച ചെലവുകൾ "മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതുമാണ്."

അദ്ധ്യായം നാൽപ്പത്തിയെട്ട്

(i) ചട്ടം 658 (1)-ന്റെ അവസാനം താഴെപ്പറയുന്ന ഭാഗം കൂടി ചേർക്കേണ്ടതാണ്:

"തടവുകാർ അവരുടെ കുടുംബത്തിലേയ്ക്ക് ജയിലിൽനിന്നും അയയ്ക്കുവാൻ ആഗ്രഹിക്കുന്ന തുക അവരുടെതന്നെ പേരിലുള്ളതോ അവർ രേഖാമൂലം നാമനിർദ്ദേശം ചെയ്യുന്ന കുടുംബാംഗങ്ങളുടെ പേരിലോ ഉള്ള ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാവുന്നതാണ്."

(ii) ചട്ടം 658 (2)-ലെ "500 രൂപ" എന്നത് "800 രൂപ" എന്നാക്കി മാറ്റേണ്ടതാണ്.

(iii) ചട്ടം 696 (3)-ലെ "വകുപ്പ്" എന്ന വാക്ക് നീക്കം ചെയ്യേണ്ടതാണ്.

അദ്ധ്യായം അൻപത്തിമൂന്ന്

ചട്ടം 772 (2)-ലെ "മുകളിൽ പറയുന്ന" എന്ന വാക്കുകൾ നീക്കം ചെയ്യേണ്ടതാണ്.

713/2014.

അദ്ധ്യായം അൻപത്തിയഞ്ച്

(i) ചട്ടം 792-ന്റെ പ്രാരംഭത്തിലുള്ള ഖണ്ഡിക ഉപചട്ടം (1) എന്ന് അക്കം ചെയ്യേണ്ടതാണ്.

(ii) ചട്ടം 792-ന്റെ ഉപചട്ടം (2)-ന് നൽകിയിരിക്കുന്ന മാർജിനൽ ശീർഷകം നീക്കം ചെയ്യേണ്ടതും അവസാന ഭാഗത്തുള്ള "കൊടുത്തയയ്ക്കേണ്ടതാണ്" എന്ന വാക്കിനു പകരം "കൊടുത്തയയ്ക്കേണ്ടതുമാണ്" എന്ന വാക്ക് ചേർക്കേണ്ടതുമാണ്.

അദ്ധ്യായം അൻപത്തിയാറ്

ചട്ടം 828 (3)-ന്റെ കുറിപ്പിലുള്ള "മേൽപ്പറഞ്ഞ ഉപവകുപ്പ് പ്രകാരം" എന്ന വാക്കുകൾക്ക് പകരം "ഉപചട്ടം (2) പ്രകാരം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

അനുബന്ധം

അനുബന്ധം-4 (1)-ൽ (1)-ാം കോളത്തിലെ ചൊവ്വ, വ്യാഴം, ശനി എന്നീ ദിവസങ്ങൾക്കുനേരെ (2)-ാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന "ഉപ്പുമാവ്, ചായ, ഏത്തപ്പഴം, വാഴപ്പഴം" എന്നത് "ഉപ്പുമാവ്, ചായ, ഏത്തപ്പഴം അല്ലെങ്കിൽ വാഴപ്പഴം" എന്നാക്കിമാറ്റേണ്ടതാണ്.

ഫാറം

(i) ഫാറം നമ്പർ 23-ന് കീഴിൽ പരാമർശിച്ചിരിക്കുന്ന ചട്ടം '457' എന്നത് '460' എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

(ii) ഫാറം നമ്പർ 46-ന് കീഴിൽ പരാമർശിച്ചിരിക്കുന്ന ചട്ടം '608' എന്നത് '614' എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

(2) The Public Services (Raising of Upper Age Limit for Appointment) Rules, 2013.

പ്രസ്തുത കരട് ചട്ടം താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിക്കുന്നതിന് സമിതി തീരുമാനിച്ചു:

(1) പീഠികയിലും ശീർഷകത്തിലും ചേർന്നിട്ടുള്ള വർഷം '2013' എന്നത് '2014' എന്ന് മറ്റം വരുത്തേണ്ടതാണ്

(2) പീഠികയിൽ ചേർത്തിട്ടുള്ള തീയതി '28th August' എന്നത് '23rd August' എന്നും മാറ്റം വരുത്തേണ്ടതാണ്

(3) Kerala General Subordinate Services (Miscellaneous Post in the Secretariat) Amendment Special Rules

(ഫയൽ നമ്പർ 17250/സബ്.സി.ഡി2/2008/നി.സെ.)

പ്രസ്തുത കരട് ചട്ടം ഭേദഗതി കൂടാതെ അംഗീകരിക്കുന്നതിന് സമിതി തീരുമാനിച്ചു.

(4) കേരള സർവ്വീസ് (........ അമെന്റ്മെന്റ്) റൂൾസ്, 2013

(ഫയൽ നമ്പർ 5568/സബ്.സി.ഡി2/2013/നി.സെ.)

പ്രസ്തുത കരട് ചട്ടം വിശദമായ പരിശോധനയ്ക്ക് അടുത്ത യോഗത്തിലേക്ക് മാറ്റി വയ്ക്കുന്നതിന് സമിതി തീരുമാനിച്ചു

(5) 2013-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ (ഭേദഗതി) ചട്ടങ്ങൾ

(ഫയൽ നമ്പർ 5610/സബ്.സി.ഡി2/2013/നി.സെ.)

പ്രസ്തുത കരട് ചട്ടം വിശദമായ പരിശോധനയ്ക്ക് അടുത്ത യോഗത്തിലേക്ക് മാറ്റിവയ്ക്കുന്നതിന് സമിതി തീരുമാനിച്ചു.

**II. സമിതി താഴെപ്പറയുന്ന എസ്.ആർ.ഒ/വിജ്ഞാപനങ്ങൾ പരിഗണിക്കുകയും അതതിന്റെ ചുവടെ ചേർത്ത പ്രകാരത്തിൽ തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തു:**

(1) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 695/13

(ഫയൽ നമ്പർ 4944/സബ്.സി.ഡി2/2013/നി.സെ.)

സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ വിജ്ഞാപനം ചെയ്ത പ്രസ്തുത ചട്ടത്തിന് സാധൂകരണം നൽകുന്നതിന് സമിതി തീരുമാനിച്ചു

(2) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പെൻഷൻ പദ്ധതി

(ഫയൽ നമ്പർ 5181/സബ്.സി.ഡി2/2013/നി.സെ.)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 പ്രകാരം നിയമസഭയുടെയോ പാർലമെന്റിന്റെയോ ഒരു ആക്ട്മൂലം ഏൽപ്പിച്ചു കൊടുത്ത അധികാരങ്ങൾ അനുസരിച്ച് ഗവൺമെന്റ് തയ്യാറാക്കുന്ന കരട് ചട്ടങ്ങളോ സന്ദർഭത്തിന്റെ അടിയന്തിര സ്വഭാവമനുസരിച്ച് പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങളോ ആണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടത്. അപ്രകാരമല്ലാതെ കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റി പുറപ്പെടുവിച്ച പ്രസ്തുത പദ്ധതി വിജ്ഞാപനത്തിന് സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണം ആവശ്യമില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത വിവരം ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

**III. സമിതി താഴെപ്പറയുന്ന ചട്ടത്തിന്മേൽ ഗവൺമെന്റിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തി:**

കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (ഭേദഗതി) റൂൾസ് 2011 (എസ്.ആർ.ഒ. നമ്പർ 184/11)

(ഫയൽ നമ്പർ 17999/സബ്.സി.ഡി.2/10/നി.സെ.)

ഈ വിഷയത്തിലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാക്കത്തതിനെ സംബന്ധിച്ച് സമിതി ബന്ധപ്പെട്ട സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു. ചട്ടത്തിന്മേലുള്ള കോടതി വിധിക്കെതിരെ സർക്കാർ ഇപ്പോൾ റിട്ട് അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണെന്നും

കേസ് ഹൈക്കോടതിയിൽ പെന്റിംഗിലായതുകൊണ്ടാണ് അന്തിമ റിപ്പോർട്ട് നൽകാൻ വൈകുന്നതെന്നും ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഇത് സംബന്ധിച്ച വിശദാംശങ്ങൾ രേഖാമൂലം സമിതിക്ക് ലഭ്യമാക്കാൻ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

**IV. 2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

ഖണ്ഡിക 5,6,7,8,78 —പൊതുഭരണ വകുപ്പ്

ഖണ്ഡിക 24,25,26,27,28,29,38—നിയമവകുപ്പ്

നിയമസഭ പാസ്സാക്കുന്ന ആക്ടുകളിന്മേൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ വളരെയധികം കാലതാമസമെടുക്കുന്നതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുകയും ഇത് ആവർത്തിക്കപ്പെടാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്കുശേഷം 3.30-ന് അവസാനിച്ചു.)

## 2014 ഫെബ്രുവരി 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 ഫെബ്രുവരി മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-ഡി സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. സി. ദിവാകരൻ
4. ശ്രീ. മാത്യു റ്റി. തോമസ്
5. ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്.
2. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, വിവര പൊതുജനസമ്പർക്ക വകുപ്പ് & നോർക്ക വകുപ്പ്.
3. ശ്രീ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
4. ഡോ. രാജു നാരായണ സ്വാമി, സെക്രട്ടറി, അച്ചടിയും സ്റ്റേഷനറിയും വകുപ്പ്.
5. ശ്രീ. കെ. അജയകുമാർ, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്.
6. ശ്രീ. പി. സി. ബിനോയ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
7. ശ്രീ. വി. കെ. ബാലകൃഷ്ണൻ, സ്പെഷ്യൽ സെക്രട്ടറി & ഡയറക്ടർ (സി. പി. എം. യു.), ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
8. ശ്രീ. എ. അൻസാരി, സെക്രട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻഗവൺമെന്റ്.
9. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
10. ഡോ. എം. എസ്. രാജശ്രീ, ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്.
11. ശ്രീ. ഇ. ബൈജു, രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ.
12. ഡോ. അനുരാധാ ബലറാം, മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്.
13. ശ്രീ. എൻ. സുനിൽ കുമാർ, ഡയറക്ടർ, അച്ചടി വകുപ്പ്.
14. ശ്രീ. എസ്. എസ്. കുമാർ, കൺട്രോളർ, സ്റ്റേഷനറി വകുപ്പ്.
15. ശ്രീ. എസ്. സുഖി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
16. ശ്രീ. സുബാഷ് ജോൺ മാത്യു, അഡീഷണൽ സെക്രട്ടറി, വിവരസാങ്കേതിക വിദ്യാ വകുപ്പ്.
17. ശ്രീ. എ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
18. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
19. ശ്രീമതി രാരി രാജൻ, ജോയിന്റ് സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്.
20. ശ്രീ. പി. സതീഷ് കുമാർ, ജോയിന്റ് സെക്രട്ടറി/കൺട്രോളർ ഓഫ് ഫിനാൻസ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
21. ശ്രീ. കെ. ജോർജ്ജ്, അണ്ടർ സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XIV, XXIII, XXIV എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം താഴെപ്പറയുന്ന ശുപാർശ കൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ II

2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

അതിഥി സൽക്കാര ചെലവുകൾക്കായി 20 ലക്ഷം രൂപ അധികമായി ആവശ്യമു ണ്ടെന്നും എം. എൽ. എ. ഹോസ്റ്റൽ, ഗസ്റ്റ് ഹൗസ്, കേരള ഹൗസ് എന്നിവിടങ്ങളിൽ നിന്നുള്ള ബില്ലുകൾക്കാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും ജൂലൈ മുതലുള്ള ആറുലക്ഷം രൂപ കൊടുക്കാനായുണ്ടെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിയെ അറിയിച്ചു.

മുൻവർഷത്തെ ബാദ്ധ്യത തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് നടപ്പു വർഷത്തെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്നു കാണുന്നതിനാൽ 20,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-108-99—സഞ്ചാര ചെലവുകൾ

നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 50,00,000 രൂപ കൂടി ഈ ശീർഷക ത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-800-99—മറ്റ് ചെലവുകൾ—ഓഫീസ് ചെലവുകൾ

വർദ്ധിച്ചുവരുന്ന ഓഫീസ് ചെലവുകൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്ത മല്ലെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 61,00,000 രൂപ കൂടി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-800-97—എം.പി.മാരുടെ സമ്മേളനം സംബന്ധിച്ചുള്ള ചെലവുകൾ

05—ഓഫീസ് ചെലവുകൾ

മുൻ വർഷം ചെലവായ തുക ഈ സാമ്പത്തിക വർഷവും ചെലവ് പ്രതീക്ഷിക്കുന്ന തിനാൽ ഈ ശീർഷകത്തിൽ 10,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-101-99—മന്ത്രിമാരുടെ ശമ്പളം

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

കഴിഞ്ഞ സാമ്പത്തിക വർഷം 16,19,876 രൂപ ഈ ഇനത്തിൽ ചെലവ് വന്നിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-104-98—മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും പ്രതിപക്ഷ നേതാവിന്റെയും ഗാർഹിക ചെലവുകൾ

02—വേതനം

മന്ത്രിമന്ദിരങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കുന്നവർക്ക് വേതനം നൽകുന്നതിലേക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് കാണുന്നതിനാൽ നിലവിലുള്ള ബജറ്റ് വിഹിതത്തിനുപുറമേ 28,14,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

മുൻ വർഷത്തെ കുടിശ്ശിക തീർക്കുന്നതിനും ഈ വർഷത്തെ ചെലവിനുമായി നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3,78,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21—മോട്ടോർ വാഹനങ്ങൾ 2—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ സാമ്പത്തിക വർഷം 15 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായി മനസ്സിലാക്കിയ സമിതി നിലവിലുള്ള ബജറ്റ് വിഹിതത്തിന് പുറമേ 9,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

24—സാധനസാമഗ്രികൾ

മന്ത്രിമന്ദിരങ്ങളിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് 2014-15 വർഷം 123 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കി. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതമായ 83,00,000 രൂപയ്ക്ക് പുറമേ 40,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി.ഒ.എൽ.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് കണക്കിലെടുക്കുമ്പോൾ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്നു കാണുന്നതിനാൽ 15,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷനിലെ മെമ്പർമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മെഡിക്കൽ റീഇംബേഴ്സ്മെന്റുണ്ടെന്നും അതിലേക്ക് കഴിഞ്ഞ വർഷം 39 ലക്ഷം രൂപ ചെലവു വന്നിട്ടുണ്ടെന്നും ഇതുൾപ്പെടെ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പി.എസ്.സി. പരീക്ഷകൾ വളരെ കൂടുതൽ നടക്കുകയാണെന്നും എന്നാൽ ജോലിഭാരത്തിന് ആനുപാതികമായി ജീവനക്കാരില്ലെന്നും പരീക്ഷാ ഡ്യൂട്ടിക്ക് പോകുന്ന ജീവനക്കാർക്ക് നൽകുന്ന റ്റി.എ.യ്ക്ക് ഗവൺമെന്റ് സീലിംഗ് ഏർപ്പെടുത്തിയത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു.

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി തുക അനുവദിച്ചതിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം, യാത്രാചെലവുകൾ, വാടക, കരം, നികുതി എന്നീ ഇനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 01-4—മെഡിക്കൽ റീഇംബേഴ്സ് ഇനത്തിൽ 20,00,000 രൂപയും 02—വേതനം ഇനത്തിൽ 45,00,000 രൂപയും 04—യാത്രാചെലവിൽ യാത്രാബത്തയിനത്തിൽ 53,08,000 രൂപയും അവധിയാത്രാനുകൂല്യം ഇനത്തിൽ 6,88,000 രൂപയും വാടക, കരം, നികുതി ഇനത്തിൽ 10,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ ഈ സാമ്പത്തികവർഷം കമ്മീഷൻ നടത്താൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിലെ 28—തൊഴിൽപരമായ പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം (പി.പി.എസ്.എസ്.) എന്ന കണക്കിനത്തിൽ 2,20,00,000 രൂപയും 34—മറ്റ് ചെലവുകൾ എന്ന കണക്കിനത്തിൽ 70,00,000 രൂപയും അധികമായി അനുവദിക്കണമെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-86—<u>പാർലമെന്ററികാര്യ വകുപ്പ്</u>

മന്ത്രിമാർ നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് ആരംഭിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്ന അഷ്വറൻസ് ഇൻപ്ലിമെന്റേഷൻ ഡസ്ക്ക് പദ്ധതിക്കായി 10 ലക്ഷം രൂപയും, പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഴയ നിയമസഭാ മന്ദിരത്തെ ചരിത്രസ്മാരകമാക്കി നിലനിർത്തുന്നതിനായി തുടക്കമിട്ട എറ്റേണൽ അസംബ്ലി (Eternal Assembly) പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കും ലൈറ്റ് ആന്റ് സൗണ്ട് ഷോ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കുമായി 70 ലക്ഷം രൂപയും മെച്ചപ്പെട്ട പാർലമെന്ററി സംവിധാനം നടപ്പിൽ വരുത്തുന്നതിന് ലക്ഷ്യമിട്ട് ആരംഭിച്ച എക്സ്ചേഞ്ച് പ്രോഗ്രാമിനായി 50 ലക്ഷം രൂപയും കൂടാതെ വകുപ്പിന്റെ ഉപയോഗത്തിനായി ഒരു പുതിയ കാർ വാങ്ങുന്നതിന് 6 ലക്ഷം രൂപയും മറ്റനുബന്ധ ചെലവുകൾക്കായി 10 ലക്ഷം രൂപയും ചേർത്ത് ആകെ 1,46,00,000 രൂപ ആവശ്യപ്പെട്ടതിൽ 95,19,000 രൂപ മാത്രമാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുകയുണ്ടായി. മേൽ വിശദമാക്കിയ ആവശ്യങ്ങൾക്കായി വകുപ്പ് ആവശ്യപ്പെട്ട തുക മുഴുവൻ അനിവാര്യമായതിനാൽ ബാക്കിയുള്ള 50,81,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-95—<u>നിയമ വകുപ്പ്</u>

01-(4)—<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

ഈ ശീർഷകത്തിൽ ചെലവ് പ്രതിവർഷം കൂടിവരുന്ന സാഹചര്യത്തിൽ 2014-15-ലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

04-4—അവധിയാത്രാനുകൂല്യം

ഈ ശീർഷകത്തിൽ 2013-14 വർഷം 4,91,000 രൂപ ചെലവായിട്ടുണ്ടെന്നും 2014-15 വർഷം കൂടുതൽ പേർ എൽ.റ്റി.സി. ആനുകൂല്യം സ്വീകരിക്കാൻ സാദ്ധ്യതയുണ്ടെന്നും സമിതി മനസ്സിലാക്കുകയുണ്ടായി. നിലവിലെ ബജറ്റ് വിഹിതത്തിനുപുറമേ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-68—നിയമനിർമ്മാണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്

നിയമസഭയിലേക്കുള്ള ബില്ലുകൾ തയ്യാറാക്കൽ, നിയമനിർമ്മാണം എന്നീ രംഗങ്ങളിൽ നിയമ വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന നിയമനിർമ്മാണ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഈ വർഷം തന്നെ തുടങ്ങുന്നതിനുള്ള സാധ്യതയുണ്ടെന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥലം, പാഠ്യവിഷയങ്ങൾ മറ്റു നടപടിക്രമങ്ങൾ എന്നിവ തീരുമാനിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറുടെ തസ്തിക താൽക്കാലികമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സമിതി മനസ്സിലാക്കി. നടപ്പു വർഷത്തെ ബജറ്റ് വിഹിതം ഇതിലേക്ക് പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 29,99,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-94— പാകിസ്ഥാന്റെയും മറ്റ് വിദേശ രാജ്യങ്ങളിലേയും പൗരന്മാരെ സംബന്ധിച്ച ഏജൻസി ജോലികൾ

04—യാത്രാ ചെലവുകൾ

2013-14 വർഷം ഈ ഇനത്തിൽ 34,456 രൂപയുടെ ചെലവ് ഉണ്ടായിരുന്നുവെന്നും ആയത് കണക്കിലെടുക്കുമ്പോൾ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 17,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2052-090-72-01— കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിന്റെ വേതനവും അലവൻസും

ശമ്പള പുനഃക്രമീകരണം, ക്ഷാമബത്ത വർദ്ധന എന്നിവ കാരണം അധികചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലുള്ള ബജറ്റ് വിഹിതത്തിന് പുറമേ 50,00,000 രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-97—മറ്റ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

ഈ ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റിനും, യാത്രാചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 3,50,000 രൂപയും 04-1—യാത്രാബത്ത എന്ന ഇനത്തിൽ 3,61,000 രൂപയും 04-4—അവധി യാത്രാനുകൂല്യം എന്ന ഇനത്തിൽ 5,51,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-98—മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്

04-4—അവധി യാത്രാനുകൂല്യം

2013-14 സാമ്പത്തിക വർഷത്തിൽ 1,27,000 രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ടെന്നും മുൻവർഷത്തെ ചെലവ് ഈ വർഷവും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 1,12,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

ഈ ശീർഷകത്തിലെ 02—വേതനം എന്ന ഇനത്തിൽ 56,57,000 രൂപയും, 05-1—വെള്ളക്കരം എന്ന ഇനത്തിൽ 10,00,000 രൂപയും, 05-3—ടെലിഫോൺ ചെലവ് ഇനത്തിൽ 47,50,000 രൂപയും 05-4—മറ്റിനങ്ങൾ എന്ന ഇനത്തിൽ 3,75,50,000 രൂപയും 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 1,85,000 രൂപയും കൂടാതെ 24—സാധന സാമഗ്രികൾ, 45—പി.ഒ.എൽ. എന്നിവയിൽ യഥാക്രമം 50,000 രൂപയും 44,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

02—വേതനം

കമ്മീഷനിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 12,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

കമ്മീഷനിലെ ചീഫ് ഇൻഫർമേഷൻ കമ്മീഷണർക്കും കമ്മീഷണർമാർക്കും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 30,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

കമ്മീഷനിലെ ദൈനംദിന പ്രവർത്തനമടക്കമുള്ള മറ്റ് ചെലവുകൾക്ക് തുക കണ്ടെത്തുന്നത് ഈ ശീർഷകത്തിൽ നിന്നുമാണെന്നു കാണുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 15,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2251-00-090-99—സെക്രട്ടേറിയറ്റ്

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മുൻവർഷം ഈ ഇനത്തിൽ 22,77,000 രൂപ ചെലവ് വന്നിട്ടുള്ളതിനാൽ നിലവിലെ ബജറ്റ്വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 3,50,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശചെയ്യാൻ സമിതി തീരുമാനിച്ചു.

## ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

3451-00-092-99—മോണിറ്ററിംഗ് യൂണിറ്റ്

സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടേയും എം.പി.എൽ.എ.ഡി. പദ്ധതികളുടെയും നിരീക്ഷണത്തിനുവേണ്ടി ആസൂത്രണ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിക്കുന്നത്. 2014-15 സാമ്പത്തികവർഷം ബജറ്റ് വിഹിതമായി നോൺ പ്ലാനിൽ അനുവദിച്ചിരിക്കുന്ന തുക തീരെ പര്യാപ്തമല്ലായെന്ന് മനസ്സിലാക്കിയ സമിതി 3451-00-092-97 എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി പ്ലാനിൽ അനുവദിച്ച 26,50,000 രൂപയിൽ നിന്നും 15,00,000 രൂപ ഈ ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)**

3451-00-101-69—സംസ്ഥാന പരിശീലന നയം—പരിശീലന പരിപാടി

2014-15 സാമ്പത്തികവർഷത്തിലെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി പരിശീലനപരിപാടികൾ നടത്തുന്നതിന് 2627.93 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1000 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത പരിശീലനപരിപാടികൾ വിജയകരമായി നടത്തുന്നതിലേക്കായി ഈ ശീർഷകത്തിൽ 16,27,93,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-87(1)— കേരള വിവര സാങ്കേതികത്വ സർവ്വീസ് സൊസൈറ്റി—സംസ്ഥാന പദ്ധതി—ജനറൽ

ഐ. റ്റി. മിഷൻ ഹെഡ്ക്വാർട്ടേഴ്സ് ബിൽഡിംഗ് നിർമ്മാണത്തിനായി 25.75 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ടെന്നും ഇതിലേക്കായി 2013-14 സാമ്പത്തികവർഷം 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും സമിതി വിലയിരുത്തി. 2014-15 സാമ്പത്തികവർഷത്തെ ബജറ്റിൽ 5 കോടി രൂപ ഇതിനായി വകയിരുത്തിയത് അപര്യാപ്തമായതിനാൽ 10,75,00,000 രൂപ കൂടി ഇതിലേക്ക് അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഐ.റ്റി. മിഷൻ, 14 ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലുമായി നൽകേണ്ടിവരുന്ന ഐ. റ്റി. & നോൺ ഐ. റ്റി. ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ടിന് ഉൾപ്പെടെ ഉണ്ടാകുന്ന എല്ലാ ആവർത്തന ചെലവുകൾക്കുമായി 2014-15 സാമ്പത്തികവർഷം 355 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 1 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു എന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത തുക അപര്യാപ്തമാണെന്ന് വിലയിരുത്തുകയും ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 3,54,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

# ധനാഭ്യർത്ഥന നമ്പർ III

2014-00-102-99—ഹൈക്കോടതി

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

ഹൈക്കോടതിയിലേക്ക് 11 ടൊയോട്ടോ കൊറോള ആൾട്ടിസ് കാറുകൾ വാങ്ങുന്നതിനായി 1,64,99,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിലേക്ക് 2,75,06,000 രൂപയും, കോടതികളിലേക്കാവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിലേക്ക് 84,47,000 രൂപയും ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 3,59,53,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

തൊടുപുഴ, എറണാകുളം SPE/CBI-III, ഇടമലയാർ ഇൻവെസ്റ്റിഗേഷൻ കോടതി എറണാകുളം, NDPS Cases വടകര എന്നിവിടങ്ങളിലേക്ക് കാർ വാങ്ങുന്നതിലേക്കായി 29,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

സബോർഡിനേറ്റ് കോടതികളിലേക്ക് ആവശ്യമായ ഫർണിച്ചർ, ഫോട്ടോ കോപ്പിയറുകൾ, ഇൻവെർട്ടേഴ്സ് എന്നിവ വാങ്ങുന്നതിലേക്കായി 53,68,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിലേക്കായി ഡീസൽ ജനറേറ്റർ വാങ്ങാൻ 8,10,000 രൂപയും ഫർണിച്ചർ വാങ്ങുന്നതിലേക്ക് 9,06,000 രൂപയും, ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിന് 1,00,000 രൂപയും ഇൻവെർട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് 4,80,000 രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും ആയതിലേക്ക് 22,96,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

34—മറ്റു ചെലവുകൾ

സബോർഡിനേറ്റ് കോടതികളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി, ഫർണിച്ചർ, ഫോട്ടോകോപ്പിയർ, ഇൻവെർട്ടർ എന്നിവ വാങ്ങുന്നതിലേക്കായി 5,02,000 രൂപയും സാക്ഷിബത്ത നൽകുന്നതിന് 50,000 രൂപയും ചേർത്ത് ആകെ 5,52,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-108-99—ക്രിമിനൽ കോടതികൾ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

ക്രിമിനൽ കോടതിയിൽ ഫർണിച്ചർ വാങ്ങുന്നതിലേക്കായി 1,20,35,000 രൂപയും, തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് ഡീസൽ ജനറേറ്റർ സെറ്റുകൾ വാങ്ങുന്നതിലേക്കായി 8,19,000 രൂപയും ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിലേക്ക് 20,75,000 രൂപയും, വൈദ്യുതി ഉപകരണങ്ങൾ വാങ്ങുന്നതിന് 16,85,000 രൂപയും, ഇൻവെർട്ടറുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും 2,91,000 രൂപയും കൂടാതെ കോടതിയിലെ ഫർണിഷിങ്ങിനും മറ്റു ആവശ്യങ്ങൾക്കുമായി 47,78,000 രൂപയും ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ മേൽ ആവശ്യങ്ങൾക്കായി ആകെ 2,16,83,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

ആലപ്പുഴ, കോട്ടയം, തൊടുപുഴ, പാലക്കാട്, മഞ്ചേരി, കൽപ്പറ്റ, തലശ്ശേരി എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർക്ക് കാർ വാങ്ങുന്നതിലേക്കായി 52,50,000 രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി അനുവദിച്ച 1000 രൂപ കിഴിച്ച് ബാക്കി 52,49,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ

കീഴ്ക്കോടതികളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഫോട്ടോകോപ്പിയർ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് 58,83,000 രൂപ ആവശ്യമായതിനാൽ പ്രസ്തുത തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-117-99—കുടുംബ കോടതികൾ

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

കുടുംബകോടതികളിൽ തടസ്സമില്ലാത്ത വൈദ്യുതി ലഭ്യമാക്കുന്നതിന് 30,60,000 രൂപയും ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിന് 12,35,000 രൂപയും, ഫർണിച്ചർ വാങ്ങുന്നതിലേക്ക് 19,43,000 രൂപയും കൂടാതെ കോടതികളിൽ സ്ഥാപിച്ചിട്ടുള്ള ഇൻവെർട്ടറുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും 36,000 രൂപയും, കോടതിയിലെ ഫർണിഷിങ്ങിനും മറ്റാവശ്യങ്ങൾക്കുമായി 5,81,000 രൂപയും ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുകയും നിലവിലെ ബജറ്റ് വിഹിതം ഇതിന് പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 68,55,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

നെടുമങ്ങാട്, ആറ്റിങ്ങൽ, ചവറ, പത്തനംതിട്ട, മാവേലിക്കര, പാല, കട്ടപ്പന, എറണാകുളം, ഇരിങ്ങാലക്കുട, തൃശൂർ, ഒറ്റപ്പാലം, തിരൂർ എന്നിവിടങ്ങളിലെ കുടുംബ കോടതികളിലേക്ക് കാറുകൾ വാങ്ങുന്നതിനായി 90,00,000 രൂപ ആവശ്യമായിട്ടുള്ളതിനാൽ 89,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

കീഴ്ക്കോടതികളിൽ അടിസ്ഥാനസൗകര്യ വികസനത്തിനാവശ്യമായ ഫോട്ടോകോപ്പിയർ, ഫർണിച്ചർ, ഇൻവെർട്ടർ എന്നിവ വാങ്ങുന്നതിലേക്ക് 11,16,000 രൂപ കൂടി ആവശ്യമായതിനാൽ പ്രസ്തുത തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-84—കേരള ജുഡീഷ്യൽ അക്കാഡമി

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

കേരള ജുഡീഷ്യൽ അക്കാദമിയിലേക്ക് ഒരു ഇന്നോവ കാർ വാങ്ങുന്നതിന് 13,00,000 രൂപയും 49 സീറ്റിന്റെ ഒരു ടാറ്റ ബസ് വാങ്ങുന്നതിന് 42,00,000 രൂപയും ചേർത്ത് ആകെ 55,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർവത്കരണം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതി NIC വഴിയാണ് നടപ്പാക്കുന്നതെന്നും സൈറ്റ് ഒരുക്കൽ ജോലികൾ, DG സെറ്റുകളുടെ സ്ഥാപനം, ടെക്നിക്കൽ മാൻപവർ വിന്യസിക്കൽ എന്നിവയ്ക്ക് 2,26,79,000 രൂപയും ജില്ലാ കോടതികളിൽ ടെക്നിക്കൽ മാൻപവർ വിന്യസിക്കാനായി 1,18,27,000 രൂപയും ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 3,45,06,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

കോടതികളിൽ കമ്പ്യൂട്ടർവത്കരണത്തിന്റെ ലക്ഷ്യം കൈവരിക്കാൻ നിലവിലുള്ള കമ്പ്യൂട്ടറുകൾ അപര്യാപ്തമായതിനാൽ പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 3,44,81,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-89— പതിനൊന്നാം ധനകാര്യ കമ്മീഷൻ ശുപാർശയിന്മേൽ സ്ഥാപിക്കപ്പെട്ട അതിവേഗ കോടതികൾ

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ വേതനം 40,000 രൂപയായി ഉയർത്തിയിട്ടുള്ളതിനാൽ 1,82,40,000 രൂപ ഇതിലേക്കായി ആവശ്യമായിട്ടുള്ളതിനാൽ

നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 82,40,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-93— സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, തലശ്ശേരി എന്നിവിടങ്ങളിലെ ജില്ലാ കോടതികളിലേക്കും മാവേലിക്കര അഡീഷണൽ കോടതി, കൊച്ചി സബ് കോടതി, ചാവക്കാട് മുൻസിഫ് കോടതി, നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി, വടകര കോടതി എന്നിവിടങ്ങളിലേക്കും പുതിയ കാർ വാങ്ങുന്നതിന് 75,00,000 രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കിയതിനാൽ ഇതിലേക്കായി 74,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

34—മറ്റു ചെലവുകൾ

2014-15 വർഷം കീഴ്ക്കോടതികളിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിലേക്ക് 67,24,786 രൂപയും, ജുഡീഷ്യൽ ഓഫീസർമാർക്ക് ഹോം ലൈബ്രറിക്കായി ഫർണിച്ചറുകൾ വാങ്ങുന്നതിലേക്കായി 4,48,24,000 രൂപയും ആവശ്യമായിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ആവശ്യങ്ങളിലേക്ക് നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 5,02,29,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-105-95—മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ

മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന് നോൺ പ്ലാനിൽ വിവിധ കണക്കിനങ്ങളിലായി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 9,44,000 രൂപ കൂടി നോൺ പ്ലാനിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-92—സ്ഥിര ലോക അദാലത്ത്

ഈ ശീർഷകത്തിൻ കീഴിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധി യാത്രാനുകൂല്യം, വൈദ്യുത ചെലവ്, ടെലിഫോൺ ചെലവ്, വാടക-കരം-നികുതി എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം 2,37,000 രൂപ, 1,93,000 രൂപ, 31,000 രൂപ, 32,000 രൂപ, 90,000 രൂപ എന്നിങ്ങനെ തുക അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 പെർമനന്റ് ലോക് അദാലത്തുകളിലെ ജീവനക്കാർക്ക് സ്ഥലമാറ്റ ബത്ത അനുവദിക്കുന്നതിലേക്കായി ബജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ 50,000 രൂപ വകകൊള്ളിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-93—കേരള സംസ്ഥാന നിയമ സേവന അതോറിറ്റി

കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ ശമ്പളത്തിനും മറ്റനുബന്ധ ചെലവുകൾക്കുമായി 2014-15 വർഷത്തെ ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്ത മല്ലാത്തതിനാൽ വിവിധ കണക്കിനങ്ങളിലായി നോൺ പ്ലാൻ ഇനത്തിൽ 3,27,11,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർവാഹനങ്ങൾ—വാഹനം വാങ്ങൽ

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിക്ക് പുതിയ കാർ വാങ്ങുന്നതിന് തുക അനുവദിക്കുന്നതിനായി 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തെങ്കിലും തുക അനുവദിച്ചിരുന്നില്ല. നടപ്പുവർഷവും ഇതിലേക്ക് തുക അനുവദിച്ചിട്ടില്ലെന്നു കാണുന്നതിനാൽ മെമ്പർ സെക്രട്ടറിക്ക് കാർ വാങ്ങുന്നതിനും അതോറിറ്റിയുടെ 7 ജില്ലാ ഓഫീസുകളിൽ മുഴുവൻസമയ സെക്രട്ടറിമാരായി നിയമിതരായ ജുഡീഷ്യൽ ഓഫീസർമാർക്ക് വാഹനം വാങ്ങുന്നതിനു മായി ഈ ശീർഷകത്തിൽ 66,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-98— ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർ മാർക്കുള്ള ഫീസും

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുള്ള ചെലവുകൾ

നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളത്തിനുപുറമേ ആഭ്യന്തരവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം പ്രസ്തുത വകുപ്പിന്റെ ഭരണാനുമതി ലഭിക്കുമ്പോൾ മാത്രമാണ് പ്രസ്തുത തുക ധനകാര്യ വകുപ്പിൽനിന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന തെന്നും പെട്ടെന്നുണ്ടാകുന്ന അത്തരം ചെലവുകളുടെ ശരാശരി തുക കൂടി കണക്കാക്കി കൊണ്ടും ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിൽ ഉണ്ടാകുന്ന വാർഷിക ആനുപാതിക വർദ്ധനകൂടി ഉൾപ്പെടുത്തിയും വർദ്ധിപ്പിച്ച തുകയാണ് 2014-15-ലെ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടത് എന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1,01,60,500 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-99—ലാ ഓഫീസർമാർ

ഈ ശീർഷകത്തിൽ വേതനം, മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റ പണികളും, മറ്റുചെലവുകൾ, പി.ഒ.എൽ. എന്നിവയിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ വേതനം ഇനത്തിൽ 9,00,000 രൂപയും, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 2,80,000 രൂപയും, മറ്റു ചെലവുകൾ ഇനത്തിൽ 2,38,00,000 രൂപയും, പി.ഒ.എൽ. ഇനത്തിൽ 4,00,000 രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 2,53,80,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-116-99— സർക്കാർ ഉദ്യോഗസ്ഥ തർക്കപരിഹാര മദ്ധ്യസ്ഥ കോടതി (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ)

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് വിവിധ ആവശ്യങ്ങളിലേക്കായി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം തീരെ പര്യാപ്തമല്ലായെന്ന് മനസ്സിലാക്കിയ സമിതി ട്രൈബ്യൂണലിന്റെ സുഗമമായ പ്രവർത്തനത്തിനായി 62,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-91—കേരള സംസ്ഥാന മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ—1998 സഹായധനം

കമ്മീഷന്റെ കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3,19,53,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIV

2058-00-001-93—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

കോഴിക്കോട് മേഖലാ സ്റ്റേഷനറി ആഫീസിന് പുതിയ കെട്ടിടം പണിയുന്നതിനും, വയനാട് ജില്ലാ സ്റ്റേഷനറി ആഫീസിനുവേണ്ടി കെട്ടിടം പണിയുന്നതിനും 2012-13 വർഷം 90 ലക്ഷം രൂപയും, 2013-14 വർഷത്തിൽ 100 ലക്ഷം രൂപയും അനുവദിച്ചിരുന്നു എന്നും ഈ തുകകൾ പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിരുന്നുവെങ്കിലും മുഴുവൻ തുകയും ലഭ്യമാക്കിയാലേ ടെണ്ടർ നടപടികൾ തുടങ്ങുകയുള്ളൂ എന്നും കോഴിക്കോട് ആഫീസിന് കെട്ടിടം പണിയുന്നതിന് 390 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണുള്ളതെന്നും മനസ്സിലാക്കിയ സമിതി 2,30,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-001-99—നടത്തിപ്പ്

02—വേതനം

വകുപ്പിൽ പത്ത് പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുള്ളതിനാൽ ആയത് ഉൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 11,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

06—വാടക, കരം, നികുതി

കോഴിക്കോട് മേഖലാ സ്റ്റേഷനറി ആഫീസ് പുതിയ കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിനാൽ നിലവിലുള്ള ഓഫീസ് വാടക കെട്ടിടത്തിൽ മാറേണ്ടി വരുന്നതിനാലും കൂടാതെ ആലപ്പുഴയിലെ വാടക കുടിശ്ശിക നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 13,00,000 രൂപ അധികം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിന് 8,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-101-99—സ്റ്റേഷണറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

19—യന്ത്രോപകരണങ്ങൾ

കമ്പ്യൂട്ടറുകൾ വ്യാപകമാകുന്നതോടെ ടൈപ്പ്റൈറ്ററുകളുടെ ഉപയോഗം കുറയുമെങ്കിലും അവ വാങ്ങിനൽകുന്നത് പൂർണ്ണമായി നിർത്താൻ കഴിയുന്നതല്ല എന്നും കൂടാതെ വിവിധ ആഫീസുകളിൽ നിന്നും ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ, ഇലക്ട്രോണിക് വെയിംഗ് ബാലൻസ് എന്നിവ വാങ്ങി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതിനാലും അനുവദിച്ച വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 21,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

24—സാധനസാമഗ്രികൾ

ഗവൺമെന്റ് പ്രസ്സുകൾക്ക് അച്ചടിക്കുള്ള വിവിധയിനം പേപ്പറുകളും അതുപോലെ എല്ലാ സർക്കാർ ഓഫീസുകൾക്ക് ആവശ്യമുള്ള വിവിധതരം പേപ്പറുകളും സ്റ്റേഷണറി സാധനങ്ങളും വാങ്ങി നൽകുന്നതിനും 2013-14 വർഷത്തെ കുടിശ്ശിക തീർക്കുന്നതിനുമുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 19,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

05-4—മറ്റിനങ്ങൾ

അച്ചടി വകുപ്പിൽ പുതുതായി പണികഴിപ്പിച്ച ആസ്ഥാന മന്ദിരത്തിലേക്ക് ആവശ്യമായ ഫർണീച്ചർ വാങ്ങുന്നതിന് ബഡ്ജറ്റിൽ തുകവകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുകയും ഉടൻ പ്രവർത്തനമാരംഭിക്കുന്ന ഓഫീസിന് ആവശ്യമായ ഫർണീച്ചർ വാങ്ങുന്നതിനായി 40,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

01-6—ഓവർടൈം അലവൻസ്

അച്ചടി വകുപ്പിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ കുടിശ്ശികയായ ഓവർടൈം അലവൻസ് തുക നൽകാത്തതിനാൽ ജീവനക്കാർ ഓവർടൈം ജോലി ചെയ്യുന്നതിന് വിമുഖത കാണിക്കുന്നതായും ഇത് സമയബന്ധിതമായി ചെയ്തു തീർക്കേണ്ട പല അടിയന്തര ജോലികളെയും ബാധിക്കുന്നതായും സമിതി മനസ്സിലാക്കുകയും ജീവനക്കാർക്ക് കുടിശ്ശികയായ ഓവർടൈം അലവൻസ് തുക കൊടുക്കുന്നതിന് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

18—സംരക്ഷണം

അച്ചടി വകുപ്പിൽ ഇപ്പോൾ പ്രവർത്തിക്കുന്ന പല മെഷീനുകളും 10 വർഷത്തിനു മേൽ പഴക്കമുള്ളതാണെന്നും റിപ്പയർ ജോലികൾ യഥാസമയം ചെയ്തില്ലെങ്കിൽ മെഷീനുകൾ പ്രവർത്തനരഹിതമാകുമെന്നത് മാത്രമല്ല ജീവനക്കാരുടെ ജോലിക്ക് തടസ്സം നേരിടുകയും ചെയ്യുമെന്ന് സമിതി വിലയിരുത്തി. അച്ചടി വകുപ്പിന്റെ കീഴിലുള്ള 11 പ്രസ്സുകളിലെ വിവിധ മെഷീനുകളുടെ റിപ്പയർ ജോലി ചെയ്യുന്നതിനും സ്പെയർ പാർട്സ് വാങ്ങുന്നതിനും മറ്റുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്ത തിനാൽ 10 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

2014-15 വർഷത്തേക്ക് പദ്ധതിയിനത്തിൽ 2325 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 385 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് മനസ്സിലാക്കിയ സമിതി ഐ.എം.ജി. തിരുവനന്തപുരം ബാർട്ടൺ ഹിൽ ക്യാംപസിൽ എക്സിക്യൂട്ടീവ് ഹോസ്റ്റലിന്റെ ഫർണിഷിങ്ങിന് ആവശ്യമായ തുകയും റീജിയണൽ സെന്റർ-കൊച്ചി, റീജിയണൽ സെന്റർ-കോഴിക്കോട് എന്നിവിടങ്ങളിലെ മൂലധന ചെലവുകൾക്കായി ആവശ്യപ്പെട്ടിരുന്ന തുകയും കൂടാതെ കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലെ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് ആവശ്യപ്പെട്ട തുകയും അനിവാര്യമാണെന്ന് വിലയിരുത്തുകയും ഇതിലേക്ക് വകുപ്പ് ആവശ്യപ്പെട്ട തുക അനുവദിച്ചുനൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പദ്ധതിയേതര ചെലവു കൾക്ക് അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 9,34,26,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

2070-00-119-98—ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ

കമ്മീഷൻ, 2014-15 സാമ്പത്തികവർഷത്തേക്ക് വിവിധ ശീർഷകങ്ങളിലായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തേക്കാൾ അധികതുക ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 01—ശമ്പളം ഇനത്തിൽ 35,000 രൂപ, 05-01—വെള്ളക്കരം ഇനത്തിൽ 5,000 രൂപ, 05-2—വൈദ്യുതി ചാർജ്ജ് ഇനത്തിൽ 85,000 രൂപ, 05-3—ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 1,70,000 രൂപ, 05-4—മറ്റിനങ്ങൾ എന്ന ഇനത്തിൽ 1,46,000 രൂപ, 06—വാടക, കരം, നികുതി എന്ന ഇനത്തിൽ 2,80,000 രൂപ എന്നിങ്ങനെ അധികമായി തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIII

2220-01-001-95—ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ന്യൂസ് ഗ്രിഡ്

ബ്ലോക്ക്, ഗ്രാമതലങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെ നടക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ മാധ്യമങ്ങളിലൂടെ ജനങ്ങളിലെത്തിക്കുന്നതിനും സർക്കാരിന്റെ വിവിധ പദ്ധതികളെയും പരിപാടികളെയും കുറിച്ചുള്ള വിവരങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനും വിഭാവനം ചെയ്യുന്ന ഈപദ്ധതി ഭാഗികമായിട്ടാണ് ഇപ്പോൾ നടപ്പാക്കിവരുന്നത് എന്നും 2014-15-ൽ പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുവാൻ ലക്ഷ്യമിടുന്നതായും മനസ്സിലാക്കിയ സമിതി 80,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-97(01)—പരസ്യത്തിനുള്ള ചെലവുകൾ—അച്ചടി മാധ്യമം

വികസന പദ്ധതികൾക്ക് പ്രചാരം നൽകുന്നതിന് വർദ്ധിച്ച തോതിൽ പരസ്യങ്ങളെ ആശ്രയിക്കുന്നതുകൊണ്ട് ഈ ശീർഷകത്തിൽ ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന തിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷത്തിൽ 10,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-97-02—പരസ്യത്തിനുള്ള ചെലവുകൾ—ഇലക്ട്രോണിക്/ദൃശ്യമാധ്യമം

സർക്കാരിന്റെ നയപരിപാടികൾ, പദ്ധതികൾ, പരിപാടികൾ, തുടങ്ങിയവയെ കുറിച്ചും ബോധവത്കരണം സംബന്ധിച്ചും ഇലക്ട്രോണിക്/ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിലൂടെ പരസ്യംനൽകി വരുന്നതിലേക്ക് 2013-14 സാമ്പത്തികവർഷം 5 കോടിക്കു പുറമേ ചെലവ് വന്നിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 4,00,00,000 രൂപ കൂടി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2220-60-101-98—പ്രചരണ സാമഗ്രികൾ

ജനപഥം, കേരളകോളിങ്, ഫോൾഡർ, പോസ്റ്റർ, ലഘുലേഖകൾ എന്നീ പ്രചരണ സാമഗ്രികളുടെയും അച്ചടി, രൂപകൽപ്പന, വിതരണം തുടങ്ങിയവയുടെയും ചെലവിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 25,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-99—പരസ്യവും ദൃശ്യപ്രചരണവും

മാധ്യമങ്ങളിൽ കൊടുക്കുന്ന പരസ്യത്തിന്റെ അളവ് കുറയ്ക്കണമെന്നും സംസ്ഥാനമൊട്ടാകെ കൊടുക്കേണ്ട പരസ്യമാണെങ്കിൽ മാത്രം എല്ലാ ജില്ലകളിലും പ്രസിദ്ധീകരിച്ചാൽ മതിയെന്നും സമിതി അഭിപ്രായപ്പെടുകയും കഴിഞ്ഞ പത്തു വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് സംബന്ധിച്ച വിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുകയും ചെയ്തു.

പത്രസ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾക്കായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 5,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം

സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ പത്രപ്രവർത്തകർ ഒഴികെയുള്ള തസ്തികകളിൽ ജോലിചെയ്ത് വിരമിക്കുന്നവർക്ക് ക്ഷേമപദ്ധതി പ്രകാരമുള്ള തുക നൽകുന്നതിലേക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3,50,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-89—പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതി

ഈ പദ്ധതിക്കായി 2014-15-ലെ ബജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,00,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം 1993

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 35,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2220-60-800-97—പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി—സംഭാവന

അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും സാമ്പത്തികസഹായം നൽകുന്ന ക്ഷേമനിധി പദ്ധതിയിലേക്ക് സർക്കാർ വിഹിതമായി 2014-15 വർഷത്തെ ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 25,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-98-36—കേരള പ്രസ് അക്കാദമി ധനസഹായം—ശമ്പളേതരം

പ്രസ് അക്കാദമിയെ ദേശീയപ്രാധാന്യമുള്ള ഒരു സ്ഥാപനമാക്കി ഉയർത്തുന്ന നടപടി സംബന്ധിച്ച് ഗവർണ്ണർ നയപ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് അക്കാദമിയുടെ പദ്ധതികളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതത്തിനു പുറമെ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-99—പ്രസ് ക്ലബ്ബുകളിലെ പത്രപ്രവർത്തകരുടെ സംഘടനയ്ക്കുള്ള സഹായധനം

പത്രപ്രവർത്തകരുടെ സംഘടനകൾക്കും പ്രസ് ക്ലബ്ബുകൾക്കും സഹായം നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഇതിലേക്ക് 39,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

# ധനാഭ്യർത്ഥന നമ്പർ XXIV

2230-01-11—മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം

വിദേശത്തുനിന്നു മടങ്ങിവന്നവരുടെ പുനരധിവാസം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് സമിതി ആരാഞ്ഞു. വിദേശത്തുനിന്നും മടങ്ങി വന്നവരുടെ പുനരധിവാസത്തിനായി, നോർക്ക വകുപ്പ് ഒരു പദ്ധതി ഉണ്ടാക്കിയിരുന്നു വെന്നും ആ പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കഴിഞ്ഞു എന്നും സൗദി അറേബ്യയിൽ നിതാഖത്തുമായി ബന്ധപ്പെട്ട പ്രശ്നമുണ്ടായപ്പോൾ അതിനായി ഒരു പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുകയാണെന്നും നോർക്കാ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതിപ്രകാരം 20 ലക്ഷം രൂപ വരെയുള്ള പ്രോജക്ടാണെങ്കിൽ അതിന്റെ 10 ശതമാനം ഗവൺമെന്റ് ക്യാപ്പിറ്റൽ സബ്സിഡി നൽകുകയാണെന്നും ബാങ്കുമായി ലിങ്ക് ചെയ്താണ് ലോൺ ലഭ്യമാക്കുന്നതെന്നും വിദേശത്തുനിന്നും മടങ്ങിവന്നവരുടെ പുനരധിവാസത്തിനായി 50 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും 5 കോടി മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ സമിതിയെ അറിയിച്ചു.

നോർക്ക വകുപ്പ് നിലവിൽ നടപ്പാക്കിവരുന്ന പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ച 2000-ഓളം അപേക്ഷകർക്ക് മൂലധന സബ്സിഡി നൽകുന്നതിന് 20 കോടിയോളം രൂപയും സൗദിയിലെ നിതാഖത്ത് നിയമം ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്കരണം എന്നിവയുടെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിനുമായി നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 45,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-24—വിദേശരാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നവർക്കുള്ള ബോധവൽക്കരണം

നിലവിൽ പരിപാടിക്കായി ചെലവാക്കിവരുന്ന 25,000 രൂപ പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ ഒരു പരിപാടിയുടെ നടത്തിപ്പിന് 35,000 രൂപ നിരക്കിൽ തുക അനുവദിക്കേണ്ടിവരും എന്നത് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-39—നോർക്ക വകുപ്പിനു കീഴിലുള്ള സാന്ത്വന പദ്ധതി

ധനസഹായം 1-6-2013 മുതൽ വർദ്ധിപ്പിച്ചതിനാലും പദ്ധതി നടത്തിപ്പിനായി പ്രത്യേക സോഫ്റ്റ്വെയർ സ്ഥാപിച്ച സാഹചര്യത്തിലും പദ്ധതിയിലൂടെ കൂടുതൽ ധനസഹായം 2014-15 വർഷം വിതരണം ചെയ്യാനാകുന്നതാണ് എന്നും ഇതിനുപുറമെ സംസ്ഥാനതല അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ മുഖാന്തിരവും നേരിട്ടും അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നതായും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പദ്ധതിക്കായി നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ ഈ ശീർഷകത്തിൽ 2,10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-40— പ്രവാസി മലയാളികളുടെ നൈപുണ്യം മെച്ചപ്പെടുത്തലും പുനസംയോജന പരിശീലനവും

സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഐ.ടി.ഐ., പോളിടെക്നിക് എന്നിവ മുഖാന്തിരം കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനും, ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്നവർക്ക് വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖലകളിൽ ഭാവിയിൽ ആവശ്യമായിവരുന്ന കോഴ്സുകളിൽ പ്രത്യേക ലഘു കോഴ്സുകൾ ക്രമീകരിക്കുന്നതിനും വേണ്ടി അധികതുക വേണ്ടിവരുമെന്നതിനാൽ 1,00,00,000 രൂപ കൂടി ഇതിലേക്ക് അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-43—പ്രവാസി ക്ഷേമനിധി വിഹിതം

അംഗങ്ങളുടെ അംശദായത്തിന് ആനുപാതികമായ സർക്കാർ വിഹിതം അടയ്ക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 99,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ക്ഷേമനിധിയിലേക്ക് അംഗങ്ങൾ അടയ്ക്കുന്ന അംശദായത്തിലേക്ക് സർക്കാർ നൽകുന്ന വിഹിതം നിലവിലെ 2%-ത്തിൽ നിന്നും വർദ്ധിപ്പിക്കണമെന്നും പ്രസ്തുത വർദ്ധനവു വരുത്തുന്നതിനനുസരിച്ച് പെൻഷൻ തുകയും വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

2230-01-103-74— പ്രവാസി മലയാളികളെ അടിയന്തര സാഹചര്യത്തിൽ തിരിച്ചുകൊണ്ടു വരുന്നതിനുള്ള നിധി

ഗൾഫ് രാജ്യങ്ങളിലും മറ്റ് വിദേശ രാജ്യങ്ങളിലും നിലനിൽക്കുന്ന സ്വദേശിവൽക്കരണ നിയമങ്ങൾമൂലം കൂടുതൽ പ്രവാസി മലയാളികൾ മടങ്ങിവരേണ്ട സാഹചര്യങ്ങളുണ്ടായാൽ അത് നേരിടുന്നതിന് വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും 80,00,000 രൂപ കൂടി ഇതിലേക്ക് അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2230-01-103-81— സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശമലയാളികളെ ആകർഷിക്കൽ

വാർഷിക പദ്ധതി കുറിപ്പ് പ്രകാരമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 75,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4250-00-201-94—നോർക്ക സെന്റർ കെട്ടിടം നിർമ്മിക്കൽ

നോർക്ക സെന്റർ കെട്ടിടത്തിൽ ആഡിറ്റോറിയം നിർമ്മിക്കുന്നതിന് കുറഞ്ഞത് ഒരു കോടി രൂപ ആവശ്യമായതിനാൽ ഇതിലേക്കായി 75,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.35-ന് പിരിഞ്ഞു.

15

## 2014 ഫെബ്രുവരി 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതി 2014 ഫെബ്രുവരി മാസം 25-ാം തീയതി രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-ഡി സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. സി. ദിവാകരൻ
4. ശ്രീ. പി. സി. ജോർജ്
5. ശ്രീ. മാത്യു റ്റി. തോമസ്
6. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി & ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ കമ്മീഷൻ.
2. ശ്രീ. എൽ. രാധാകൃഷ്ണൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
3. ശ്രീ. ജ്യോതിലാൽ, സെക്രട്ടറി, പൊതു ഭരണവകുപ്പ്.
4. ഡോ. കെ. എസ്. ബാലസുബ്രഹ്മണ്യൻ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്.
5. ശ്രീ. റ്റി. പി. സെൻകുമാർ, ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ജയിൽ.
6. ശ്രീ. എം. എൻ. കൃഷ്ണമൂർത്തി, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഹെഡ്ക്വാർട്ടേഴ്സ്.

7. ശ്രീ. എസ്. അനന്തകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്.

8. ശ്രീ. പി. വിജയാനന്ദ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്.

9. ശ്രീ. ധർവേഷ് സാഹിബ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ഹെഡ്ക്വാർട്ടേഴ്സ്.

10. ശ്രീമതി വി. ശോഭ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

11. ശ്രീമതി പി. ഗീത, സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ.

12. ശ്രീ. പി. ചന്ദ്രശേഖരൻ, കമാന്റന്റ് ജനറൽ, ഫയർ & റസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ട്മെന്റ്.

13. ശ്രീ. കെ. ജി. ശിവദാസൻ, ചീഫ് കെമിക്കൽ എക്സാമിനർ.

14. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ.

15. ശ്രീ. കെ. പി. ചന്ദ്രമോഹൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള IV, XII, XIII, XIV, XVIII, XXV എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പു ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IV—തിരഞ്ഞെടുപ്പുകൾ

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും

2013-14 വർഷത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക പ്രതിഫലം ഫണ്ടിന്റെ അഭാവത്തിൽ നൽകാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനത്തിലുള്ള 15,40,22,000 രൂപയുടെ ബാദ്ധ്യത തീർക്കുന്നതിനും ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റ (Electoral Roll Management System)-ത്തിന് ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമുള്ള അധിക ചെലവുകൾക്കും ഈ ശീർഷകത്തിൽ 34,78,40,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-101-99—സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

02—വേതനം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ 2 പാർട്ട് ടൈം സ്വീപ്പർമാർക്കും, ദിവസവേതന അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്നവർക്കും വേതനം

നൽകുന്നതിനായി 2014-15-ലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 2,50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-109-99— പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തിരഞ്ഞെടുപ്പുകൾ നടത്തിപ്പ്

34—മറ്റ് ചെലവുകൾ

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2015-ലെ പൊതുതിരഞ്ഞെടുപ്പ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് നടത്തുന്നതിനും മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും വോട്ടർപ്പട്ടിക ഫോട്ടോ പതിച്ച് തയ്യാറാക്കുന്നതിനും കമ്മീഷൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം ഇതിന് പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും 2015-ലെ പൊതു തിരഞ്ഞെടുപ്പിന് ആവശ്യമായി വരുന്ന 40,000 മെഷീനുകളിൽ, 2014-15 വർഷം ഒന്നാം ഘട്ടമായി 18,000 മെഷീനുകൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 18,70,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

2055—പോലീസ്

2014 -15 വർഷത്തേക്ക് ഈ ശീർഷകത്തിലെ വിവിധ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും താഴെപ്പറയുന്ന ഓരോ കണക്കിനത്തിനോടൊപ്പം ചേർത്തിരിക്കുന്ന തുക ഓരോന്നിലും അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്—57,00,000 രൂപ

02—വേതനം—3,78,94,000 രൂപ

04-1—യാത്രാബത്ത—13,76,29,000 രൂപ

05-01—വെള്ളക്കരം—17,69,000 രൂപ

03—ടെലിഫോൺ ചാർജ്—1,05,45,000 രൂപ

05-4—മറ്റിനങ്ങൾ—1,60,09,000 രൂപ

12—സ്കോളർഷിപ്പും സ്റ്റൈപ്പന്റും—31,90,000 രൂപ

18—കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി—6,31,62,000 രൂപ

21-2—വാഹനങ്ങളുടെ അറ്റകുറ്റപ്പണി—80,81,000 രൂപ

34—മറ്റു ചെലവുകൾ—2,27,47,000 രൂപ

45—പി.ഒ.എൽ.—20,29,41,000 രൂപ

19—യന്ത്രോപകരണങ്ങൾ

ഈ ശീർഷകത്തിൽ 2014-15 വർഷത്തേക്ക് 2165.45 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 832.47 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും പോലീസുദ്യോഗസ്ഥരുടെ പരിശീലനത്തിനും കമാൻഡോ പരിശീലനത്തിനുമുള്ള ബുള്ളറ്റുകൾ വാങ്ങുന്നതിനും ഇന്ത്യാ റിസർവ് ബറ്റാലിയനിലേക്കും ഇതര ബറ്റാലിയനുകളിലേക്കും റിക്രൂട്ട്മെന്റ് പൂർത്തിയാക്കി ട്രെയിനിംഗ് നൽകുന്നതിനുള്ള ആയുധങ്ങൾ, വെടിക്കോപ്പുകൾ മുതലായവയും കൂടാതെ പോലീസ് ആശുപത്രികളിലെ ഉപകരണങ്ങൾ, ഫോറൻസിക് സയൻസ് ലാബിലേക്കുള്ള ഉപകരണങ്ങൾ, രാസപദാർത്ഥങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ശ്രീപത്മനാഭ സ്വാമിക്ഷേത്രം, ശബരിമല ക്ഷേത്രം തുടങ്ങിയവയുടെ സുരക്ഷയ്ക്ക് ഉപയോഗിക്കുന്ന ആധുനിക യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും വിനിയോഗിക്കേണ്ടത് ഈ ശീർഷകത്തിലെ പണമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആധുനിക യന്ത്രോപകരണങ്ങൾ സ്വായത്തമാക്കി പോലീസ് സേനയെ പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് സജ്ജമാക്കേണ്ടതുള്ളതിനാൽ ഇതിലേക്ക് 13,32,98,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—വാഹനങ്ങൾ വാങ്ങൽ

വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് 2014-15 സാമ്പത്തികവർഷം 5,56,81,000 രൂപ ആവശ്യപ്പെട്ടെങ്കിലും തുക ഒന്നും വകയിരുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി ക്രമസമാധാന പാലനത്തിൽ നേരിട്ട് ബന്ധപ്പെടാത്ത പോലീസ് യൂണിറ്റുകൾക്കും ഹെഡ്ക്വാർട്ടർ യൂണിറ്റുകൾക്കും വാഹനങ്ങൾ വാങ്ങുന്നതിനും വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുപകരമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 5,56,81,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4055-800-96—പോലീസ് ആസ്ഥാന മന്ദിര നിർമ്മാണം

കേരളാ പോലീസ് ആസ്ഥാന മന്ദിരം 13 നിലകളിലായി പണിപൂർത്തിയാക്കാൻ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ 7 നിലകൾ പൂർത്തിയാക്കി ഫണ്ടിന്റെ അഭാവത്തിൽ പണി നിർത്തിവെച്ചിരിക്കുകയാണ് എന്ന് സമിതി മനസ്സിലാക്കുകയും ഇതിന്റെ പണി ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതിന് നടപ്പുസാമ്പത്തികവർഷം 4,99,99,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

**ഇൻഫർമേഷൻ ടെക്നോളജി**

പോലീസ് ഡിപ്പാർട്ടുമെന്റിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ്‌വർക്കുകളുടെയും അറ്റകുറ്റപ്പണികൾക്കും 7000-ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് വാങ്ങി നൽകുന്നതിനുമായി 1,50,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**മോഡണൈസേഷൻ ഓഫ് പോലീസ് സ്കീം**

പോലീസ് സേനയുടെ നവീകരണത്തിനായി കേന്ദ്ര വിഹിതമായി 29.94 കോടി രൂപ "4055—Capital out lay on Police—211—Police Housing-97—Modernisation of Police Forces" എന്ന ഹെഡ്ഡിൽ സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റിലൂടെ ലഭിച്ചതിന് ആനുപാതികമായി സംസ്ഥാന വിഹിതമായ 19.96 കോടി രൂപ ലഭിക്കേണ്ടത് ലഭിച്ചിട്ടില്ലെന്നും പ്രസ്തുത തുക ബഡ്ജറ്റിലൂടെ ലഭിച്ചാൽ മാത്രമേ 2013-14 സാമ്പത്തിക വർഷത്തെ മോഡണൈസേഷൻ ഓഫ് പോലീസ് സ്കീം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നും സമിതി മനസ്സിലാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പ്ലാൻ ഹെഡിൽ സംസ്ഥാന വിഹിതമായ 19,96,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-98—<u>പോലീസ് വകുപ്പിന്റെ നവീകരണം—സംസ്ഥാന പ്ലാൻ പദ്ധതി</u>

ഈ പദ്ധതിയിൽ 1826.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചതിൽ 1800 ലക്ഷം രൂപയും ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനസ്സിൽ 863.10 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 550 ലക്ഷം രൂപയുമാണ് ലഭിച്ചതെന്ന് സമിതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. പദ്ധതി പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിലേക്കായി ബാക്കി തുകയായ 3,13,10,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ശബരിമലയിലും പമ്പയിലും പോലീസ് മെസ്സുകളുടെ നിർമ്മാണം**

ശബരിമലയിലെ പമ്പയിലും സന്നിധാനത്തും പുതിയ പോലീസ് മെസ്സുകൾ 3,40,85,282 രൂപ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്നതിന് കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ട് ജി.ഒ.(എംഎസ്.) 260/ആഭ്യന്തരം/2013 തീയതി 18-10-2013 പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്ക് കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ എക്സസ് തുക ഉൾപ്പെടെ 4,33,09,000 രൂപ ആവശ്യപ്പെട്ടത് നാളിതുവരെ ലഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം**

ശ്രീകാര്യം, കരമന, തുമ്പ, പൊൻമുടി, നെയ്യാറ്റിൻകര, എഴുകോൺ, തെൻമല, മൂഴിയാർ, പുളികീഴ്, പെരിനാട്, വിയ്യപുരം, അരൂർ, കുറത്തിക്കാട്, കരിയിലകുളങ്ങര, പള്ളിക്കത്തോട്, തലയോലപ്പറമ്പ്, ഉദയംപേരൂർ, തടിയിട്ടപറമ്പ്, തൃത്താല, എടക്കര, കരിപ്പൂർ, വാഴക്കാട്, ചോമ്പാല, കണ്ണവം എന്നീ 24 പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 7,20,00,000 രൂപ 4055-207-97-(01) എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കോട്ടയം ജില്ലാ പോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം**

കോട്ടയം ജില്ലാ പോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന് 3,67,00,000 രൂപ 4055-207-97-(01)—മേജർ വർക്സ് എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055 -00-101-98—എസ്.ബി.സി.ഐ.ഡി.

19—യന്ത്രോപകരണങ്ങൾ

ആന്റി നക്സൽ ഓപ്പറേഷൽ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 6.5 കോടി രൂപ ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 1,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XIII—ജയിലുകൾ

2056—ജയിലുകൾ

2013-2014 സാമ്പത്തികവർഷം ജയിൽ വകുപ്പിന് നോൺ പ്ലാൺ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായിരുന്നതിനാൽ ഏകദേശം 4 കോടി 20 ലക്ഷം രൂപയുടെ ബില്ലുകൾ പെൻഡിംഗിലുള്ളതിനാലും തടവുകാരുടെ എണ്ണത്തിലും വേതനം, ബാറ്റ, മരുന്നും ചികിത്സാ ചെലവും, ആഹാരസാധനങ്ങൾ ഉൾപ്പെടെയുള്ള ദൈനംദിന ചെലവിലും ഇന്ധനവിലയിലും ഉണ്ടായിട്ടുള്ള വർദ്ധനവും മറ്റും കണക്കാക്കുമ്പോഴും നിലവിലെ ബജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 7,61,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

**കൊല്ലം, പത്തനംതിട്ട ജില്ലാജയിലുകളിൽ പുതിയ ബ്ലോക്കു നിർമ്മാണം**

കൊല്ലം, പത്തനംതിട്ട ജില്ലാജയിലുകളിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 2,50,00,000 രൂപ കൂടി 4059-60-051-71 എന്ന ശീർഷകത്തിൽ അധികം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

2070-00-003-99—ഐ. എ. എസ്. പ്രൊബേഷൻകാരുടെ പരിശീലനം

ഐ. എ. എസ്. പ്രൊബേഷനേഴ്സിന്റെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് എൽ. ബി. എസ്. എൻ. എ. എ., സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഐ. എം. ജി. എന്നീ സ്ഥാപനങ്ങൾക്ക് അവർ ആവശ്യപ്പെടുന്നതിനനുസരിച്ചുള്ള തുക അനുവദിക്കേണ്ടതുണ്ട്. നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11,11,550 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷാ) വകുപ്പിന് 2014-15 സാമ്പത്തികവർഷം വേതനം, മറ്റ് ചെലവുകൾ, പി.ഒ.എൽ. എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 02—വേതനം ഇനത്തിൽ

1,75,000 രൂപയും 34—മറ്റു ചെലവുകൾ എന്ന ഇനത്തിൽ 1,48,50,000 രൂപയും പി.ഒ. എൽ. എന്ന ഇനത്തിൽ 1,60,000 രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർവാഹനങ്ങൾ—വാഹനം വാങ്ങൽ

ഔദ്യോഗിക ഭാഷാ വകുപ്പിന്റെ വാഹനം കണ്ടംചെയ്യുകയുണ്ടായതിനാൽ വകുപ്പിന് സ്വന്തമായൊരു വാഹനം നിലവിൽ ഇല്ല. ഔദ്യോഗിക ഭാഷാ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു സ്ഥിരം വാഹനം അത്യാവശ്യമായതിനാൽ സമിതിയുടെ 2013-14-ലെ ധനാഭ്യർത്ഥനാ റിപ്പോർട്ടിൽ സെക്രട്ടറിക്ക് ഒരു പുതിയ കാർ വാങ്ങുന്നതിലേക്ക് തുക അനുവദിക്കാൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുകയും ഇതിലേക്ക് വകുപ്പ് ആവശ്യപ്പെട്ട 9,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2070-00-119-99—മലയാളം ഔദ്യോഗിക ഭാഷയാക്കാനുള്ള കമ്മിറ്റി

1-1—യാത്രാബത്ത

ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന വിശിഷ്ടാതിഥികൾക്ക് ഓണറേറിയം, യാത്രാബത്ത എന്നിവ നൽകുന്നത് ഈ ശീർഷകത്തിൽ നിന്നുമാണെന്നും ഈ ഇനത്തിൽ നടപ്പുവർഷത്തെ ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 99,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനയുടെ പരിശോധനാ വേളയിൽ ബന്ധപ്പെട്ട സെക്രട്ടറി യോഗത്തിൽ പങ്കെടുക്കാതിരുന്നതിനുള്ള വിശദീകരണം സമിതിയുടെ 11-3-2014-ന് ചേരുന്ന യോഗത്തിൽ സമിതി മുമ്പാകെ നേരിട്ട് ഹാജരായി ബോധ്യപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിനും സമിതി തീരുമാനിച്ചു.

2070-00-104-99—വിജിലൻസ്

04-4—അവധി യാത്രാനുകൂല്യം

2014-15 വർഷത്തെ ചെലവുകൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-4—മറ്റിനങ്ങൾ

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും, ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും അധികതുക ആവശ്യമായിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

സ്പെഷ്യൽ സെൽ എറണാകുളം, പത്തനംതിട്ട, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ഓഫീസുകളുടെ കുടിശ്ശിക ഇനത്തിൽ 15,00,000 രൂപ നൽകാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

15—രഹസ്യസേവന ചെലവുകൾ

ഈ ശീർഷകത്തിൽ 2013-14 വർഷം 20,00,000 രൂപ ചെലവ് വന്നിട്ടുള്ള സ്ഥിതിക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലായെന്നു സമിതി മനസ്സിലാക്കുകയും 10,00,000 രൂപ കൂടി ഇതിലേക്ക് അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

34—മറ്റു ചെലവുകൾ

ഐ.എം.ജി.-ക്ക് 8,55,084 രൂപ നൽകാനുള്ളത് നൽകുന്നതിലേക്കും സ്റ്റേറ്റ് വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-37—എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

ഓഫീസ് കെട്ടിടത്തിന്റെ വാടക പ്രതിമാസം 20,000 രൂപയായി പുതുക്കി നിശ്ചയിക്കപ്പെട്ടതനുസരിച്ചുള്ള കെട്ടിട വാടകയും ജഡ്ജിയുടെ ഔദ്യോഗിക വസതിയുടെ വാടകയും കൂടി പ്രതിമാസം 30,000 രൂപ നിരക്കിൽ ആകെ 3,60,000 രൂപ വേണ്ടിവരുന്നു എന്നും ഇതുൾപ്പെടെയുള്ള വിവിധ ചെലവുകൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലായെന്നും മനസ്സിലാക്കിയ സമിതി 1,21,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-55—കേരള ലോകായുക്ത 1998

ഈ ശീർഷകത്തിൽ വേതനം, വൈദ്യുത ചെലവ് എന്നിവയിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 02—വേതനം ഇനത്തിൽ 1,34,000 രൂപയും 05-2—വൈദ്യുത ചെലവ് എന്ന ഇനത്തിൽ 2,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-4—മറ്റിനങ്ങൾ എന്നതിൽ 25,00,000 രൂപ ആവശ്യപ്പെട്ടതിൽ 5,24,000 രൂപ ആണ് അനുവദിച്ചിരിക്കുന്നതെന്നും കേരള ലോകായുക്ത കമ്പ്യൂട്ടർവൽക്കരിച്ചതിന്റെ കാലാവധി കഴിഞ്ഞതിനാൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നവീകരിക്കുന്നതിലേക്കായി 6,00,000 രൂപയും ജഡ്ജിയുടെ ഡയസ് നവീകരിക്കുന്നതിനായി 5,00,000 രൂപയും ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലെ 05-4—മറ്റിനങ്ങൾ എന്ന ഇനത്തിൽ പ്രസ്തുത ആവശ്യങ്ങളിലേക്കായി 11,00,000 രൂപ കൂടി അധികം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി എന്നീ ഇനത്തിൽ, 10-2-2014-ന് സ്ഥാനമേറ്റ ലോകായുക്തയ്ക്ക് ഔദ്യോഗിക വസതി അനുവദിക്കുമ്പോൾ ആയതിന്റെ വാടകയിനത്തിൽ 4,80,000 രൂപ ചെലവ് പ്രതീക്ഷി ക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 1,55,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ എന്ന ഇനത്തിൽ 2014-15 വർഷത്തേക്ക് 2,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഹൈക്കോടതിയിലെ ലോകായുക്തയുടെ സ്റ്റാന്റിംഗ് കൗൺസിലിനുമാത്രം വർഷം 78,000 രൂപ ആവശ്യമുണ്ടെന്നും ഈ സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 6,80,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2070-00-105-73—എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്

ഈ ശീർഷകത്തിൽ ശമ്പളം ഇനത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തിനു പുറമെ 3,25,000 രൂപയും 2014 മേയ് മാസത്തോടെ പുതുതായി സ്ഥാനമേൽക്കുന്ന സ്പെഷ്യൽ ജഡ്ജിയുടെ താമസത്തിനായുള്ള കെട്ടിടത്തിന് ഏതാണ്ട് 1,50,000 രൂപ വാടക പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത ഇനത്തിൽ 3,00,000 രൂപയും അധികമാവശ്യമുള്ളതായി സമിതി മനസ്സിലാക്കുകയും 01—ശമ്പളം, 06—വാടക, കരം, നികുതി എന്നീ ഇനങ്ങളിൽ യഥാക്രമം 3,25,000 രൂപയും 3,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2070-00-105-88—സ്പെഷ്യൽ ജഡ്ജി കൂടിയായ എൻക്വയറി കമ്മീഷണർ, തിരുവനന്തപുരം

99—വിവരസാങ്കേതിക വിദ്യ

കമ്പ്യൂട്ടറുകളുടെ വാർഷിക റിപ്പയറിംഗിനും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുമായി അധികതുക ആവശ്യമായതിനാൽ 95,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-105-32—സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്ന ജസ്റ്റീസ് ജി. ശിവരാജൻ (റിട്ട. ഹൈക്കോടതി ജഡ്ജ്) കമ്മീഷൻ ഓഫ് ഇൻക്വയറി

കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 2013-14 വർഷം ന്യൂ സർവ്വീസ് പ്രൊസീജിയർ മുഖേന 2070-105-32 എന്ന ശീർഷകത്തിൽ ടോക്കൺ തുകയായി 1,000 രൂപയും 12-2-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം 2013-14 വർഷം കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അധികതുകയായി 12,00,000 രൂപയും അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ 2014-15 വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. കമ്മീഷന്റെ പ്രവർത്തന കാലപരിധി നിശ്ചയിച്ചിട്ടുള്ളത് ആറ് മാസമാണെങ്കിലും കമ്മീഷൻ ആവശ്യപ്പെട്ട സ്റ്റാഫും അനുബന്ധ സൗകര്യങ്ങളും അനുവദിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിനാലും കമ്മീഷന്റെ സമയപരിധി വീണ്ടും നീട്ടിനൽകാൻ സാദ്ധ്യതയുണ്ടെന്ന വസ്തുത കണക്കിലെടുത്തും 50,00,000 രൂപ 2070-105-32 എന്ന ശീർഷകത്തിൽ 2014-15 വർഷത്തേക്ക് വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-99—അഗ്നി പ്രതിരോധവും നിയന്ത്രണവും—ഭരണവും നടത്തിപ്പും

05—ഓഫീസ് ചെലവുകൾ—4 മറ്റിനങ്ങൾ

സംസ്ഥാനത്തൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമും സുരക്ഷിതത്വത്തിനും വേണ്ട സാധനങ്ങൾ വാങ്ങുന്നതിന് 2006-നുശേഷം മതിയായ ഫണ്ട് ലഭ്യമായിട്ടില്ലെന്നും ഇതിലേക്ക് മതിയായ തുക അനുവദിക്കുന്നതിന് സമിതിയുടെ മുൻ റിപ്പോർട്ടുകളിൽ ശുപാർശ നൽകിയിട്ടും പര്യാപ്തമായ തുക അനുവദിച്ച് നൽകിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുകയും ഇതിലേക്ക് നടപ്പ് സാമ്പത്തികവർഷം തന്നെ 1,17,85,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

21—മോട്ടോർ വാഹനങ്ങൾ

01—വാഹനം വാങ്ങൽ

രക്ഷാപ്രവർത്തനം നടത്തുന്നതിന് ആധുനിക വാഹനങ്ങളും യന്ത്രസാമഗ്രികളും ആവശ്യമുണ്ട്. ഇവയുടെ അഭാവത്താൽ ഈ സേവനമേഖലയുടെ പ്രവർത്തനശേഷി കുറഞ്ഞുവരാൻ ഇടയാകരുതെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 106,31,00,000 രൂപ അനുവദിക്കുന്നതിനായി സമിതി മുൻ റിപ്പോർട്ടിൽ (2013-14) ശുപാർശ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത വർഷത്തിലോ തുടർന്നുള്ള 2014-15 വർഷത്തെ ബജറ്റിലോ ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാ എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഈ ശീർഷകത്തിൽ 106,32,00,000 രൂപ അനുവദിക്കണമെന്ന് വീണ്ടും ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും—ജില്ലാ ജീവനക്കാർ

ഈ ശീർഷകത്തിൽ താഴെപ്പറയും പ്രകാരം ഓരോ ഇനത്തിലും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികതുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുകയും ഈ ഇനത്തിൽ ആകെ 1,55,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

| | | |
|---|---|---|
| 02—വേതനം | .. | 10,00,000 രൂപ |
| 04—യാത്രാച്ചെലവുകൾ | .. | 75,00,000 രൂപ |
| 05-1—വെള്ളക്കരം | .. | 20,00,000 രൂപ |
| 17—ചെറുകിട മരാമത്ത് പണികൾ | .. | 25,00,000 രൂപ |
| 18—സംരക്ഷണം | .. | 25,00,000 രൂപ |
| ആകെ | .. | 1,55,00,000 രൂപ |

2070-00-108-97—പരിശീലനം

ഈ ശീർഷകത്തിൽ 2014-15 വർഷത്തെ ചെലവുകൾക്കായി വിവിധ ഇനങ്ങളിലായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി

ഓരോന്നിലും താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | | |
|---|---|---|
| 04—യാത്രാച്ചെലവുകൾ | .. | 2,00,000 രൂപ |
| 05—ഓഫീസ് ചെലവുകൾ: | | |
| (1) വെള്ളക്കരം | .. | 50,000 രൂപ |
| (2) വൈദ്യുത ചെലവ് | .. | 5,00,000 രൂപ |
| (3) ടെലിഫോൺ ചാർജ് | .. | 5,00,000 രൂപ |
| (4) മറ്റിനങ്ങൾ | .. | 25,00,000 രൂപ |
| 21—മോട്ടോർ വാഹനങ്ങൾ | .. | 2,50,000 രൂപ |
| 45—പി. ഒ. എൽ. | .. | 2,50,000 രൂപ |
| ആകെ | .. | 42,50,000 രൂപ |

കൂടാതെ വിയ്യൂർ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, ട്രെയിനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും, അക്കാദമിയിൽ ക്ലാസ്സ് എടുക്കുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നതിനുമായി "2070-108-97-34—മറ്റു ചെലവുകൾ" എന്ന ശീർഷകത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നു ശുപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

2070-00-108-96—<u>മറ്റു ചെലവുകൾ</u>

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-94—<u>അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം</u>

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും സ്വായത്തമാക്കി അഗ്നിശമനസേനയെ നവീകരിക്കുന്നതിനും, സുസജ്ജമാക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്ലാൻ ഇനത്തിൽ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-92—<u>അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ</u>

75% കേന്ദ്രസർക്കാരിന്റേയും 25% സംസ്ഥാന സർക്കാരിന്റേയും വിഹിതമുള്ള ഈ പദ്ധതിക്കായി 2012-13 സാമ്പത്തികവർഷം 2,63,67,000 രൂപ അനുവദിച്ചെങ്കിലും

ഭരണപരമായ കാലതാമസംമൂലം തുക ചെലവഴിക്കുന്നതിന് വകുപ്പിന് കഴിയാതെ പോയിട്ടുള്ളതായും ഇതേത്തുടർന്ന് 2013-14 സാമ്പത്തികവർഷം ഇതിൽ തുക വകയിരുത്താതെ വന്നപ്പോൾ പ്രസ്തുത വർഷത്തെ ധനാഭ്യർത്ഥനാ റിപ്പോർട്ടിൽ 2,63,67,000 രൂപ അനുവദിക്കുന്നതിനായി സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും നടപ്പുവർഷവും ഇതിലേക്ക് തുക ഒന്നുംതന്നെ അനുവദിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുകയുണ്ടായി. ഈ പദ്ധതിയുടെ തുടർ നടപടികൾക്കായി ഈ ശീർഷകത്തിൽ 2,63,67,000 രൂപ നടപ്പുവർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-91—അഗ്നിശമനസേനാ വകുപ്പിലുള്ള ആസ്തി പരിപാലനം—ആസ്തി പാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും, വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, വസ്തുവകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും അഗ്നിശമനസേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-90—ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നിപ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

വിഹിതം : ഇല്ല.

കേന്ദ്ര സർക്കാർ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 2011-12 സാമ്പത്തിക വർഷത്തിൽ 17,73,19,000 രൂപ അനുവദിച്ചതിൽ 4,05,74,775 രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 5,00,00,000 രൂപ അനുവദിച്ചതിൽ 20,03,750 രൂപയും മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നും ഭരണപരമായ കാലതാമസംമൂലം ബാക്കിത്തുക ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതിയിൽ റിപ്പോർട്ടു ചെയ്യപ്പെട്ടു. 2013-14 വർഷത്തിൽ ഉപധനാഭ്യർത്ഥനയിലൂടെ 2 കോടി രൂപ ഇതിലേക്ക് അനുവദിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി ബാക്കിനില്ക്കുന്ന 11,47,40,475 രൂപ കൂടി ഈ ശീർഷകത്തിൽ 2014-15 സാമ്പത്തികവർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2070-00-107-99—ഹോംഗാർഡ്സ്

ഹോംഗാർഡുകളുടെ എണ്ണം 3000-ത്തിൽ നിന്നും 5000 ആക്കി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നതിനാലും ഇവരുടെ ദിവസവേതനം 400 രൂപയാക്കി വർദ്ധിപ്പിച്ചതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും

20,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

ഫയർ ഫോഴ്സിന് വാങ്ങിയ രണ്ടു ഫയർ എഞ്ചിൻ വാഹനങ്ങൾ ഫ്ളാഗ് ഓഫ് ചെയ്ത സമയത്തുതന്നെ കേടായതു സംബന്ധിച്ച് നടത്തിയ എൻക്വയറിയുടെ വിവരം സമിതി ആരാഞ്ഞു. ഈ വിഷയത്തിൽ വിജിലൻസ് എൻക്വയറി നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് എടുത്തിട്ടുണ്ടെന്നും വിജിലൻസ് നിർദ്ദേശിച്ചതനുസരിച്ച് തുക റിക്കവർ ചെയ്യാനായി കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും സർക്കാർ റിക്കവറി നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച വിജിലൻസ് എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണെമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമിതി നിർദ്ദേശം നൽകി.

## ധനാഭ്യർത്ഥന XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

2210-06-107-97—<u>രാസപദാർത്ഥ പരിശോധനശാല</u>

ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

2225-04-001-99—<u>ന്യൂനപക്ഷ ക്ഷേമം—ഭരണവും നടത്തിപ്പും</u>

ഈ ശീർഷകത്തിൽ 04-1—യാത്രാബത്ത, 05-4—മറ്റിനങ്ങൾ എന്നിവയിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിൽ യഥാക്രമം 60,000 രൂപയും 2,00,000 രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-102-94—<u>ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരെ ഉൾപ്പെടുത്തൽ</u>

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾ ജനങ്ങളിൽ എത്തിക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും 4,000 രൂപ നിരക്കിൽ പ്രതിമാസം ഓണറേറിയം വ്യവസ്ഥയിൽ പ്രൊമോട്ടർമാരായി നിയമിക്കപ്പെട്ടവർക്ക് ഓണറേറിയം നൽകുന്നതിലേക്ക് ഈ വർഷം ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് മനസ്സിലാക്കിയ സമിതി ഈ ഇനത്തിൽ വകുപ്പ് ആവശ്യപ്പെട്ട 5,00,00,000 രൂപയിൽ ടോക്കൺ പ്രൊവിഷനായി അനുവദിച്ച തുക കിഴിച്ച് ബാക്കി 4,99,99,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-102-91—<u>കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ</u>

31—<u>സഹായധനം—ശമ്പളം</u>

കമ്മീഷനിലെ നിലവിലെ ജീവനക്കാർക്കുപുറമെ ഒരു പി. എ, 2 ജൂനിയർ അസിസ്റ്റന്റുമാർ, 2 അറ്റന്റന്റ്-കം-ഡ്രൈവർമാർ എന്നീ തസ്തികകളിലേക്ക് ആളുകളെ

കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്ന സാഹചര്യത്തിൽ ഇതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബജറ്റ് വിഹിതം തീരെ പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുകയും 1,20,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

36—സഹായധനം—ശമ്പളേതരം

കമ്മീഷന്റെ പ്രവർത്തനം ആരംഭഘട്ടത്തിലായതിനാൽ ഭൗതികസൗകര്യം ഒരുക്കേണ്ടതുള്ളതിനാലും മെമ്പർമാരുടെ ഉപയോഗത്തിനായി വാഹനം വാങ്ങുന്നതിനും കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ സിറ്റിംഗും സന്ദർശന ബോധവൽക്കരണ ക്യാമ്പുകളും നടത്തേണ്ടതുള്ളതിനാലും ഈ ശീർഷകത്തിൽ അനുവദിക്കപ്പെട്ട തുക തികച്ചും അപര്യാപ്തമാണെന്നു കാണുന്നതിനാൽ 1,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-102-92— ജസ്റ്റിസ് സച്ചാർ കമ്മിറ്റിയുടെ ശുപാർശകളിന്മേലുള്ള പദ്ധതികളുടെ നടപ്പിലാക്കൽ

34—മറ്റു ചെലവുകൾ

സംസ്ഥാനത്ത് ഇപ്പോൾ മുസ്ലീം യുവജനതയ്ക്കായി 16 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ പരിശീലന കേന്ദ്രങ്ങളുടെ കീഴിൽ ജില്ലകൾതോറും നാല് വീതം ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പരിപാടിയുള്ളതിനാൽ ഈ പരിശീലന കേന്ദ്രത്തിലെ അദ്ധ്യാപകർക്ക് ഓണറേറിയം നൽകുന്നതിന് കൂടുതൽ തുക ആവശ്യമുണ്ട് എന്ന് മനസ്സിലാക്കിയ സമിതി 2,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-102-93—ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി

പാലൊളി കമ്മിറ്റി റിപ്പോർട്ടിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാനായി നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ ബ്ലോക്കുകളിലും പ്രദേശങ്ങളിലും കുഴൽക്കിണർ കുഴിക്കുക, നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ വിതരണസംവിധാനം ദീർഘിപ്പിക്കൽ, പുതിയ ജലസംഭരണികൾ സ്ഥാപിക്കുക, ബൂസ്റ്റിംഗ് അപ് എന്നിവ വഴി ഒരു പരിധിവരെയെങ്കിലും കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സാധ്യമാകുമെന്നും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് പതിമൂന്ന് കോടി രൂപ വേണ്ടിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്ക് ഈ ശീർഷകത്തിൽ ബാക്കി 5,20,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-277-96— സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾ പഠിക്കുന്നതിനുള്ള സ്കോളർഷിപ്പ്

സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾ പഠിക്കുന്നതിന് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന കൂടുതൽപേർ കടന്നുവരുന്നുണ്ട്. ഇവരെ

പ്രോത്സാഹിപ്പിക്കുന്നതിന് പാവപ്പെട്ടവർക്ക് സ്കോളർഷിപ്പ് കൂടുതൽ അനുവദിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2225-04-277-94— ദ്വിവൽസര ഐ.ടി.സി. കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്—റീഇംബേഴ്സ് ചെയ്യൽ

നൈപുണ്യ പരിശീലനം കൂടുതൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,20,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-04-283-99—ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾക്ക് ഭവന പദ്ധതി

വിവാഹമോചിതരും വിധവകളും നിർദ്ധനരുമായിട്ടുള്ള കേരളത്തിലെ 1250 ന്യൂനപക്ഷ വനിതകൾക്കെങ്കിലും വീട് നൽകുന്നതിന് പ്രതിവർഷം ഒരു വീടിന് രണ്ട് ലക്ഷം രൂപ ധനസഹായം എന്ന കണക്കിൽ കുറഞ്ഞത് ഇരുപത്തി അഞ്ച് കോടി രൂപ ആവശ്യമായി വരും എന്ന് സമിതി വിലയിരുത്തുകയും ഇതിലേക്ക് നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 20,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

4225-04-190-99— കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനം

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ കാപ്പിറ്റലായി 2013-14 സാമ്പത്തികവർഷം അനുവദിച്ച 840 ലക്ഷം രൂപയും ഇപ്പോൾ അനുവദിച്ച തുകയും കൂടി കൂട്ടിയാൽ കഷ്ടിച്ചുമാത്രം പ്രവർത്തിക്കാവുന്ന അവസ്ഥയിലാണ് കോർപ്പറേഷനെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. നിതാഖത്ത്മൂലം സംസ്ഥാനത്ത് തിരിച്ചെത്തിയവർ സ്വയംതൊഴിലിനായും വ്യവസായ സംരംഭകരായും രംഗത്ത് വരുന്നതിന് ലോൺ തേടി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനെ സമീപിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ കൂടുതൽതുക അനിവാര്യമാണെന്നും സമിതി മനസ്സിലാക്കുകയും നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 25,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

**മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി, നിക്ഷേപത്തിന്മേൽ പലിശ നഷ്ടത്തിനുള്ള നഷ്ടപരിഹാരം**

സംസ്ഥാനത്ത് ഗവൺമെന്റ് കേരള മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിക്ക് മൂന്ന് വർഷം മുൻപ് അനുവദിച്ചിരുന്ന 10 കോടി രൂപ സഹകരണ ബാങ്കിൽനിന്നും

പിൻവലിച്ച് കോഴിക്കോട് ട്രഷറിയിൽ പലിശരഹിത നിക്ഷേപമാക്കിയിട്ടുണ്ട്. കോർപ്പസ് ഫണ്ടിന്റെ വാർഷിക വർദ്ധനവുകൂടി പരിഗണിച്ചുകൊണ്ട് ആനുപാതികമായ തുക സർക്കാർ സഹായധനമായി ഇതിലേക്ക് അനുവദിക്കേണ്ടതായുള്ളതിനാൽ ഈ ഇനത്തിൽ 3,50,00,000 രൂപ ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11.35-ന് പിരിഞ്ഞു.

## 2014 മാർച്ച് 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 മാർച്ച് 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ.
3. ശ്രീ. മാത്യു റ്റി. തോമസ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി 25-2-2014-ന് ചേർന്ന സമിതിയോഗത്തിൽ ഔദ്യോഗികഭാഷയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരോ ഹാജരാകാതിരുന്നത് സംബന്ധിച്ച് പ്രസ്തുത ഗവൺമെന്റ് സെക്രട്ടറിയോട് 11-3-2014-ലെ യോഗത്തിൽ സമിതി മുമ്പാകെ ഹാജരായി വിശദീകരണം നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ വകുപ്പ് സെക്രട്ടറിക്ക് സുഖമില്ലാത്തതിനാൽ പ്രസ്തുത യോഗത്തിൽ ഹാജരാകാൻ സാധിക്കുകയില്ലെന്ന് അദ്ദേഹത്തിന്റെ ഓഫീസിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടതിനാൽ വിശദീകരണം എഴുതി സമർപ്പിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് സമിതി നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

തുടർന്ന് സമിതി 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം രാവിലെ 10.45-ന് പിരിഞ്ഞു.